UNIVERSITY LIBRARY 29 JAN 1928 MADRAS

# ഗുരുനാഥൻ.

പുസ്തകം 7. | 1103 വൃശ്ചികം | ലക്കം 4

## സ്വാതന്ത്ര്യം

(ആർ. ഈശ്വരപിള്ള ബി. എ.)

മനുഷ്യർ ജീവിതത്തിൽ സ്വാതന്ത്ര്യത്തെപ്പോലെ കാംക്ഷിക്കുന്ന മറ്റുയാതൊരു വസ്തുവും ഉണ്ടോ എന്നുള്ളതു സംശയമാണ്. എന്നാൽ മനുഷ്യന് ഇന്ന് ഇത്രത്തോളം ദൌല്ലഭ്യമായ വസ്തുവും മറ്റേതെങ്കിലും ഉണ്ടോ എന്നും നിശ്ചയമില്ല. മനുഷ്യൻ ഭൂമിയിൽ ജനിക്കുന്നതുതന്നെ അസ്വതന്ത്രനായിട്ടാണ്. ജീവിതത്തിന്റെ ഓരോ ഘട്ടവും സൂക്ഷ്മബുദ്ധ്യാ വീക്ഷിക്കുന്നതായാൽ യഥാർത്ഥസ്വാതന്ത്ര്യം ഒന്നിലുംതന്നെ ഉള്ളതായി കാണുകയില്ല. ഇന്നു വ്യക്തികളും സമുദായങ്ങളും രാഷ്ട്രങ്ങളും സദാ സ്വാതന്ത്ര്യത്തിനുവേണ്ടി യത്നിച്ചുകൊണ്ടിരിക്കയാണ്. ഇതിൽനിന്നും ഇതേവരെ ആ വിലയേറിയ അനുഗ്രഹം നമുക്കു പൂർണ്ണമായി ലഭിച്ചിട്ടില്ലെന്നു വെളിപ്പെടുന്നുണ്ടല്ലോ. നാം ഇപ്പോൾ വല്ല സ്വാതന്ത്ര്യവും അനുഭവിക്കുന്നുണ്ടെങ്കിൽ അതു് ആശാരൂപത്തിൽ മാത്രമാണ്. ഇന്നല്ലെങ്കിൽ നാളെ നമുക്കു പൂർണ്ണസ്വാതന്ത്ര്യം ലഭിക്കുമെന്നാണു നമ്മുടെ വിശ്വാസം. എന്നാൽ ഇന്നും നാളെയും വരികയും പോകയും ചെയ്യുന്നതല്ലാതെ അവയോടുകൂടി നാം പ്രതീക്ഷിക്കുന്ന പൂർണ്ണസ്വാതന്ത്ര്യം അദ്യാപി വന്നു കാണുന്നില്ല. നാം സ്വാതന്ത്ര്യവിഷയത്തിൽ എന്നും ഒരു സ്വപ്നരാജ്യത്തിൽ തന്നെ നിവസിക്കയാണു ചെയ്യുന്നതു് എന്നു തോന്നുന്നു. എന്നാൽ നമ്മിൽ പലരും നമുക്കു പൂർണ്ണസ്വാതന്ത്ര്യം ഉണ്ടെന്നു വിചാരിക്കയും നടിക്കയും പറകയും ചെയ്യുന്നുണ്ടെന്നുള്ളതിനു തർക്കമില്ല. ഇതു് അതിന്റെ നിഴലോ മറ്റോ ആയിരിക്കാം. പക്ഷേ, ഇതിലധികം സ്വാതന്ത്ര്യം ഈ സൂര്യാധീനഗോളത്തിൽ നമുക്കു ലഭിക്കാൻ സാദ്ധ്യമല്ലാതേയും ഇരിക്കാം. ഈ അഭിപ്രായത്തിനു ഞാൻ എതൃവാദം പ്രതീക്ഷിക്കാതിരിക്കുന്നില്ല. എന്നാൽ ഒന്നു ചോദിക്കാനുള്ളതു് ആരാണു യഥാർത്ഥസ്വാതന്ത്ര്യം അനുഭവിക്കുന്നതു് എന്നാണ് ബാലനോ—യുവാവോ—വൃദ്ധനോ? യാചകനോ—ദരിദ്രനോ—ധനവാനോ? തൊഴിലാളിയോ—വ്യാപാരിയോ—ഉദ്യോഗസ്ഥനോ? രാജാവോ—പ്രഭുവോ—പ്രജയോ? ആലോചിച്ചുനോക്കിയാൽ ഇവരെല്ലാവരും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ പര

തന്ത്രന്മാരാണെന്ന് അറിയാവുന്നതാണ്. സ്വാതന്ത്ര്യത്തിന്റെ പ്രത്യക്ഷമൂർത്തികളെന്നു വിചാരിക്കപ്പെടുന്ന രാജാക്കന്മാരേയും പ്രഭുക്കന്മാരേയും ധനികന്മാരേയും ഉദ്യോഗസ്ഥന്മാരേയുംതന്നെ നോക്കുക. വല്ല മേൽകോയ്മയുമുണ്ടെങ്കിൽ അവർ കൊട്ടുന്ന താളത്തിന് ഇവർ തുള്ളണം; ശത്രുരാജാക്കന്മാരെ ഭയപ്പെടണം; പ്രജകളുടെ ഹിതം ദീക്ഷിക്കണം; സേവന്മാരുണ്ടെങ്കിൽ—ഇല്ലാതെ വരുന്നതപൂർവ്വമാണ്—അവരെ സന്തോഷിപ്പിക്കണം. പുറമേക്കിറങ്ങണമെങ്കിൽ പരാശ്രയം വേണം. എല്ലാം പാരതന്ത്ര്യംതന്നെ. പ്രഭുക്കന്മാരുടേയും ഗതി സ്വഭാവത്തിൽ ഇതുതന്നെയാണ്. കൂടുതൽ കുറവുണ്ടെന്നേയുള്ളു. ധനവന്മാരെ നോക്കാം. ഇവരുടെ സ്ഥിതി ദയനീയംതന്നെ. മററുള്ളവർ പക്ഷെ മനുഷ്യദാസന്മാർ മാത്രമായേക്കാം. ധനവാൻ ഒരു ജഡപദാർത്ഥത്തിന്റെ അടിമയും താക്കോൽക്കാരനുമാണ്. ചിലപ്പോൾ ധനത്തിനു സഹജമായ ദുർവൃത്തികളും ഭയത്തിനും അധീനന്മാരായി എന്നും വരുന്നേക്കാം. ഏതായാലും സ്വാതന്ത്ര്യം ഇല്ല എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ഉദ്യോഗസ്ഥന്മാരാണെങ്കിൽ ഇവർ പ്രമാണപ്രകാരം പൊതുജനദാസന്മാരാണ്. എന്നാൽ ഭാവം അങ്ങിനെയല്ലല്ലോ. അതിരിക്കട്ടെ; ഇവർ ആരുടെയെല്ലാം മേളത്തിനു കൂത്താടണം. ഈ ദാസ്യതയെ മറയ്ക്കുന്നതിനു ;വലിയ ഉദ്യോഗനാമങ്ങളും ആഡംബരങ്ങളും കല്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവ പലപ്പോഴും ദാസ്യത്തിന്റെ സാന്നിദ്ധ്യത്തെ ഓർമ്മപ്പെടുത്താതിരിക്കുന്നില്ല. ഇതുപോലെതന്നെ തൊഴിലാളികൾ മുതലാളികളുടെ ദാസന്മാരാണ്. ഏതു തരത്തിലുള്ളവരേയും നോക്കിയാൽ യഥാർത്ഥത്തിൽ അസ്വതന്ത്രന്മാരായിതന്നെ കാണപ്പെടുന്നു. ബാലന്മാരുടേയും വൃദ്ധന്മാരുടേയും കഥ പറയേണ്ടതില്ല. വല്ല സ്വാതന്ത്ര്യവും ഉണ്ടെങ്കിൽ അതിനെ രാഷ്ട്രീയങ്ങളോ സാമുദായികങ്ങളോ മതസംബന്ധങ്ങളോ ആയ നിയമങ്ങൾ ഏറെക്കുറെ തടയുന്നുമുണ്ട്. ചിന്താസ്വാതന്ത്ര്യം ഉണ്ടോ എന്നു നോക്കുന്നതായാൽ അതു വെളിപ്പെടുത്താതിരിക്കുന്നിടത്തോളം, സാദ്ധ്യമല്ലാത്തതിനാൽ അതിനെ ആരും തടയുവാനൊരുങ്ങുമോ എന്നു തോന്നുന്നില്ല. എന്നാൽ ശബ്ദരൂപേണയോ ലേഖനമാർഗ്ഗേണയോ വരുമ്പോൾ നിയമവുമായിട്ടു കുശലപ്രശ്നം ചെയ്യേണ്ടിവരുന്നു. ചിലപ്പോൾ അല്പം മുഷ്ടിയുദ്ധവും ഉണ്ടായേക്കാം. ഇപ്പോൾ യൂറോപ്പിൽ പല രാജ്യങ്ങൾക്കും സ്വാതന്ത്ര്യം ലഭിച്ചിട്ടുള്ളതായി പറയപ്പെടുന്നുണ്ട്. പക്ഷെ അവയ്ക്കു വല്ല അവയവങ്ങളേയും അനക്കണമെങ്കിൽ "സർവ്വരാജ്യസഖ്യ"ത്തിന്റെ അനുവാദം വേണമത്രേ! രാജ്യങ്ങൾക്കു പൊതുവെ സ്വാതന്ത്ര്യം ലഭിച്ചാലും ജനങ്ങൾക്കു പല ആഭ്യന്തരനിയമങ്ങൾമൂലം സ്വാതന്ത്ര്യവിഘ്നം നേരിടുന്നു. എന്നിരുന്നാലും മനുഷ്യനു സ്വാതന്ത്ര്യബുദ്ധി ജന്മസിദ്ധവും സ്വഭാവമൂലവും ആയതിനാൽ അതിനെ നിരോധിക്കാമെങ്കിലും നിശ്ശേഷം ഹനിക്കാൻ ഒരു ശക്തിക്കും സുസാദ്ധ്യമല്ല. അതിനെ ത

ല്പകാലം അമർത്തിവെയ്ക്കുന്നതായാലും അതു പിന്നേയും അഭൂതപൂർവ്വമായ ശക്തിയോടുകൂടി അഭ്യുത്ഥാനം ചെയ്യുന്നു. ഇതാണ് ഇന്നു സർവ്വത്ര സ്വാതന്ത്ര്യാർത്ഥം ജനങ്ങൾ സമരം ചെയ്തുവരുന്നതിന്റെ രഹസ്യം. പണിമുടക്കം, സത്യാഗ്രഹം, സഹനരൂപമായ നിരോധനം, നിയമലംഘനം, നായർ ഭാഗനിയമം മുതലായവ ഈ സമരത്തിന്റെ രൂപാന്തരങ്ങൾ മാത്രമാണ്. ജാതിവിഭജനം നിമിത്തമുണ്ടായിട്ടുള്ള അസ്വാതന്ത്ര്യത്തെ ദൂരീകരിക്കുവാനും ഇവിടേയും അവർണ്ണസവർണ്ണസമരം നടക്കുന്നുണ്ട്. ദക്ഷിണആഫ്രിക്കയിലും വർണ്ണവ്യത്യാസത്തെ അടിസ്ഥാനപ്പെടുത്തി സൃഷ്ടിച്ചിട്ടുള്ള നിയമങ്ങളോടു നിരായുധസമരം ആരംഭിച്ചിട്ടുണ്ട്. ഉത്തരഅമേരിക്കയിലും സിതാസിതവർണ്ണക്കാർ തമ്മിൽ ഒരുവിധം മത്സരം നടക്കുന്നുണ്ട്. ചൈന, ഇന്ത്യ മുതലായ പൌരസ്ത്യരാജ്യങ്ങളിലും അവരുടെ ഗളനിബദ്ധങ്ങളായ യുഗങ്ങളെ ദൂരീകരിക്കുന്നതിന്ന് ഏറെക്കുറെ പ്രയത്നങ്ങൾ നടക്കുന്നുണ്ട്. എന്നുവേണ്ട കുറച്ചു കാലം മുമ്പു യൂറോപ്പിലുണ്ടായ മഹായുദ്ധത്തിനുശേഷം ലോകത്തിൽ എവിടേയും സ്വാതന്ത്ര്യലോഭസൂചകമായ ഒരു മത്സരം ആരംഭിച്ചു വർത്തിച്ചുവരുന്നുണ്ട്. ഈ ഘോരദാവാനലൻ സംഖ്യാതീതങ്ങളായ നാശങ്ങൾ ചെയ്തു എങ്കിലും ഈ ദഹനശിഖാദഗ്ദ്ധശേഷങ്ങളായ രാജ്യങ്ങൾ പൂർവ്വാധികം സ്വാതന്ത്ര്യബീജപ്രരോഹജന്യങ്ങളായി ഭവിച്ചു എന്നുള്ള ഒരു വലിയ ഗുണം ഇതിന്റെ ഫലമായി മനുഷ്യർക്കു സിദ്ധിച്ചു. അതു മനുഷ്യനിൽ വ്യക്തിപരവും, വർഗ്ഗീയവും, രാഷ്ട്രീയവുമായ ബോധവും സർവ്വപരമായ ചിന്തയും നവീനവും സ്വതസ്സിദ്ധവുമായ ലോകാവലോകനശക്തിയും ഉല്ലാസിപ്പിക്കുകയും ഉത്തേജിപ്പിക്കുകയും ചെയ്തു. എന്നാൽ വ്യക്തികൾക്കാകട്ടെ, വർഗ്ഗങ്ങൾക്കാകട്ടെ, രാജ്യങ്ങൾക്കാകട്ടെ ഇതുവരെയും പറയത്തക്ക സ്വാതന്ത്ര്യം എങ്ങും ലഭിച്ചതായി കാണുന്നില്ല. ഇതിനുള്ള കാരണം "ബലംതന്നെ നീതി"യെന്നുള്ള പഴയ പ്രമാണം പ്രസംഗത്തിലല്ലാതെ വ്യക്തിയോ രാഷ്ട്രമോ ഒന്നുംതന്നെ ഇന്നേവരെയ്ക്കും യഥാർത്ഥത്തിൽ ഉപേക്ഷിച്ചിട്ടില്ലെന്നുള്ളതുതന്നെയാണ്. "നീതി" എന്നോ "നയ"മെന്നോ ഒക്കെ ഘോഷിക്കുന്നതു് ആകർഷണീയമായ വർണ്ണവും രൂപവും നൽകപ്പെട്ടിട്ടുള്ള സ്വാർത്ഥംതന്നെയാണ്. വ്യക്തിക്കോ രാജ്യത്തിന്നോ എന്നെങ്കിലും യഥാർത്ഥസ്വാതന്ത്ര്യം ലഭിക്കുമെന്ന് ആശിക്കാൻ ഇന്നത്തെ സ്ഥിതിയ്ക്കു് അല്പമെങ്കിലും വഴി കാണുന്നില്ല. മനുഷ്യരുടെ സമാവസ്ഥയിലേ ഇതു സാധിക്കയുള്ളു എന്നാണു തോന്നുന്നതു്. അസമത്വംകൊണ്ടു നിറഞ്ഞിരിക്കുന്ന ഈ ലോകത്തിൽ "സമത്വം" അവതരിക്കുന്ന ആ സുവർണ്ണകാലം എന്നാണാവോ വരാൻപോകുന്നതു്?

എന്നാൽ ഇന്നു നമുക്കൊക്കുംതന്നെ സ്വാതന്ത്ര്യം ഇല്ലയോ എന്നു പലരും ചോദിച്ചേക്കാം. ഇല്ലെന്നു ഞാൻ തീർച്ചപറയുന്നില്ല. നമുക്കൊരുവിധം സ്വാതന്ത്ര്യമുണ്ട്; അതു പാരതന്ത്ര്യത്തിന്റെ ന്യൂനാതിരേകം മാത്രമാ

ണെന്നു പറയാതെയും കഴികയില്ല. വാസ്തവത്തിൽ സ്വാതന്ത്ര്യം എന്നുള്ളതു് അപ്രാപ്യമായ ഒരു ആദർശമൊ കേവലം ഒരു സ്വപ്നമൊ മാത്രമാണെന്നു വേണം പറയാൻ. അതു യഥാർത്ഥത്തിൽ ഒരു മൃഗതൃഷ്ണയെപ്പോലെയാണിരിക്കുന്നതു്. നാം അടുത്തടുത്തു ചെല്ലുംതോറും അതു പിടികൊടുക്കാതെ അകന്നകന്നു പോകുന്നു. ഇന്നു പൂർണ്ണസ്വാതന്ത്ര്യം ആർക്കെങ്കിലും ഉണ്ടോ എന്നും മനുഷ്യരായ നമുക്കതു ഭാവിയിലെങ്കിലും ലഭിക്കുമോ എന്നും വിചാരിപ്പാൻ വഴി കാണുന്നില്ല. നാം എല്ലാവരും ഇന്നു വല്ല നിയമങ്ങൾക്കൊ, ആചാരങ്ങൾക്കൊ, അന്യന്മാർക്കൊ അധീനന്മാരായിട്ടാണു വർത്തിക്കുന്നതു്. നമ്മുടെ പ്രവൃത്തികളും ചിന്തകളും വാക്കുകളും ഏറെക്കുറെ നിയന്ത്രിതങ്ങളായിത്തന്നെ ഇരിക്കുന്നു. നാം ഇന്നു വല്ല സ്വാതന്ത്ര്യവും അനുഭവിക്കുന്നുണ്ടെങ്കിൽ അതു് ഒരു പരിമിതപരിധിക്കുള്ളിൽ മാത്രമാണു്. അതിനു പുറത്തേക്കു് അല്പംപോലും കവിഞ്ഞു് ഒരു ചുവടും വെക്കാൻ സാദ്ധ്യമല്ല. അടിമവ്യാപാരം ലോകമൊട്ടുക്കു നിറുത്തപ്പെട്ടുവെന്നാണു പറയപ്പെടുന്നതു്. വാസ്തവത്തിൽ ഒരു വേഷഭേദം മാത്രമെ ഉണ്ടായിട്ടുള്ളുവെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഇന്നു ലോകത്തിന്റെ നാനാഭാഗങ്ങളിലും എത്രയോ ജനങ്ങൾ നാമത്തിൽ അല്ലെങ്കിലും കാര്യത്തിൽ അടിമകളായി കഴിച്ചുകൂട്ടേണ്ടിയിരിക്കുന്നു. ലഹരിപദാർത്ഥത്തിന്നടിമകളായി ചിലർ; ദുർവൃത്തികൾക്കടിമകളായി ചിലർ; ദുരാഗ്രഹം ദുർവ്വികാരം ഇവകൾക്കടിമകളായി ചിലർ; ഇതൊന്നും കൂടാതെ ധനവാന്മാർക്കും ബലവാന്മാർക്കും അധികാരസ്ഥന്മാർക്കും അടിമകളായി ഒട്ടനേകം പേർ; "ലോകം ദാസ്യഹതം ച സമസ്തം" എന്നുതന്നെ പറയാം. ചുരുക്കത്തിൽ നാമെല്ലാവരും വിലങ്ങില്ലാത്ത തടവുകാരുതന്നെയാണു്. എന്നാൽ മിക്കവരും ഇതു ചിരപരിചയംകൊണ്ടു ചിന്തിക്കയൊ അറിയുകയൊ ചെയ്യുന്നില്ല. ഇതൊരുവിധം ആശ്വാസജനകമാണു്. അജ്ഞാനം ഒരുവിധം സുഖകരമായിരിക്കുന്ന ദിക്കിൽ ജ്ഞാനോപദേശം അസ്ഥാനത്തിലാണെന്നു പറയപ്പെട്ടിട്ടുണ്ടു്. ഹിന്ദുശാസ്ത്രപ്രകാരം മനുഷ്യരെല്ലാവരും "സ്വകർമ്മസൂത്രഗ്രഥിതന്മാരും" തന്മൂലം പരതന്ത്രന്മാരുമാണല്ലോ. ഇതെല്ലാംകൊണ്ടും പൂർണ്ണസ്വാതന്ത്ര്യം ലോകത്തിൽ ആർക്കെങ്കിലും ഉണ്ടെന്നുപറവാൻ തരമില്ല. നാം ഇന്നു സ്വാതന്ത്ര്യം എന്നു പറയുന്നതു് ഒരു ചെറിയ വൃത്തത്തിൽ ചരിക്കുന്നതിനുള്ള അവകാശം മാത്രമാണെന്നു മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ. അവിടെയും പാരതന്ത്ര്യം ഇടയ്ക്കിടക്കു കൈകടത്തുന്നതാണു നമുക്കു ദുസ്സഹമായിത്തീരുന്നതു്. സ്വാതന്ത്ര്യം മനുഷ്യനു ജന്മസിദ്ധമായ ഒരവകാശമാണെന്നു വരുകിലും രാഷ്ട്രവും സമുദായവും മതവും മററും അതു് അനുവദിച്ചുതരുന്നുണ്ടോ എന്നു സംശയമാണു്. എന്നിരുന്നാലും അതിനുവേണ്ടി തീവ്രയത്നം ചെയ്യാതെ കഴികയില്ല. നാം ഇപ്പോൾ വല്ല സ്വാതന്ത്ര്യവും അനുഭവിക്കുന്നുണ്ടെങ്കിൽ അതു് ഈ നിരന്തരസമരത്തിന്റെ ഫലമാ

ണു്. എന്നുതന്നെയുമല്ല, സ്വാതന്ത്ര്യം ഒരാദർശം മാത്രമായി കരുതിയാലും അതിനോടു സമീപിക്കുവാൻ ശ്രമിക്കേണ്ടതു നമ്മുടെ കർത്തവ്യമാണു്. സ്വാതന്ത്ര്യത്തിലേക്കുള്ള കവാടം സദാ അനുൽഘാടിതമായിട്ടാണിരിക്കുന്നതു്. അതു് അതിഥികളെ സ്വയമേവ സ്വീകരിക്കയില്ല. ബലമായി വാതിൽ മുട്ടുന്നവർക്കു മാത്രമെ പ്രവേശനം നൽകുക പതിവുള്ളു. അതുകൊണ്ടു സ്വാതന്ത്ര്യേച്ഛുക്കൾ അതിനുവേണ്ടി സദാ ഭഗീരഥപ്രയത്നം ചെയ്യേണ്ടതായിട്ടാണിരിക്കുന്നതു്. അതു് ഒരനർഘമായ അനുഗ്രഹമായിരിക്കുന്നതുകൊണ്ടു് അതു കിട്ടുമൊ എന്നു പരീക്ഷിക്കുകയും കുറച്ചെങ്കിലും കിട്ടുമെങ്കിൽ അതു വാങ്ങിക്കുകയും ചെയ്യേണ്ടതാണു്.

എന്നാൽ സ്വാതന്ത്ര്യവും സ്വേച്ഛാനുവർത്തനവും (തോന്ന്യാസം) തമ്മിൽ ഉള്ള വ്യത്യാസം പലരും വിസ്മരിക്കുന്നതായി കാണുന്നുണ്ടു്. ഇതിനു "ദുഃസ്വാതന്ത്ര്യം" എന്നാണു പേരു കല്പിക്കേണ്ടതു്. മുൻപറഞ്ഞതു് അഭിലഷണീയമായിരിക്കുന്നതുപോലെ ഒടുവിൽ പറഞ്ഞതു് അനഭിലഷണീയവുമാണു്. ഇന്നു പലരും ഇവ തമ്മിലുള്ള വ്യത്യാസം ഗണിക്കാതെ ഭ്രമിക്കുന്നുണ്ടു്. ഈ അബദ്ധബോധം വളരെപ്പേരെ വഴിതെററിക്കുന്നുമുണ്ടു്. സ്വാതന്ത്ര്യത്തിനു് ഒരു ക്ലിപ്തമായ പരിധിയുണ്ടല്ലൊ. ആ പരിധിയെ അവഗണിച്ചും ലംഘിച്ചും ഉള്ള പ്രവൃത്തിയാണു ദുഃസ്വാതന്ത്ര്യം എന്നു കല്പിക്കപ്പെട്ടിരിക്കുന്നതു്. നിരോധനരൂപമായ നിയമങ്ങളോടു മനുഷ്യനു സ്വാഭാവികമായി വൈമുഖ്യം ഉള്ളതുകൊണ്ടു ദുഃസ്വാതന്ത്ര്യം പലർക്കും അധികം ആസ്വാദ്യമായി തോന്നുമായിരിക്കും. തോന്നിയതുപോലെ നടക്കുക എന്നുള്ളതിനു നമ്മുടെ മേൽ ഒരു പ്രത്യേകമായ ആകർഷണീയത ഉണ്ടെന്നുള്ളതിനു തർക്കമില്ല. വല്ല നിയമബന്ധത്തിലും ഇരിക്കുന്നവർക്കു് ഒരു അവസരം കിട്ടിയാൽ കെട്ടഴിച്ചുവിട്ട കാളകളെയൊ അണമുറിച്ചുവിട്ട ജലപ്രവാഹത്തെയൊ പോലെ മൂക്കിനുനേരെ പായുകയായി. ഇപ്രകാരമുള്ള അനിരുദ്ധമായ സ്വൈരാനുവർത്തനം പലപ്പോഴും വിപൽഗർത്തത്തിൽ നമ്മെ പതിപ്പിക്കുകയാണു സാധാരണ പതിവു്. ഈ മാതിരി സ്വാതന്ത്ര്യത്തെ ആഗ്രഹിച്ചും പ്രതീക്ഷിച്ചും ഇരിക്കുന്നവർ മനുഷ്യരിൽ ഇല്ലാതില്ല. എന്നാൽ ഇങ്ങനെയുള്ള ദുഃസ്വാതന്ത്ര്യംതന്നെ അതിന്റെ ശിക്ഷയേയും വഹിക്കുന്നുണ്ടെന്നു് ഒരു സമാധാനമുണ്ടു്. യഥാർത്ഥസ്വാതന്ത്ര്യം എന്താണെന്നു ചിന്തിക്കുന്നവരൊ ഗ്രഹിക്കുന്നവരൊ വളരെ കുറവാണെന്നു തോന്നുന്നു. ത്രിവിധകരണങ്ങളുടെ അനിയന്ത്രിതമായ വ്യാപാരമാണു സാധാരണ നാം സ്വാതന്ത്ര്യമെന്നു വിചാരിക്കുന്നതു്. ഇതിൽ ദുഃസ്വാതന്ത്ര്യവും ഉൾപ്പെടുന്നതുകൊണ്ടു് അതു സ്വാതന്ത്ര്യത്തിന്റെ ഒരു ശരിയായ നിർവ്വചനമായി വിചാരിക്കാൻ പാടില്ല. യഥാർത്ഥസ്വാതന്ത്ര്യം എന്താണെന്നു ചോദിച്ചാൽ ആരും ശരിയായ ഉത്തരം പറയുമെന്നു തോന്നുന്നില്ല. ഓരോരുത്തർക്കും ഓരോവിധം അഭിപ്രായമാണുള്ളതു്. ഇതു നമ്മുടെ അവ്യ

കതബോധത്തിൻെറ ഫലമാണ്. എന്നാൽ അത്ര സൂക്ഷ്മമായി സ്വാതന്ത്ര്യപദത്തിൻെറ അർത്ഥം ഗ്രഹിച്ചിട്ടാവശ്യമില്ലെന്നും അഭിപ്രായമുണ്ട്. പ്രായോഗികമായി അവരവരുടെ ഇഷ്ടാനുസരണമുള്ള സ്വാതന്ത്ര്യം ലഭിച്ചാൽ ധാരാളം മതിയല്ലോ. എന്നിരുന്നാലും ഒരാദർശം മനസ്സിൽ ഉണ്ടായിരിക്കേണ്ടതു് ആവശ്യവും അഭിലഷണീയവുമാകുന്നെന്നാണു തോന്നുന്നത്. പല മഹാന്മാരുടേയും അഭിപ്രായത്തിൽ കർത്തവ്യകർമ്മം വഴിക്കു മനസ്സു സ്വയമേവ (പ്രേരണകൂടാതെ) ചരിക്കുന്നതാണു പൂർണ്ണവും യഥാർത്ഥവുമായ സ്വാതന്ത്ര്യം. ഈ മാതിരിയിലുള്ള സ്വാതന്ത്ര്യം മനുഷ്യരിൽ എത്രയോ ചുരുക്കം ആളുകൾക്കേ ഉണ്ടായിരിക്കാൻ ഇടയുള്ളു. ഇന്നത്തെ വിദ്യാഭ്യാസവും ഈ ചിത്തവൃത്തിയെ ജനിപ്പിക്കുന്നതിനു് ഒട്ടുംതന്നെ പര്യാപ്തമല്ല. മനുഷ്യവർഗ്ഗത്തിന് അനേകവർഷസഹസ്രം പ്രായമുണ്ടെങ്കിലും യഥാർത്ഥസ്വാതന്ത്ര്യത്തിലേക്കുള്ള പ്രയാണത്തിൻെറ അഹമ്മുഖത്തിൽ മാത്രമേ ആയിട്ടുള്ളു. ഉദ്ദിഷ്ടവസ്തു ഇനിയും എത്രയോ ദൂരത്തിലാണു വർത്തിക്കുന്നതു്. അതിലേക്കുള്ള മാർഗ്ഗത്തെ ആവരണംചെയ്യുന്ന മൂടൽമഞ്ഞിൻെറ ഇടയിൽക്കൂടി സ്വാതന്ത്ര്യത്തിൻെറ ചില മങ്ങിയ കിരണങ്ങൾ മാത്രമേ കാണപ്പെടുന്നുള്ളു. എങ്കിലും നിരാശപ്പെട്ടു പ്രയാണഭംഗം ചെയ്യേണ്ട ആവശ്യമില്ല. ക്ഷമയും സ്ഥിരപരിശ്രമവും കൊണ്ടു വല്ലതുമെല്ലാം സാധിച്ചു എന്നു വരാം.

> "മന്ദോപ്യവിരതോദ്യോഗഃ
> സദാവിജയഭാഗ് ഭവേൽ."

സ്വാതന്ത്ര്യസമരത്തെക്കുറിച്ച് ഒരു ആംഗ്ലേയകവി പറയുന്നതു നോക്കുക. "സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള സമരം ഒരിക്കൽ ആരംഭിച്ചാൽ പരമ്പരാവകാശം വഴി പിതാവിൽ നിന്നും പുത്രനിൽ എത്തി പലപ്പോഴും പരാഭവം സംഭവിച്ചാലും അവസാനത്തിൽ വിജയം പ്രാപിക്കുന്നു".

സ്വാതന്ത്ര്യം മനുഷ്യനു ഏററവും പ്രിയകരവും ജീവിതസുഖത്തിനു അനുപേക്ഷണീയവുമായ ഒരു ഗുണമാകകൊണ്ടു അതു സ്വയമേവ തരാൻ ഭാവമില്ലെങ്കിൽ ഏനകേനപ്രകാരേണ അവരിൽ നിന്നും വാങ്ങാൻ ശ്രമിക്കേണ്ടതാണ്. ലോകം ഒട്ടുക്ക് ഇന്നു വ്യാപിച്ചു കാണുന്ന അസ്വാസ്ഥ്യം ഈ സംരംഭത്തിൻെറ നാഡിതുടിപ്പുതന്നെയാണെന്നു വിചാരിക്കുന്നു.

---

# ജീവജാലം.

(എം. രാജരാജവൎമ്മ എം. എ, ബി. എൽ.)

## ആറാം പടലം.

സംസാരസാഗരമെന്നു പറയുന്നതിനേക്കാൾ സംസാരസമരമെന്നു പറയുന്നതായിരിക്കും സത്യം. എന്തെന്നാൽ ലോകത്തിൽ സകലവും തമ്മിൽ കലഹിക്കയാണു ചെയ്യുന്നതു്. ഉപജീവനത്തിനുള്ള പ്രയത്നത്തിൽ നിന്നുണ്ടാകുന്നതാണു് ഈ കലഹം. 'ഞാൻ മുമ്പേ ഞാൻ മുമ്പേ' എന്നു കയറി ആളുകൾ തിക്കിത്തിരക്കുന്നതു് ഉത്സവങ്ങളിലും പ്രതിഗ്രഹദാനങ്ങളിലും ധാരാളമായി നാം കാണുന്നില്ലേ? ഈ തിക്കുംതിരക്കും സർവ്വപ്രാണികൾ (മനുഷ്യരുൾപ്പെടെ) തമ്മിൽ നടക്കുന്നുണ്ടെന്നു പറഞ്ഞാൽ അവാസ്തവമെന്നു തോന്നിയേക്കാം. സത്യത്തിൽ ഭക്ഷണസമ്പാദനവും ശത്രുബാധാപരിഹരണവുമാണു ജീവിതയാത്രാചരിത്രതത്വം. ജീവിതസമരകോലാഹലത്തിന്റെ വാലിൽ കെട്ടാൻ കൊള്ളരുതു് ഇക്കഴിഞ്ഞ ജർമ്മൻ മഹാരണസംരംഭം. എന്തിനേറെ? ദിനംദിനം ഈ ലോകത്തിൽ നടക്കുന്ന മഹായുദ്ധത്തിന്റെ ഘോരത്വം സാക്ഷാൽ രാമരാവണയുദ്ധത്തിനാവട്ടെ, ഭാരതയുദ്ധത്തിനാവട്ടെ ഇല്ലെന്നുള്ളതു് അതിശയോക്തിയാവില്ല. നിത്യമനുഭവിക്കുന്നതുകൊണ്ടു നാം അതിന്റെ വലിപ്പമറിയുന്നില്ല. എന്നുതന്നെയല്ല, പ്രകൃതിജനനി സന്താനങ്ങൾക്കു യഥോചിതം കോപ്പും കെല്പും നല്കിയിരിക്കുനിമിത്തം നാമറിയാതെതന്നെ ഈ പോരാട്ടം നടന്നുപോകുന്നു. ഈ സംസാരസമരത്തിന്റെ മട്ടും മാതിരിയും നമുക്കു് അല്പം ശ്രദ്ധിച്ചു മനസ്സിലാക്കാം.

ഓരോ നാട്ടിലും, കാലത്തും, ജാതിയിലുമുണ്ടാകുന്ന ജീവികളെ നോക്കിയാൽ, അതാതു നാട്ടിനും കാലത്തിനും ജാതിക്കും അനുഗുണമായ പ്രകൃതിയുള്ളവയായി കാണാം. ഉഷ്ണമേഖലയിലുള്ളവയും ശീതപ്രദേശത്തുള്ളവയും തമ്മിലുള്ള വ്യത്യാസം ചെടികളിലും മനുഷ്യരിലും പ്രത്യക്ഷമാണു്. ഒരേജാതിയിലുൾപ്പെട്ട ജീവികൾ ശീതോഷ്ണാവസ്ഥയുടേയും ആഹാരത്തിന്റേയും ഭേദംകൊണ്ടു ഭിന്നപ്രകൃതികളായിത്തീരുന്നു. കാശിയിലുള്ള ഗൌളികളെ കണ്ടാൽ ഓന്തോ അരണയോ എന്നു നാം ഭ്രമിക്കും; ആഫ്രിക്കയിലുള്ള എട്ടുകാലൻ ആമയ്ക്കൊപ്പം വലിപ്പമുള്ളതായിരിക്കുന്നു; പാററഗോണിയനാട്ടിലെ മനുഷ്യരെ കണ്ടാൽ പൊയ്ക്കാലിൽ നടക്കുന്നവരെപ്പോലെ പൊക്കമുള്ളവരായി തോന്നും. ഈ ഭേദങ്ങളെല്ലാം, പ്രകൃതിമാതാവു സന്താനരക്ഷണത്തിനു നല്കുന്ന ഉതവികളാകുന്നു.

'വിത്തുഗുണം പത്തുഗുണം' എന്നുള്ള പഴമൊഴി വെറുംവാക്കല്ല; എത്രമാത്രം നിഷ്കർഷിച്ചാണു നാം നിലങ്ങളിലേയ്ക്കു വിത്തുനേടാറുള്ളതു്;

നല്ല വൎഗ്ഗത്തിലുള്ള മാടുകളുമായി ചേൎത്തല്ലേ കന്നുകളെ ജനിപ്പിക്കുന്നതു്? ഒരു മനുഷ്യനെപ്പററി നാം കുടുംബപാരമ്പൎയ്യം ഗണിക്കാറില്ലേ? മേലുണ്ടാകുന്ന സന്താനം മേത്തരമായിരിക്കുന്നതിനാണല്ലോ നാം ഇങ്ങനെ ചെയ്യുന്നതു്. പ്രകൃതിദേവിയും അതുതന്നെയാണു ചെയ്യുന്നതു്. നമ്മേപ്പോലെ ബഹളംകൂട്ടുന്നില്ലെന്നു മാത്രമേയുള്ളു. മനുഷ്യൻ എപ്പോഴും അക്ഷമനാണു്; നിനയ്ക്കുമ്പോൾ നടക്കണം കാൎയ്യം. പ്രകൃതിദേവിയ്ക്കു് ഒരു പുരുഷായുസ്സ് ഒരു നിമിഷംപോലെയാണു്. ദിവ്യവൎഷംകൊണ്ടാണു് അവരുടെ കാലഗണനം. പ്രകൃതി ചെയ്യുന്ന മാററം കാണണമെങ്കിൽ പണ്ടുണ്ടായിരുന്ന ജീവികളേയും ഇപ്പോഴുള്ളവയേയും താരതമ്യപ്പെടുത്തി നോക്കിയെങ്കിൽ മാത്രമേയാവു. അതെങ്ങനെയാണു്? പണ്ടുള്ളവ നശിച്ചുപോയല്ലോ, എന്നു പരിഭ്രമിക്കേണ്ടതില്ല. അവയുടെ ജീവചരിത്രം പാറകളിൽ കൊത്തിയിട്ടുണ്ടു്. പാറകളിൽ പതിഞ്ഞും ഭൂഗൎഭത്തിൽ പൊതിഞ്ഞും കിടക്കുന്ന രൂപങ്ങളും അസ്ഥികളും പുരാതനജീവികളുടെ ചരിത്രത്തെ വെളിവാക്കുന്നു. ഇതാണു് ഒരുവക ഉപായം. ജീവികളുടെ പരിണാമചരിത്രം മനസ്സിലാക്കാൻ ഉപായാന്തരങ്ങളുമുണ്ടു്. ഗൎഭസ്ഥങ്ങളായ ശിശുക്കളുടെ വളൎച്ച് പൂൎവ്വജന്മചരിത്രത്തിന്റെ ആവൎത്തനമെന്നുവേണം പറയാൻ. ഭ്രൂണങ്ങളുടെ പരിണാമത്തിൽനിന്നു പൂൎവ്വചരിത്രം കണ്ടുപിടിക്കാം. ഇതിനേക്കാൾ സൂക്ഷ്മതരമായ ഒരു ഉപായമുള്ളതു്, ഓരോ ജീവികളുടെ അവയവസംവിധാനങ്ങളെ താണതരത്തിലുള്ള ജീവികൾ മുതൽ ഏററവും ഉയൎന്നതരം ജന്തുക്കൾവരെയുള്ളതെല്ലാം പരിശോധിച്ച് അവയുടെ ആകൃതിയിലും പ്രകൃതിയിലും പ്രവൃത്തിയിലുമുള്ള ഭേദങ്ങളെ മനസ്സിലാക്കുന്നതിൽനിന്നു പൂൎവ്വചരിത്രത്തെ അനുമാനിക്കുന്നതാകുന്നു. ഈ മൂന്നു് ഉപായങ്ങളെ തുടൎന്നു് മൂന്നു ശാസ്ത്രപ്രസ്ഥാനങ്ങൾ പാശ്ചാത്യവിദ്വാന്മാർ തുടങ്ങീട്ടുണ്ടു്. അവയിൽ അവർ ചെയ്തുവരുന്ന സാഹസങ്ങൾ അനവധിയാണു്. പ്രകൃതിമാതാവു സന്താനങ്ങളുടെ സുസ്ഥിതിയെ പുലൎത്തുന്നതു ജീവിതമത്സരംകൊണ്ടാണെന്നു് ഈ ശാസ്ത്രങ്ങൾ പഠിക്കുമ്പോൾ മനസ്സിലാകുന്നതാണു്.

എത്രയോ ജീവികൾ ലോകത്തിലുണ്ടാകുന്നുണ്ടല്ലോ. അവയെല്ലാം വളരുന്നുണ്ടോ? ചുരുക്കമെണ്ണം മാത്രമേ വളൎന്നു സന്താനോല്പാദനം നടത്തുന്നുള്ളു. അതെന്തുകൊണ്ടാണു്? ബലവും സാമൎത്ഥ്യവും, സൂക്ഷ്മവും കൂടുതലുള്ള പ്രാണികൾക്കു്, ഉപജീവനം നേടാനും, ശത്രുക്കളെ തടുക്കാനും, ആപത്തുകളിൽനിന്നു രക്ഷപ്പെടാനും കഴിയുന്നതുനിമിത്തമാകുന്നു. അതുകൊണ്ടു മിടുക്കുള്ളവയ്ക്കു മാത്രമേ നിലനില്ക്കാൻ സാധിക്കയുള്ളു എന്നു വരുന്നു. അവയിൽനിന്നു ജനിക്കുന്ന സന്താനങ്ങൾ ആ ഗുണങ്ങളെ പ്രതിഫലിപ്പിക്കുന്നു. പ്രകൃതിമാതാവു വിത്തുഗുണം നേടുന്നതിങ്ങനെയാണു്. മേത്തരമായിട്ടുള്ളതു മാത്രമേ ജീവിതമത്സരത്തിൽ ശേഷിക്കയുള്ളു. ഈ

ായത്തിന വ്യതിയാനം വരികയില്ലെന്ന പറഞ്ഞുകൂടാ. ചിലപ്പോൾ തെററിപ്പോകും. ബലവാനും ചിലപ്പോൾ അകപ്പെട്ടുപോകും. ആനയ്ക്കും അടി പിഴയ്ക്കുമല്ലൊ. പെട്ടെന്നുള്ള മാററങ്ങളെക്കൊണ്ടും, മഹാമാരി, ഭൂകമ്പം, കടൽകയററം മുതലായ ഉപദ്രവങ്ങളെക്കൊണ്ടും നാടാസകലം നശിക്കുമ്പോൾ, നല്ലതും ചീത്തയും, ധീരനും ഭീരുവും, ഭേദമെന്നിയേ ഒടുങ്ങുന്നു. എങ്കിലും സാമാന്യേന, ശക്തതമമായുള്ളതു നിലയ്ക്കുനില്ക്കുമെന്നുള്ള ന്യായം സ്വീകാര്യമാകുന്നു.

ജീവിതത്തെ എത്രമാത്രം ഉൽകൃഷ്ടമാക്കുന്നോ അത്രമാത്രം ആയുസ്സു കൂടുമെന്നു പ്രകൃതിമാതാവു നമ്മെ എപ്പോഴും പഠിപ്പിക്കുന്നുണ്ടു്. കീടങ്ങളുടെ ജീവനം താണനിലയിലാകകൊണ്ടു് അവ ക്ഷണേന നശിക്കുന്നു. പുഴുക്കളിൽ ഉയർന്ന പ്രാണികൾ കൂടുതൽകാലം ജീവിച്ചിരിക്കുന്നു. ഇങ്ങനെ പടിപ്പടിയായി മേലോട്ടു പോകുന്തോറും ആയുസ്സു കൂടിവരുന്നതായി കാണാം. ഇതരപ്രാണികളെക്കാൾ മനുഷ്യൻ ഉൽകൃഷ്ടജീവിതം നയിക്കുന്നതുകൊണ്ടാണു് അവനു മേന്മവന്നതു്. മനുഷ്യരിൽതന്നെ ജീവിതോൽകർഷാപകർഷങ്ങൾ നിമിത്തം ദീർഘായുഷ്മാന്മാരും അല്പായുസ്സുകളും ഉണ്ടാകുന്നുണ്ടു്. മാനസികശക്തി കായികശക്തിയെക്കാൾ ഏറെ മാഹാത്മ്യമുള്ളതാണു്. അതുകൊണ്ടാണു് മനശ്ശക്തിയുടയവരായ യോഗികൾ സാധാരണരെക്കാൾ ഉയർന്ന പടിയിൽ ശതായുസ്സുകളായിരിക്കുന്നതു്. ജീവിതം ശ്രേഷ്ഠതമമാകുന്തോറും ആയുസ്സിന് അവധിയില്ല. പുണ്യാത്മാവിന ലയമില്ലെന്ന പറയുന്നതു് അതുകൊണ്ടത്രെ.

ജീവിതസമരം സർവ്വദാ ലോകത്തിൽ നടക്കുന്നുണ്ടെന്നുവച്ചാൽ എല്ലാ പ്രാണികളും എല്ലായ്പോഴും തങ്ങളിൽ തല്ലിക്കൊണ്ടിരിക്കയാണെന്നു തെററായ ബോധമുണ്ടാകരുതു്. ഈ സമരം പ്രയത്നത്തെ ആശ്രയിച്ചിരിക്കുന്നു. ഒരു വലിയ പുരുഷാരത്തിൽകൂടി നടക്കുമ്പോൾ ആരെയും നാം ഉപദ്രവിക്കുന്നില്ല; എങ്കിലും നാം മുന്നോട്ടു പോകുന്നുമുണ്ടു്. അതെങ്ങനെയാണു് ? എറുമ്പുകൾ വരിവച്ചു കൂട്ടമായി പോകുന്നതു നാം കാണാറില്ലേ? എന്തെങ്കിലും കുഴപ്പമോ കലഹമോ ഉണ്ടോ? അതെന്തുകൊണ്ടാണു് ? തഞ്ചവും തിറവും കൊണ്ടല്ലേ? അതുപോലെ തഞ്ചവും തിറവും കൊണ്ടാണു ജീവിത സമരം നടത്തി പ്രാണികൾ മുന്നോട്ടു കടക്കുന്നതു്; എന്നുവച്ചാൽ, അഭിവൃദ്ധിയെ പ്രാപിക്കുന്നതു്. ആൾത്തിരക്കിൽ നടക്കുന്നതു് ഉത്സാഹവും രസവുമായി തോന്നുന്നതുപോലെ, ജീവിതമത്സരത്തിലുള്ള പുരോഗമനവും സന്തോഷപ്രദമായിത്തന്നെയിരിക്കുന്നതാണു്. പ്രയത്നമാണു ജീവികളെ പുലർത്തുന്നതും വളർത്തുന്നതും. കിടാങ്ങൾ ഓടിക്കളിച്ചാൽ മാത്രമേ ശക്തിയുള്ളവരായി തീരുന്നുള്ളു. അങ്ങനെ കളിക്കുന്നതു് അവർക്കു സങ്കടമായിട്ടോ സന്തോഷമായിട്ടോ തോന്നുന്നതു് ? പ്രായം കൂടുന്തോറും ആവശ്യങ്ങൾ വർദ്ധിക്കുന്നു. അതിന ചെയ്യുന്ന പ്രയത്നം ലോ

കയാത്രയിൽ ഏററവും രസകരമാണു്. സത്യം നോക്കിയാൽ, സുഖദുഃഖങ്ങൾ പ്രയത്നനിഷ്പന്നങ്ങളാണെന്നുവേണം പറയാൻ. പ്രകൃതിസിദ്ധമായ പ്രയത്നം എല്ലായ്പോഴും സുഖപ്രദമാകുന്നു; തദ്വിപരീതമായുള്ളതു ദുഃഖകരവുമാണു്. ആഹാരസമ്പാദനപരിശ്രമം എല്ലാ പ്രാണികളുടെയും ദേഹത്തെയും മനസ്സിനെയും ഒന്നുപോലെ വ്യാപരിപ്പിക്കയും ആനന്ദിപ്പിക്കയും ചെയ്യുന്നുണ്ടു്. ആ വ്യാപാരത്തിൽ ആപത്തില്ലെന്നല്ല; ആപത്തു് ആസന്നമല്ലെങ്കിൽ ആരും ഗണിക്കാറില്ല; പെട്ടെന്നുണ്ടാകുന്നതു നിമനിന്നു ബുദ്ധിമുട്ടിക്കയുമില്ല. മരണം അകലത്തിരിക്കുമ്പോഴാണു ഭയങ്കരമായി തോന്നുന്നതു്; പൊടുന്നനെ വരുമ്പോൾ മിക്കവാറും ക്ഷണപ്രഭാകോമളവും ആതങ്കരഹിതവുമാകുന്നു. വണ്ടുകൾ പുഷ്പങ്ങൾതോറും പോയി തേൻകുടിക്കുന്നതും, കുരുവികൾ പറന്നുനടന്നു നെല്ലും മററും കൊത്തിപ്പെറുക്കി കൂട്ടിൽകൊണ്ടുചെന്നു കുട്ടികൾക്കു കൊടുക്കുന്നതും എത്ര ചൊടിയോടും ഉത്സാഹത്തോടും ചെയ്യുന്നു! ഇതെല്ലാം ശ്രമമാണോ? നാം പണിപ്പെട്ടുണ്ടാക്കിയ സാധനം മനസ്സിനു് എത്രമാത്രം ആഹ്ലാദമുണ്ടാക്കുന്നു! മാതാപിതാക്കൾക്കും കുട്ടികൾക്കും നാം വേലചെയ്തു് എന്തെങ്കിലും ഉണ്ടാക്കിക്കൊടുക്കുമ്പോളുണ്ടാകുന്ന ആനന്ദത്തിനും കൃതാർത്ഥതയ്ക്കും അളവുണ്ടോ? കൃതകൃത്യതയാണു് ആനന്ദം; പ്രയത്നരാഹിത്യമല്ല.

എങ്കിലും ലോകത്തിൽ ജീവികൾ തമ്മിൽ കലഹവും ധാരാളമുണ്ടു്. ഓരോ പ്രാണിക്കും സ്രഷ്ടാവു നല്കിയിരിക്കുന്ന പ്രഹരണായുധങ്ങൾകൊണ്ടു് ഇതു് ഊഹിക്കാം. വെട്ടും തടയും കൂടാതെ ജീവിതായോധനം നടക്കുമോ? മാംസഭക്ഷകങ്ങളായ ജന്തുക്കൾക്കു ദംഷ്ട്രങ്ങളും നഖങ്ങളും, പക്ഷികൾക്കു ബലിഷ്ഠങ്ങളായ കൊക്കുകളും നഖരങ്ങളായ കാലുകളും; പാമ്പുകൾക്കു വിഷപ്പല്ലു്, എട്ടുകാലിനു കൂർത്തമുഖശലാകകളും, കൊള്ളുകിനു കൊമ്പുകളും, ഇങ്ങനെ ഓരോ പ്രാണികൾക്കും യുക്തങ്ങളായ ആയുധസാമഗ്രികൾ പ്രകൃതിജനനി കൊടുത്തിട്ടുണ്ടു്. വെട്ടാനുള്ളപോലെ തടുക്കാനും അനവധി കവചങ്ങളും പരിചകളും അവയ്ക്കു നല്കീട്ടുണ്ടു്. ഒച്ചിന്റെ മുതുകിലുള്ള കൂടും, ആമയുടെ ഓട്ടിയും, അട്ടയുടെ ചുരുളാനുള്ള വശതയും ദുർഗ്ഗന്ധവായു പുറപ്പെടുവിക്കാനുള്ള ശക്തിയും മററും ശത്രുബാധയെ തടുക്കാനുള്ള ഉപായങ്ങളാകുന്നു. ഇങ്ങനെ പ്രകൃതിയിൽ കാണുന്ന പല വിദ്യകളെയും കണ്ടു തന്നെ മനസ്സിലാക്കേണ്ടതാണു്. ദേശഭേദംപോലെ സമ്പ്രദായഭേദവും പ്രത്യക്ഷമാകും. ധ്രുവദേശങ്ങളിലെ കരടി കറുത്തതല്ല വെളുത്താണു്; ശീതദേശങ്ങളിലുള്ള ജന്തുക്കൾക്കു രോമം ധാരാളമുണ്ടായിരിക്കും; ആഫ്രിക്കയിലുള്ള സിംഹങ്ങളുടെ നിറം അവിടത്തെ മണ്ണിനു തുല്യമായിരിക്കും; പച്ചിലപ്പുഴുക്കൾ പച്ചിലപോലെയിരിക്കുന്നു; മൺ കുരുവികൾ തറയിലടിഞ്ഞു കിടന്നാൽ വേട്ടക്കാർക്കു കൽകഷണങ്ങളിൽ നിന്നു തിരിച്ചറിയാൻ മേല; മുതലകൾ വരമ്പത്തു കിടന്നാൽ കാണുകയില്ല; പാമ്പുകൾ മരങ്ങ

ളിൽ പിണഞ്ഞുകിടന്നാൽ വള്ളികളാണെന്നു ഭ്രമിക്കും; ചിത്രശലഭങ്ങൾ ചെടികളുടെ നിറമുള്ള ചിറകുകൾകൊണ്ടു തിരിച്ചറിയാൻ വിഷമമാണു്; ഓന്തിന്റെ നിറം തരം പോലെ ഭേദിച്ചുവരുന്നു; ജന്തുക്കൾക്കും ചെടികൾക്കും തമ്മിൽ ഭേദം അറിയാൻ പാടില്ലാത്ത വരുന്നതു വെള്ളത്തിലെ പാഴലുകളും കടുകളും ഉദാഹരിക്കുന്നു. മേൽ വിവരിച്ചതെല്ലാം ജീവിതമത്സരത്തിൽ രക്ഷനേടാനുള്ള ഉപായങ്ങളത്രെ.

മററൊരുപായം, ഒരേമാതിരി ജീവികൾക്ക് ആഹാരസമ്പ്രദായം ഭിന്നമാക്കി തീർക്കുന്നതാകുന്നു. ഈ ഭേദം നിമിത്തം കൂടുതൽ എണ്ണം ഉപജീവിക്കുന്നു. പക്ഷിവർഗ്ഗത്തിൽ, ചിലതു കായ്കനികളും, ചിലതു ധാന്യങ്ങളും ചിലതു മീനും പുഴുക്കളും തിന്നു കാലക്ഷേപം ചെയ്യുന്നുണ്ടല്ലോ. ചില പക്ഷികൾക്കു വെള്ളത്തിൽ നീന്താനും മുങ്ങാനും തിറമുണ്ടു്. അവ ജലത്തിൽനിന്നു ആഹാരം നേടുന്നു. കൂട്ടുകാർ സ്ഥലഭാഗത്തുള്ള ആഹാരംകൊണ്ടു കഴിച്ചുകൂട്ടുന്നു.

വർഷാകാലത്തു് എല്ലായിടത്തും, വിശേഷിച്ചു ശീതദേശങ്ങളിൽ, ആഹാരസമ്പാദനം ദുർല്ലഭമാകുന്നു. അപ്പോൾ പ്രാണികൾ പട്ടിണികിടന്നു ചത്തൊടുങ്ങും. അപ്രകാരം വരാതിരിക്കുന്നതിനു പ്രകൃതിമാതാവു് അവററകൾക്ക് ഒരു വിശേഷശക്തി കൊടുത്തിട്ടുണ്ടു്. അക്കാലത്തു് ആഹാരം കുറച്ചുമതി; ഉറക്കം കൂടും; വ്യായാമം കുറയും. ചില ജന്തുക്കളിൽ ഈ നിദ്ര കുംഭകർണ്ണസമമായിത്തീരുന്നു. ഉണരുന്ന സമയം ചുരുക്കം. ഈ വർഷർത്തുമയക്കത്തിനു ജന്തുക്കളുടെ "പ്രാണായാമം" (hibernation) എന്നാണു ശാസ്ത്രജ്ഞന്മാർ പറയാറുള്ളതു്. തണുപ്പുവിട്ടു ചൂടുതട്ടിക്കഴിയുമ്പോൾ പ്രാണായാമത്തിൽനിന്നു ജന്തുക്കൾ ഉണർന്നു് ഇരതേടുന്നു. പ്രാണായാമശക്തിയില്ലാത്ത ജന്തുക്കൾ വർഷാകാലത്തേക്കു് ആഹാരസംഭരണം ചെയ്യുന്നു. കാട്ടെലി (wood mouse) പ്രാണായാമം ചെയ്യുന്ന ജന്തുവാണു്; അണ്ണാൻ (squirrel) ആഹാരസംഭരണം ചെയ്യുന്ന ജീവിയാകുന്നു. വെള്ളക്കരടിക്കു പ്രാവൃദ്ദോഷണ്യമായ ചാതുർമ്മാസ്യം മഞ്ഞായിൽകിടന്നുള്ള പ്രാണായാമമാണു്; മുള്ളൻപന്നി ഇലക്കൂട്ടിനകത്തു കിടന്നുറങ്ങി കഴിച്ചുകൂട്ടുന്നു; വവ്വാൽ ഇരുട്ടുഗുഹയിൽ തല കീഴായി തൂങ്ങി പ്രാണായാമം ചെയ്യുന്നു; മാക്കാൻ ചെളിക്കുഴിക്കടിയിൽ പതുങ്ങി ദേഹത്തിൽകൂടി ശ്വാസോച്ഛ്വാസം ചെയ്യുന്നു. പ്രാണായാമകാലത്തു് ഉമിയിൽ പൊതിഞ്ഞുകിടക്കുന്ന തീപോലെയാണു ജന്തുക്കളുടെ ജീവൻ കിടക്കുന്നതു്. ഇന്ധനം കിട്ടുമ്പോൾ അതു പിന്നെയും ജ്വലിക്കുന്നു. ഇവർതന്നെയല്ലേ പ്രകൃതിയിലെ യോഗിവര്യന്മാർ?

പടവരുമ്പോൾ വാലും കിളത്തിയോടുന്നവർ മനുഷ്യരിലുള്ളതുപോലെ ജന്തുക്കളിലുമുണ്ടു്. വർഷാകാലം വരുമ്പോൾ ദേശാന്തരം പോകുന്ന പറവികൾ പലതുണ്ടു്. ഹംസങ്ങൾ അക്കാലത്തു മാനസസരസ്സിൽ പോകുന്നു എന്നു പുരാണപ്രസിദ്ധമാണു്. വേഴാമ്പൽ, ഉത്തരായണപക്ഷി, എ

ന്നീ വകകൾ കൂടിവിട്ടുപോകുന്നുണ്ടെന്നു നമുക്കു കാണാം. മേവൽപക്ഷി വേനൽകാലമുള്ള ദിക്കിലാണു എപ്പോഴും താമസം.

ഇങ്ങനെ അനവധി ഉപായങ്ങളെക്കൊണ്ടു പ്രകൃതിജനനി സന്താനങ്ങളെ പുലർത്തുന്നതു നിരീക്ഷിക്കുമ്പോൾ സൃഷ്ടിവൈചിത്ര്യത്തിന്റെ മാഹാത്മ്യം നമുക്കു പ്രത്യക്ഷമാകുന്നു. ഒരു ബ്രഹ്മകീടം ഒന്നുപോലെ ദൃഷ്ടിവച്ചു് ശരിയായി നടത്തുന്ന ലോകസ്രഷ്ടാവിന്റെ വൈഭവം അവർണ്ണനീയമെന്നല്ലാതെ എന്തുപറയാം? പ്രാണികൾക്കു തമ്മിൽ മത്സരമുള്ളപോലെ കൂട്ടുകെട്ടുമുണ്ടു്. അതിനെപ്പററി അടുത്ത പടലത്തിൽ പറയാം.

## പുതിയ രണ്ടാംപാഠം.

(പി. ആർ: നീലകണ്ഠൻ നായർ.)

കാലം അനാദിയും അനന്തവുമെന്നു പറയപ്പെടുന്നു. അതിനെ കർമ്മങ്ങളെക്കൊണ്ടു പരിച്ഛേദിച്ചു് അണുവിൽ അണുവായ മാത്രയായും ദീർഘപ്രമാണമായ ഘട്ടമായും ഗണിച്ചു പോരുന്നു. കർമ്മപ്രേരിതരായ ജീവികളുടെ ഉച്ചനീചതപങ്ങളേയും, സംസ്കാരത്തിന്റെ ന്യൂനാധിക്യത്തേയും പരിഗണിച്ചു് ഒരുവിധം കാലനിർണ്ണയം ചെയ്യുന്നുണ്ടു്. പ്രകൃതിയിലുള്ള ചില നിത്യസംഭവങ്ങൾ ഇതിനുള്ള മാനദണ്ഡവുമായി. മനുഷ്യജീവികളിൽ ക്രമപ്രവൃദ്ധമായിക്കൊണ്ടിരിക്കുന്ന സംസ്കാരത്തിന്റെ നില, കാലപരിച്ഛിന്നസ്ഥിതിയെ ഭേദിക്കുന്നതിൽ മഹത്തരമായ ഒരു സ്ഥാനം സ്വീകരിച്ചിട്ടുണ്ടു്.

പാശ്ചാത്യവിദ്യാഭ്യാസമോ, ആ രീതിയിൽ ഉള്ള നാട്ടുഭാഷാഭ്യസനമോ ഈ നാട്ടിൽ വന്നിട്ടു കാലം അത്രവളരെ ഒന്നുമായിട്ടില്ല. എങ്കിലും അതിനു മുൻപിൽ ഇവിടെ നടന്നിരുന്ന വിദ്യാഭ്യാസ സമ്പ്രദായത്തെ ജനങ്ങൾ വിസ്മരിച്ചിട്ടില്ലെ എന്നു സംശയിക്കുന്നു.

നമ്മുടെ പ്രകൃതം പാഠപുസ്തകങ്ങളെ സംബന്ധിച്ചവയാകകൊണ്ടു് ആ വിഷയത്തിൽ കാലാനുരൂപം വന്നുചേൎന്ന മാററങ്ങളെ മാത്രം ചുരുക്കി ഒന്നു പറയുന്നു.

മലയാള പാഠശാലകളുടെ സ്ഥാപനത്തോടുകൂടി ബുക്കുകമ്മററിയുടെ ശ്രമഫലമായി മൂന്നു പാഠപുസ്തകങ്ങൾ ഉണ്ടായി. വളരെക്കാലത്തേക്കു് അവ മാറാതെ തന്നെ നിലനിന്നുവെങ്കിലും കൂടുതൽ ക്ലാസുകൾ ഏർപ്പെട്ടതിനു കാലത്തു അവയിലേയ്ക്കു പ്രത്യേകം ചില പാഠപുസ്തകങ്ങൾ നിർദ്ദേശിച്ചു എന്നല്ലാതെ ഓരോ ക്ലാസിലേക്കും പ്രത്യേകം ഓരോ പാഠപുസ്തകം നിർദ്ദേശിച്ചിരുന്നില്ല. പാഠപുസ്തകങ്ങളുടെ ദാരിദ്ര്യത്താലൊ മററു വല്ല ഗ്രന്ഥശകതിപ്രസരണത്താലൊ ഭൂമിശാസ്ത്രം ഭാഷാപാഠപുസ്തകമായി

നിർദ്ദേശിച്ച ഒരു ദുരന്താവസ്ഥ നമ്മുടെ പാഠശാലകൾ അനുഭവിച്ചിട്ടുണ്ട്. ഇപ്പോൾ ചരിത്രം ഭാഷാപാഠപുസ്തകമായി തീർന്നിരിക്കുന്നതും വിസ്മരിക്കുന്നില്ല. അദ്ധ്യാപകവൃത്തിയിൽ എല്ലാവരും പരിചയിച്ചിട്ടുള്ളവരല്ലെങ്കിലും ഈ നാട്ടുകാരിൽ ചില മാന്യന്മാരെക്കൊണ്ട് പാഠപുസ്തകങ്ങൾ എഴുതിച്ച മാക്മില്ലൻ കമ്പനിക്കാരെക്കൊണ്ടു മുദ്രണം ചെയ്യിച്ച ഒരു പാഠപുസ്തകപരമ്പര കഴിഞ്ഞതുകൊല്ലം വരെ പ്രചരിച്ചിരുന്നു.

കാലസ്ഥിതിക്കു പര്യാപ്തമല്ലെന്നു വന്നതുകൊണ്ടോ പഴക്കംകൊണ്ടുണ്ടായ സർവ്വസാധാരണത്വംകൊണ്ടോ പാഠപുസ്തകങ്ങൾ ഇടക്കിടെ മാറേണ്ടതെന്നുള്ള വിചാരംകൊണ്ടോ ഇതാ ഒരു പുതിയ പാഠപദ്ധതി പാഠശാലകളിൽ നടപ്പായിരിക്കുന്നു.

പഴയതെല്ലാം നല്ലതെന്നു യാഥാസ്ഥിതികരും പുത്തനായാൽ എല്ലാം പരിഷ്കാരമായി എന്നു ഉൽപതിഷ്ണുക്കളും രണ്ടറ്റത്തു നിന്നു പ്രയത്നിക്കട്ടെ. മദ്ധ്യസ്ഥത അവലംബിച്ച രണ്ടാം പാഠപുസ്തകത്തെ ഒന്നു പരിശോധിക്കുക തന്നെ.

ആറ്, ഏഴ്, എട്ട്, എന്നിങ്ങനെ ദേശഭേദമനുസരിച്ച ശരാശരി വയസ്സുള്ള കുട്ടികളാണു രണ്ടാംക്ലാസിൽ പഠിതാക്കളായി കാണുന്നത്. അവരിൽ വികസിച്ചിരിക്കുന്ന മാനസികശക്തി, നിരീക്ഷണമാണെന്നതു സർവ്വസമ്മതമാണല്ലോ. ദേശഭേദംകൊണ്ടും ഗൃഹങ്ങളുടെ ഭിന്നിച്ച സംസ്കാരനിലകൊണ്ടും ഈ ശക്തിയുടെ പ്രബുദ്ധത പല തോതിലായിരിപ്പാനേ അവകാശമുള്ളു.

അദ്ധ്യാപകൻ സ്വശക്തികൊണ്ട് ഈ ഒരു ശക്തിയെ—നിരീക്ഷണത്തെ—പോഷിപ്പിക്കുന്നതിനു സർവ്വാത്മനാ യത്നിക്കേണ്ടതാണ്. ബാലബുദ്ധിയിൽ ആദ്യമായി അങ്കുരിക്കുന്ന ഒരു ശക്തിവിശേഷമാണ് അവലോകനം എന്നു മാത്രമല്ല അതിന്റെ വിവിധരൂപങ്ങളാണു മറ്റു ശക്തികളെല്ലാമെന്നുംകൂടി ഓർത്തിരിക്കേണ്ടതാണ്.

പ്രകൃതപാഠപുസ്തകത്തിൽ ആകെയുള്ള അൻപത്തിമൂന്നു പാഠങ്ങളിൽ ഈ മാനസികശക്തിയുടെ വളർച്ചയ്ക്കു പര്യാപ്തങ്ങളായ പതിനഞ്ചു പാഠങ്ങൾ പ്രസ്ഫുടമായി കാണുന്നുണ്ട്. കുട്ടികൾക്ക് അടുത്തു പരിചയിപ്പാൻ ഇടവന്നിട്ടുള്ളതും വരുന്നതുമായ പക്ഷിമൃഗാദികൾ ഈ പാഠവിഷയങ്ങളായതും ഉചിതംതന്നെ. എന്നാൽ പതിന്നാലാം പാഠം മയിൽ എന്നാണു കാണുന്നത്. കാഴ്ചയിൽ അത്യന്തമനോഹരമായ ഈ പക്ഷി, കുട്ടികൾക്കു തീരെ പരിചയമുള്ളതല്ല. അങ്ങിനെ ആകുവാൻ സംഗതിയുള്ളതുമല്ല. മയിലിന്റെ പീലിയും ചിത്രവും സുലഭമാകാമെങ്കിലും സജീവമായ ആ ജന്തുവിനെ പ്രത്യക്ഷമാക്കുവാൻ അത്ര എളുപ്പമില്ലാത്തതാകുന്നു. അതിനാൽ ഈ പാഠം അതിന്റെ സ്ഥാനത്ത് ഉചിതമാകുന്നില്ല. കോഴിയെന്നൊരു പാഠം ഈ സ്ഥാനത്തു നിർദ്ദേശിക്കുന്നതായാൽ ഉദ്ദേശങ്ങളിൽ

പലതും സാധിക്കാവുന്നതാണ്. പൂവൻകോഴിയുടെ അങ്കവാൽ മയിൽപ്പീലിയുടെ ബോധത്തെ ഉണ്ടാക്കുവാനുള്ള ഒരു മുന്നറിവായി അനന്തരകാലത്തു സ്വീകരിക്കാവുന്നതുമാണ്. പക്ഷേ കോഴിയെ വളൎത്തുന്നതു പ്രധാനമായി അതിനെ കൊന്നുതിന്നാനാണെന്നു മാത്രമേ കുട്ടികൾക്കു ബോധമുള്ളു. പശുക്കളേയും ആടുകളേയും ഈ വഴിക്കുതന്നെ ചിലവിടുന്നുണ്ടെങ്കിലും കുട്ടികൾ അതിനാണ് അവയെ വളൎത്തുന്നതെന്നു പറയുന്നതല്ല. കോഴിയെ സംബന്ധിച്ച് ആ ഉത്തരമല്ലാതെ കിട്ടുവാനും നിവൃത്തിയില്ല. ഹിംസാബോധം ബാലമനസ്സിൽ ഉളവാക്കുന്നതിലുള്ള അനൌചിത്യത്തെ ഓൎത്തായിരിക്കുമോ ആ പാഠം പരിത്യജിച്ചിരിക്കുന്നതെന്നറിയുന്നില്ല. അങ്ങിനെ ആണെങ്കിൽ തന്നെ മയിലിനേക്കാളുചിതമായ പാഠം തത്തയാണെന്നു തോന്നുന്നു.

സൂൎയ്യൻ എന്ന രണ്ടാംപാഠം രണ്ടാം ക്ലാസ്സിലെ കുട്ടികൾക്കു യോഗ്യമാംവണ്ണംതന്നെ രചിച്ചിട്ടുണ്ടെന്നു സമ്മതിക്കുന്നു. പക്ഷേ അതിന്റെ സ്ഥാനത്തേയും അടുത്ത പാഠമായ ഈശ്വരപ്രാൎത്ഥനയേയുംകൂടിവെച്ചു നോക്കുമ്പോൾ അല്പമായ ഒരു അഭിപ്രായഭേദം ഉണ്ടാകുന്നുണ്ട്. ഈശ്വരപ്രാൎത്ഥന ചെയ്വാൻ ഒരുങ്ങുന്നതിനു മുമ്പുതന്നെ ഈശ്വരസത്തയുടെ ബോധം അവരിൽ ഉണ്ടാക്കേണ്ടതാണെന്ന് ഒരു അഭിപ്രായമുണ്ട്: സൂൎയ്യൻ പ്രകൃതിയിൽ കാണുന്ന ഒരു ദിവ്യവിഗ്രഹമെന്നും സൂൎയ്യനെ ആശ്രയിച്ചു നമുക്കു വിശിഷ്ടഫലങ്ങൾ സിദ്ധിക്കുന്നു എന്നും കുട്ടികളെ മനസ്സിലാക്കാൻ ഈ പാഠംകൊണ്ടുതന്നെ സാധിച്ചിരിക്കുന്നതുകൊണ്ട് ഈശ്വരതത്വബോധത്തിന്റെ അല്പമായ ഒരു അംശവുംകൂടി ഈ പാഠത്തിൽ സംക്രമിപ്പിക്കേണ്ടതായിരുന്നു. കേവലം അവലോകനം മാത്രമേ പാഠത്തിൽ നിൎദ്ദേശിച്ചിട്ടുള്ളു. എങ്കിൽ 'അമ്പിളിഅമ്മാവൻ' കുട്ടികളുടെ പ്രിയതമമായ ഒരു വിഷയമാകുമായിരുന്നു. അല്ലെങ്കിൽ സൂൎയ്യൻ എന്ന പാഠത്തിന്റെ സ്ഥാനം മറെറാരിടത്തു മതിയായിരുന്നു.

മനശ്ശക്തിയുടെ വളൎച്ചയിൽ അവലോകനവും അടുത്തു താരതമ്യവിവേചനവും ഈ രണ്ടാംപാഠപുസ്തകംകൊണ്ടു ക്ലാസിന് ഉചിതമാംവണ്ണം സിദ്ധിച്ചിട്ടുള്ളതിനാൽ ഈ വഴിക്ക് ഗ്രന്ഥം മണ്ഡനാൎഹമെന്നതു നിരാക്ഷേപമത്രെ.

സന്മാൎഗ്ഗശിക്ഷണം പാഠ്യഗ്രന്ഥംകൊണ്ടുമാത്രം സാധിക്കാവുന്നതല്ലെങ്കിലും ഏതൽബീജങ്ങളെ ബുദ്ധിയിൽ അവാപംചെയ്യുന്നതിനു പാഠ്യഗ്രന്ഥം സമൎത്ഥമാകേണ്ടതാണ്. സന്മാൎഗ്ഗബീജാങ്കുരങ്ങളെ വളൎച്ചയനുസരിച്ചു വികസിപ്പിച്ചു, ഹൃദയമണ്ഡലത്തിലാക്കുന്ന സന്മാൎഗ്ഗശിക്ഷണം ഉത്തമഫലത്തെ പ്രദാനം ചെയ്യുന്നതാണ്.

ഈ അഭിപ്രായത്തെ അവലംബിച്ചു സന്മാൎഗ്ഗപ്രതിപാദകങ്ങളായ പാഠങ്ങൾ ഈ ഗ്രന്ഥത്തിൽ സമൃദ്ധങ്ങളാണ്. അവയുടെ ക്രമീകരണത്തിൽ

ഗുണവും കേവലം ഉദാസീനമെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ആദ്യമായി ഒരു കുട്ടിയിൽ വളൎത്തേണ്ട സന്മാൎഗ്ഗബോധം എന്തെന്നു ചിന്തിക്കുമ്പോൾ അഭിപ്രായഭേദങ്ങൾക്കവകാശം കാണുന്നുണ്ടു്. ഭക്തി എന്നു ചിലർ; സത്യമെന്നു മററു ചിലർ; സ്നേഹമെന്നു വേറെ ഒരു കൂട്ടർ; എന്നാൽ അനുസരണമെന്ന ഒരു ഗുണത്തിന്റെ അടിമയായിട്ടാണു നാം വൎത്തിക്കുന്നതെങ്കിലും ഒരുവനും അതിനു സമ്മതമുള്ളവനായി കാണുന്നില്ല. ആ ഒന്നിന്റെ അഭാവം എവിടെക്കാണുന്നുവോ അവിടെ ഒരുവിധഭരണവും സാദ്ധ്യമല്ല. ശിശുസാമ്രാജ്യഭരണത്തിനു കൈയ്യേൽക്കുന്ന ഒരുവൻ അനിയന്ത്രിത ജീവപ്രസരണംകൊണ്ടു പ്രകടവ്യാപാരികളായ ശിശുക്കളെ ഉചിതവും ഉത്തമവുമായ മാൎഗ്ഗത്തിൽകൂടി നയിപ്പാൻ അനുസരണബുദ്ധി അവരിൽ അങ്കുരിപ്പിച്ചില്ലെങ്കിൽ സാധിക്കുന്നതല്ല. അതുകൊണ്ടു് ആദ്യമായി ഒരു ശിശുവിൽ അങ്കുരിപ്പിക്കേണ്ട സന്മാൎഗ്ഗബോധം അനുസരണംതന്നെയാണു്.

പാഠപുസ്തകത്തിൽ ഇരുപത്തഞ്ചാം പാഠത്തിലാണു് അനുസരണക്കേടുകൊണ്ടുവന്ന ആപത്തിനെ കാണിക്കുന്ന ഒരു പാഠമുള്ളതു്. അതു് ഒന്നുമാത്രമേ ഉള്ളുതാനും. എണ്ണത്തിൽമാത്രം കുറവുള്ളതിനു പുറമെ ആ ജാതി പ്രതിപാദനം പൂൎണ്ണസാഫല്യമാകുമെന്നും തോന്നുന്നില്ല. അനുസരണക്കേടുകൊണ്ടു വന്നദോഷം എല്ലാവിധ അനുസരണക്കേടുകൊണ്ടും വരുന്നതല്ലെന്നു കുട്ടി ധരിച്ചേക്കാനെളുപ്പമുണ്ടു്. ആപത്തിൽനിന്നൊഴിവാൻ വല്ല സൂത്രവും അവൻ കണ്ടെത്തിയാൽ അനുസരണക്കേടു പക്ഷെ സന്തോഷപ്രദമായേക്കാം.

അനുസരണശീലംകൊണ്ടു ക്രമപ്രവൃദ്ധമാകുന്ന ഇഷ്ടഫലങ്ങളെ ഉദാഹരിച്ചു് ചില പാഠങ്ങൾ ഉണ്ടായിരിക്കേണ്ടതാണു്. ആ കൂട്ടത്തിൽ അനിഷ്ടഫലവും കാണിക്കാവുന്നതാണു്.

രണ്ടു കൊല്ലംകൊണ്ടു് ഇതിലെ മുഴുവൻ പാഠങ്ങളും തീൎക്കണമെന്ന ലക്ഷ്യം ഏതാണ്ടൊന്നു് ഊഹിക്കാവുന്നതുകൊണ്ടു ചുരുങ്ങിയ പക്ഷത്തിൽ അനുസരണബോധത്തിനു രണ്ടു പാഠങ്ങളെങ്കിലും ഉണ്ടായിരിക്കേണ്ടതാണു്.

‘കച്ചവടക്കാരനും പട്ടിയും’ ‘അറബിയും കുതിരയും’ എന്നീ രണ്ടു പാഠങ്ങൾ സ്വാമിഭക്തിയെ കാണിക്കുന്നവയാണു്. അവയുടെ സ്ഥാനങ്ങൾ ഉചിതവുമാണു്. പട്ടിയെക്കുറിച്ചും കുതിരയെക്കുറിച്ചുമുള്ള അവലോകനപാഠം കഴിഞ്ഞ ഉടനെ ഓരോ സന്മാൎഗ്ഗപാഠവും കൊടുത്തിട്ടുണ്ടു്. പക്ഷേ, അവയുടെ ഘടന ഒരേജാതി പൎയ്യവസാനംകൊണ്ടു നിബന്ധിച്ചിരിക്കുന്നതു മാത്രം അഭിപ്രായഭേദമുള്ളതാണു്.

‘കിഴവനും കഴുതയും’ എന്ന പാഠത്തിൽനിന്നും എല്ലാവരും പറയുന്നതു കേട്ടാൽ അബദ്ധമാകുമെന്നു് ഒരു പാഠമാണു പഠിക്കേണ്ടതു്. അങ്ങിനെ വരുമ്പോൾ ആരും പറയുന്നതു കേൾക്കരുതു്; തോന്നിയപോലെ നടക്കണമെന്ന ബുദ്ധി കുട്ടിയിൽ ഉണ്ടായാൽ കാൎയ്യം അബദ്ധമാണു്.

‘ഇടയച്ചെറുക്കന്റെ കഥ’ ബാലനായ ‘വാഷിങ്ടൻ’ ഇവ രണ്ടും സത്യബോധത്തിനു വിവിധഘടന സ്വീകരിച്ച പാഠങ്ങളാണ്. എന്നാൽ വാഷിങ്ടന്റെ ബാല്യകഥ സത്യത്തിന് ഉദാഹരണമാണോ? തോട്ടക്കാരൻ തന്റെ കൃത്യമായ സൂക്ഷിപ്പു വേണ്ടതുപോലെ നടത്താത്ത കുറ്റത്തിന് അച്ഛൻ ശിക്ഷിച്ചെങ്കിലോ എന്നുള്ള ഭൃത്യവാത്സല്യമല്ലേ കുട്ടിയിൽ ഇപ്പോൾ പ്രത്യക്ഷമായതു്. ഈ ഒരു സ്വഭാവം കുട്ടികളിൽ പരക്കെ കാണുന്നതുമാണ്. അഥവാ സത്യബുദ്ധിപ്രേരകമെന്നുതന്നെ വാദിക്കുന്ന പക്ഷത്തിലും അമേരിക്കാക്കാരനായ ഒരുവന്റെ ജീവചരിത്രംകൊണ്ടു സത്യപ്രതിഷ്ഠ ചെയ്യുന്നതിൽപരം ശ്രേഷ്ഠമായതു് ഒരു ഭാരതീയാദർശംകൊണ്ടു സാധിക്കുന്നതാണ്. സത്യപരിപാലനത്തിൽ പാശ്ചാത്യരേക്കാൾ പൌരസ്ത്യർ ത്യാഗം അനുഭവിച്ചിട്ടുണ്ടെന്നുള്ളതു വിസ്മരിക്കത്തക്കതല്ല.

ഐകമത്യം, പരോപകാരം, സ്ഥിരപരിശ്രമം എന്നീ ഗുണപോഷണത്തിനും പൊങ്ങച്ചം, ഭീരുത്വം, അസ്ഥിരത എന്നീ ദുർഗ്ഗുണപരിഹാരത്തിനുംവേണ്ട പാഠങ്ങൾ പുസ്തകത്തിൽ ഉൾപ്പെടുത്തീട്ടുണ്ട്.

‘കിട്ടുന്നതിൽപാതി’ ‘ആനയുടെപക’ എന്നീ പാഠങ്ങൾ കുട്ടികൾക്ക് എത്രത്തോളം ഉപയോഗപ്രദമെന്നറിയുന്നില്ല. ദുർമ്മോഹനിവാരണത്തിന് ആദ്യപാഠം മതിയാകുന്നില്ല. അല്പം അസാംഗത്യവുമില്ലേ എന്നു സംശയിക്കുന്നു. ആനയുടെ പകവീട്ടിയ സമ്പ്രദായം അല്പം ഔചിത്യക്കുറവുള്ളതല്ലേ? ഗ്രന്ഥകർത്താവിന് അനുഭവത്തിൽപെട്ട രീതിയായിരുന്നാൽ തന്നെ ഈ പ്രതികാരകൃത്യം അത്ര സുഖദമല്ലാതെ തോന്നുന്നു.

പത്തൊമ്പതു പദ്യപാഠങ്ങൾ ഈ പുസ്തകത്തിൽ ചേർത്തിട്ടുണ്ട്. അവ കുട്ടികളുടെ പ്രായത്തിനും കൌതുകത്തിനും ഉചിതങ്ങളുമാണ്. കാണാപ്പാഠം പഠിപ്പിച്ച് വിചാരബീജങ്ങളെ നിക്ഷേപിക്ക എന്നല്ലാതെ പദച്ഛേദവും പരാവർത്തനവുംകൊണ്ടു കുട്ടികളെ വിഷമിപ്പിക്കുന്നതിനല്ല ഇവയെന്ന് അദ്ധ്യാപകന്മാർ ധരിക്കേണ്ടതാകുന്നു.

രണ്ടാം ക്ലാസ്സിലെ കുട്ടികൾ വായന സാമാന്യം നല്ല രീതിയിൽ നടത്തേണ്ടവരാണ്. ഉത്തമസാഹിത്യവും രീതിയും ഉചിതപദപ്രയോഗചാതുരിയും ലിപിവിന്യാസത്തിൽ വ്യവസ്ഥിതമായ ഒരു സരണിയിൽ അനുധാവനശൈലികളും അവർ അറിയാതെ(ശ്രമരഹിതമായി) അവരിൽ പ്രസ്ഫുടീഭവിക്കേണ്ടതാണ്. അതിനാൽ ഈവക ഗുണങ്ങളുടെ സമഗ്രരൂപം പാഠപുസ്തകനിർമ്മാണത്തിന് അവശ്യം അറിഞ്ഞിരിക്കേണ്ടതാണ്.

ആ വിഷയത്തെക്കൂടി അല്പം പറഞ്ഞു് ഈ ശ്രമം അവസാനിപ്പിക്കാം.

ആദ്യപാഠത്തിൽ കാണുന്ന രണ്ടാമത്തെ വാക്ക ‘ചിത്രത്തിൽ’ എന്ന ആധാരികാവിഭക്തിയാണ്. എള്ളിൽ എണ്ണ എങ്ങിനെ സർവ്വവ്യാപകമായിരിക്കുന്നുവോ അതുപോലെ പശുവും കുട്ടിയും ചിത്രത്തിൽ അഭിവ്യാ

പകമായിരുന്നു. പക്ഷേ ചിത്രത്തിന്റെ ഏതാനും അംഗങ്ങളെ സ്പർശിക്കുന്നതായിട്ടാണ് പ്രതീതിയുണ്ടാകുന്നതു്? നിഷ്കർഷിക്കയാണെങ്കിൽ ഈ ക്ലേശം പരിഹരിക്കാമായിരുന്നു. എട്ടാം പാഠത്തിൽ 'കതിരയിൽ, കയറി' എന്ന പ്രയോഗത്തെക്കാൾ 'കതിരുമേൽ കയറി' എന്നതു യോഗ്യമെന്നു തോന്നുന്നു. അങ്ങിനെ അതിൽ മറെറാരിടത്തു പ്രയോഗിച്ചു കാണുന്നുമുണ്ട്.

കൈയ്യ്, കയ്യ് എന്നീ രണ്ടുവിധവും എഴുതിക്കാണുന്നു. ഇവയിൽ രണ്ടാമത്തെരീതി സ്വീകാര്യമല്ലെന്നു സർവ്വവിദിതമായിരുന്നിട്ടും കുട്ടികളെ വ്യാമോഹിപ്പിക്കാൻ ഇടവരുത്തിയിരിക്കുന്നതു നന്നായിട്ടില്ല.

അടുത്തുതന്നെ സംവൃതോകാരോപയോഗത്തെ പരിശോധിക്കാം. മലയാളഭാഷയുടെ വ്യവസ്ഥിതി ഇല്ലാത്ത ഒരു നിയമം അതിശക്തിയായി പ്രവർത്തിക്കുന്നുണ്ടെങ്കിൽ അതു് ഈ ലിപിയുടെ പ്രയോഗമൊന്നിൽ മാത്രമാണ്. ഉകാരോപരിചന്ദ്രക്കലയും അകാരോപരിചന്ദ്രക്കലയും, അകാരവും ഉകാരവും ചന്ദ്രക്കല കൂടാതെയും പ്രയോഗിച്ചു കാണുന്നുണ്ട്. ഉകാരോപരിചന്ദ്രക്കല ഇടുകതന്നെ വേണമെന്നു 'കേരളപാണിനി' സപ്രമാണം സയുക്തികമായി സ്ഥാപിച്ചിട്ടുണ്ട്. വിഷയാന്തരപ്രതിപാദനം പ്രകൃതത്തിനു ഹാനികരമെന്നുവച്ചു് അതിൽനിന്നു നിവർത്തിച്ചുകൊള്ളുന്നു. സാർവ്വത്രികമായി ഉകാരോപരിചന്ദ്രക്കല ഇടുന്നതിൽ വൈമനസ്യമുള്ള ചില പണ്ഡിതന്മാർ ചില പ്രമാണാന്തരങ്ങളും വിധിച്ചു കാണുന്നുണ്ട്.

വാക്യത്തിന്റെ അവസാനത്തിലും സ്വരത്തിനു മുമ്പിലും (സംവൃതോകാരം) ചന്ദ്രക്കലയോടെ ഉകാരംതന്നെ വേണം. വ്യഞ്ജനം പരമാകുന്ന ദിക്കിൽ ഉകാരം മാത്രം മതി. ഇതിനെ സ്വീകരിക്കുന്ന പക്ഷത്തിലും നമ്മുടെ പാഠപുസ്തകത്തിൽ പല അബദ്ധങ്ങളും വരുത്തിക്കൂട്ടിയിരിക്കുന്നു. ഇ ഇനിയത്തെ പതിപ്പിലെങ്കിലും ഈ ദോഷത്തെ പരിഹരിച്ചു് ഒരു വ്യവസ്ഥ ചെയ്താൽ നന്നായിരിക്കും.

രേഫചില്ലിനു പരമായിവരുന്ന വ്യഞ്ജനം തീവ്രയത്നോച്ചാരണക്ഷമമെങ്കിൽ വ്യഞ്ജനോപരി കുത്തിടണമെന്ന നിയമത്തെ പാഠപുസ്തകകമ്മററിക്കാർ തീരെ അവഗണിച്ചു കാണുന്നതിനു വല്ല ന്യായവുമുണ്ടെങ്കിൽ അതു പ്രസ്താവിച്ചു കാണ്മാൻ ആഗ്രഹിക്കുന്നു.

*നായ് എന്നു കാണുന്നതു ലിപിന്യാസത്തിലെ അനാസ്ഥയോ മുദ്രകളുടെ ഭ്രംശമോ എന്നു സംശയിക്കുന്നു. "നായിക്ക" എന്നൊരിടത്തും, നായ്ക്ക എന്നു മറെറാരിടത്തും, സർവ്വത്ര യകാരത്തെ ശുദ്ധവ്യഞ്ജനമായും പ്രയോഗിച്ചുകാണുന്നു.

അല്പം അപ്രകൃതമെങ്കിലും ഈ അവലോകനപാഠത്തെക്കുറിച്ചു രണ്ടു വാക്കു പറയാനുണ്ട്. നായ് എന്ന ശബ്ദത്തെ സ്വീകരിച്ചതു് എന്തിന്?

* നായിക്ക് എന്നതിനേക്കാൾ സുഖവേദ്യം 'നായിന്' എന്നല്ലേ എന്നു സംശയിക്കുന്നു.

പട്ടിയെന്നു മതിയായിരുന്നില്ലേ? ദേശഭേദമനുസരിച്ചു നായ് പുല്ലിംഗവും പട്ടി സ്ത്രീലിംഗവുമായി ഉപയോഗിക്കാറുണ്ട്. ഇവിടെ (പുസ്തകത്തിൽ) ആ ഉദ്ദേശം ഉള്ളതായിക്കാണുന്നില്ല.

വാക്യബന്ധത്തിൽ ശ്രദ്ധ കുറയുന്നതു വലിയ കഷ്ടംതന്നെ. കുട്ടികൾ അനന്തരകാലത്തു പ്രയോഗിക്കുന്നതു് ഈ കാലത്തു ശീലിക്കുന്ന വാക്യങ്ങളാണെന്നു വിസ്മരിക്കാവുന്നതല്ല. ഒന്നാംപാഠത്തിൽ ആറാംപുറത്തു് 'എന്നാൽ പശുവിൻെറ തലയിൽ രണ്ടുകൊമ്പുണ്ടു്' എന്നുതുടങ്ങുന്ന വാക്യത്തിനുമുമ്പു് സമാനഗുണങ്ങളായ കാല്, വാല്, ചെവി ഇവയെ പറഞ്ഞിട്ടു് ഒരു വ്യത്യാസത്തെക്കാണിപ്പാനുദ്ദേശിക്കുന്നു. അതിനു് ആ 'എന്നാൽ' എന്ന ഘടകം ആ സ്ഥാനം മാററി 'എന്നാൽ കിടാവിൻെറ തലയിൽ കൊമ്പു കാണുന്നില്ല' എന്നാക്കിയാൽ പിഴകൂടാതെ കഴിക്കാമായിരുന്നു.

നാലാംപാഠത്തിൽ ഒന്നാംഖണ്ഡികയിലെ രണ്ടാമത്തെ വാക്യത്തിൽ 'സാധാരണമായി' എന്ന പദം സഞ്ചരിക്കയെന്നതിനെ വിശേഷിപ്പിക്കുന്നു. ആ സ്ഥിതിക്കു കാക്ക എന്ന പദം ഇടയിൽനിന്നു മാറേറണ്ടതാണ്.

ഇരുപത്തിരണ്ടാംപാഠം ആദ്യഖണ്ഡികയിലെ മൂന്നാംവാക്യം ഒന്നിലധികം ഭംഗിക്കുറവുള്ളതാണ്.

ദേശ്യപദങ്ങളുടെ പ്രയോഗം ഗ്രന്ഥങ്ങളിൽ കാണിച്ചു സാർവത്രികമായ പ്രചാരം അവയ്ക്കു വരുത്തുന്നതു് ഉത്തമമെന്നപക്ഷം സ്വീകാര്യമെങ്കിൽ ആവക പ്രയോഗങ്ങളെ അപലപിക്കുന്നില്ല. അല്ലെങ്കിൽ 'നീ ഒരു തവളതന്നല്ലോ' 'തൊരുത്താൽ' എന്നിത്യാദി ത്യാജ്യങ്ങളാണ്.

ചിത്രങ്ങളിൽ ചിലവയെങ്കിലും ചായംകൊടുത്തവയായിരിക്കണമെന്നു പുസ്തകകർത്താവു് നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു എന്നു തോന്നുന്നു. മയിലിൻെറ പാഠത്തിൽ ആ പക്ഷിയുടെ നിറഭേദം അറിവാൻ പടത്തിൽ നോക്കാൻ കുട്ടികളുടെ ശ്രദ്ധയെ ക്ഷണിച്ചുകാണുന്നുണ്ടു്.

അടുത്ത പതിപ്പിനു സംഗതിവരുമ്പോൾ പരിഹരിക്കാവുന്ന മേൽകാണിച്ച അബദ്ധങ്ങളെ ഒഴിക്കുന്നപക്ഷം ഈ പുസ്തകം അതിൻെറ സ്ഥാനത്തു് ഉചിതമെന്നു നിസ്സംശയം പറയാവുന്നതാണ്.

---

## ഒരു പ്രസംഗം.

(എം. രാമവർമ്മതമ്പാൻ ബി. എ, എൽ. ടി.)

(എഡ്യുക്കേഷൻ ഡയറക്ടർ മി. സി. മത്തായി ബി. എ, എൽ. ടി യുടെ അദ്ധ്യക്ഷതയിൽകൂടിയ കൊച്ചി ടീച്ചേഴ്സ് അസോസിയേഷനിൽ പ്രസംഗിച്ചതിൻെറ ചുരുക്കം.)

മാന്യരെ,

ഈ സമ്മേളനത്തിൽ സംഘടിക്കുന്നതിനു് ഇടയാക്കിയ സംഘാത

വാഹികളോടു ഞാൻ അത്യന്തം കൃതജ്ഞനായിരിക്കുന്നു. മുൻപെ സംസാരിച്ച മാന്യൻ നാട്ടുഭാഷയിൽ സംസാരിക്കാൻ അറിയാത്തവൻ വിദ്യാഭ്യാസം ഇല്ലാത്തവനാണെന്നു പറഞ്ഞുവല്ലോ. ഏതായാലും ഞാൻ മലയാളത്തിൽ സംസാരിക്കാം. 36 കൊല്ലമായി അദ്ധ്യാപകവൃത്തിയിൽ ഇരുന്ന എനിയ്ക്കിവിടെ സംസാരിക്കാൻ സന്തോഷമുണ്ടെങ്കിലും വാൎദ്ധക്യക്ഷീണം നിമിത്തം അധികം സംസാരിക്കാൻ ശക്തിയില്ല. കൂടാതെ, വിഷയംതന്നെ 'വാദ്ധ്യാന്മാരുടെ വിഷമങ്ങൾ' എന്നതായതുകൊണ്ടു കുറച്ചു വിഷമം കൂടിയുണ്ടുതാനും. അദ്ധ്യാപകന്മാരുടെ വിഷമങ്ങളെപ്പററി പറയുമ്പോൾ ഞാൻ അതിൽനിന്നു പുറമെ നില്ക്കുന്നവനാണൊ എന്നു സംശയിച്ചേക്കാം. ഒരിക്കലുമില്ല; ഞാൻ ഉദ്യോഗനിവൎത്തനായെന്നേയുള്ളു. അതുകൊണ്ടു 'നമ്മുടെ വിഷമതകൾ' എന്ന വിഷയത്തെപ്പററിയാണു ഞാനിവിടെ സംസാരിക്കാൻ ഉദ്ദേശിക്കുന്നതു്.

നമ്മുടെ ജീവിതംതന്നെ ഒരു ചതുരംഗക്കളിയാണെന്നു് ഒരു മഹാൻ പറഞ്ഞിട്ടുണ്ടു്. ചതുരംഗത്തിൽ കരുക്കൾവച്ചു മാററമുണ്ടല്ലോ. എന്നാൽ നമുക്കു വച്ചുമാററമില്ല. കളിച്ചു പിഴവന്നാൽ പിഴച്ചതുതന്നെ. വിട്ടുവീഴ്ചയൊന്നുമില്ല. വേറൊരു വിശേഷംകൂടിയുണ്ടു്. ആ കളിയിൽ ഏൎപ്പെട്ട നമുക്കു 'രണ്ടു വരു' വച്ചേണം. ഒന്നു നമ്മെ സംബന്ധിച്ചതും മറേറതു മററുള്ളവരെ സംബന്ധിക്കുന്നതും. എത്ര സൂക്ഷിച്ചാലും നമുക്കു 'അടിയറവു്' തീൎച്ചയാണു്. എന്നാലും അരശു വരാതെ സൂക്ഷിക്കണം. ചിലപ്പോൾ 'ഇഷ്ടരശു കമ്പി' വരും. ദേവനെ രക്ഷിച്ചാൽ തേരിനു ചേതംവരും. തേരിനെ രക്ഷിച്ചാൽ ദേവനു വെട്ടുവരും. ഇതാണു നമ്മുടെ സ്ഥിതി. നമ്മെ സംബന്ധിച്ചുതന്നെ പറയാം. വരവും ചിലവുംകൂടി എങ്ങിനെയാണു ശരിപ്പെടുത്തുന്നതു്? ഈ വിഷയം വലിയ വിഷമമുള്ളതാണു്. ഉയൎന്നതരക്കാൎക്കും താഴ്ന്നതരക്കാൎക്കും ഒരുപോലെ വിഷമംതന്നെ. അവരവരുടെ നിലയ്ക്കനുസരിച്ചു് എല്ലാവൎക്കും കുഴപ്പംതന്നെ. ഇതിനെന്താണൊരു നിവൃത്തിമാൎഗ്ഗം? സംഘംകൂടി ശമ്പളം കൂട്ടിതരണമെന്നെല്ലാം വേണമെങ്കിൽ തഞ്ചംപോലെ പറയാം. എന്നാൽ എനിയ്ക്കു പറയാനുള്ളതു സ്വകാൎയ്യമാണു്. വെളിയിൽ പറയണമെന്നുമില്ല. ചിലവു ചുരുക്കാൻ എന്റെ ഗുരുവരൻ എനിയ്ക്കുപദേശിച്ചിട്ടുള്ളതും എന്നാൽ എന്നെ സംബന്ധിച്ചിടത്തോളം എനിയ്ക്കു് അനുഷ്ഠിക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമായ മൂന്നുപദേശങ്ങൾ ഉണ്ടു്. ഒന്നാമതായി അത്യാവശ്യത്തിനു് നല്ലവണ്ണം ചിലവിടണമെന്നതാണു്. നമുക്കു അത്യാവശ്യമായിട്ടുള്ളതു ഭക്ഷണകാൎയ്യമാണു്. ആ കാൎയ്യത്തിൽ 'പിശുക്കു് അരുതു്'. ശരിയായ ആഹാരം കഴിക്കാതെ വിദ്യാലയത്തിൽ വന്നാൽ സങ്കടം മററുള്ളവരുംകൂടി അനുഭവിക്കും. അതുകൊണ്ടു നല്ലവണ്ണം ഉണ്ണണം. ആദായം മാത്രംനോക്കി ഊണു കുറയ്ക്കരുതു്. എനിയ്ക്കു നമ്മുടെ അഗ്രാസനരോടു് ഒന്നു അപേക്ഷിക്കാനുണ്ടു്. (അഗ്രാസനർ ഡയറക്ടർ മി. മത്താ

തിയായിരുന്നു—ഇ.പ.) ആരെങ്കിലും അധ്യാപകവൃത്തിക്കു വന്നാൽ ഒന്നാമതായി ഒരു വലിയ സദ്യകൊടുക്കണം. നല്ലവണ്ണം ഉണ്ടില്ലെങ്കിൽ ഉദ്യോഗ കൊടുക്കരുതു്. ഈ കാൎയ്യത്തിൽ നമ്മുടെ ബ്രാഹ്മണസഹോദരന്മാരെ അനുകരിക്കയാണുത്തമം. (ചിരി) എന്നാൽ അവരുടെ കാപ്പികുടി അനുകരിക്കരുതു്. കൂടാതെ ഊണിന്റെ കാൎയ്യത്തിൽ കൃതജ്ഞതയൎഹതയുള്ളതു ബ്രാഹ്മണസഹോദരിമാൎക്കാണ്. അവരെപ്പോലെ ഗൃഹഭരണം ഇതരസ്ത്രീകൾക്കറിയാൻ പാടില്ല. അവർ ചിലവു ചുരുക്കിയും എന്നാൽ സുഖമായും ഭൎത്താവിനു ഭക്ഷണം കൊടുക്കുന്നു. എന്നാൽ ബ്രാഹ്മണസഹോദരന്മാരെ ഭൃത്യന്മാരായിവച്ചാൽ അവർ നമ്മെ മുടിക്കുകയും ചെയ്യും.

രണ്ടാമത്തെ ഉപദേശം ആവശ്യത്തിനു മിതമായി ചിലവിടണമെന്നാണ്. വസ്ത്രാഭരണങ്ങൾ ഷൂസ് ഇതിൽ ഉൾപ്പെടുന്നതു്. ഈ കാൎയ്യത്തിൽ മഹാത്മാഗാന്ധി മുതലായ നേതാക്കന്മാരോടു് നാം കൃതജ്ഞന്മാരായിരിക്കണം. എന്തുകൊണ്ടെന്നാൽ ആ മഹാന്മാരുടെ ഉപദേശത്തോടുകൂടി വസ്ത്രവിഷയത്തിൽ ചിലവു ചുരുങ്ങിയിട്ടുണ്ട്. ഇപ്പോൾ മുണ്ടു് മുഷിഞ്ഞാലും 'ഖദറാ'ണൽ 'കേസില്ല.' ഞാൻ കോഴിക്കോട്ടു ചെന്ന കാലത്തു് തൊപ്പി കൂടാതെ പുറത്തിറങ്ങുന്നതു് അവിടെ ഒരു വലിയ കുറവായിരുന്നു. ഇപ്പോൾ മുഷിഞ്ഞ ഒരു ഖദർ ഞാത്തി വഴിയിലെ മണ്ണടിച്ചു നടന്നാൽ മതി- മാനമായി.

ഇനിയത്തേതു് അതായതു് മൂന്നാമത്തേതു് അനാവശ്യത്തിനു ചിലവ് അരുതു് എന്നാണ്. ഇതിനു നാം ഒട്ടും ചിലവുചെയ്യരുതു്. ബീഡി മുതലായ ധൂമപാനസാധനങ്ങൾ ഉപയോഗിക്കരുതു്. ഞാൻ ഇതുവരെ ഇതൊന്നും ഉപയോഗിച്ചിട്ടില്ല. അതുകൊണ്ടു് എനിക്കു തരക്കേടൊന്നും പററിയിട്ടുമില്ല. ആരോഗ്യം ഉണ്ടാകാൻ ഉന്മാദകദ്രവ്യങ്ങൾ വൎജ്ജിക്കതന്നെ വേണം. അമേരിക്കക്കാർ കള്ളുകുടി നിൎത്തിയതുമുതൽ പണിയെടുക്കുവാൻ അവൎക്കു ഇരട്ടി ശക്തി ഉണ്ടായിരിക്കുന്നു എന്നു് പറഞ്ഞുകാണുന്നു. ഈ കാൎയ്യത്തിൽ അധ്യാപകന്മാർ പ്രത്യേകം ദൃഷ്ടിവെക്കണം.

അന്ധവിശ്വാസം സമുദായമത്സരം മുതലായവ അകററണം. സ്ത്രീധനം, അടിയന്തിരച്ചിലവ് ഇവ കുറയ്ക്കണം. നിവൃത്തിയുള്ളേടത്തോളം വരവനുസരിച്ച് ചിലവുചെയ്യണം. ഞാൻ പറയുന്നതു് 'നില്ലുകള്ളി'യ്ക്കു വേണ്ടിയാണ്. ജാതി മുതലായവ ത്യജിച്ച് യോജിച്ചുതാമസിക്കണം. ഒരു വീടിന് 10-20-ക വാടക കൊടുക്കേണ്ടിവരുന്നു. നാലഞ്ചു കൂട്ടർ ഒന്നിച്ചു താമസിച്ചാൽ ലാഭമുണ്ടല്ലൊ.

ഇന്നു് അധ്യാപകവൃത്തിക്കാൎക്കു മറെറാരാദായമുള്ളതു് 'ട്യൂഷൻ' മൂലമാണ്. സ്കൂളിൽവച്ചും വീട്ടിൽവച്ചും ഒരേ പാഠങ്ങളെ ആവൎത്തിച്ചു പഠിപ്പിക്കുന്നതു മുഷിച്ചിലാണ്. ഇതല്ലാതെ ഇതരതൊഴിലുകൾ വല്ലതും ചെയ്യാമൊ എന്നു നോക്കാം. ഇന്നു നമുക്കു ലോകത്തിൽ മറെറാരു പ്രവൃത്തി

യും അറിഞ്ഞുകൂട. ഒരു പണയാധാരമോ മറേറാ എഴുതാൻ വല്ലവരുടേയും അടുത്തുചെന്നാൽ അവർ നമ്മെ പററിക്കാൻ വളരെ എളുപ്പമാണ്. ആവക കാൎയ്യങ്ങളും കൂടി അറിഞ്ഞിരിക്കണം. നമുക്കു കൃഷിചെയ്യാൻ യാതൊരു വിഷമവുമില്ല. അഞ്ചെട്ടു ആളുകൾ ഒത്തുചേൎന്നു കുറെ സ്ഥലം കൃഷിചെയ്യണം. കൺട്രാക്ടററാ മറേറാ ഏറെറടുത്തു നടത്തുന്നതും നന്നായിരിക്കും.

ഇൻഡ്യയിലെ ബാലമരണം അസഹനീയമായിരിക്കുന്നു. ഒരു വയസ്സു തികയുന്നതിനുമുമ്പു മരിച്ച കുട്ടികളുടെ ശരീരമെല്ലാം ബാംബെയിൽനിന്നും കൽകത്തവരെ നീണ്ടുകിടക്കുന്ന റയിലിന്മേൽ നിരത്താൻ സ്ഥലം തികയാതെ കുറെ ബാക്കിവരുന്നേക്കും. ബാല്യവിവാഹം, നിൎബന്ധവിവാഹം, ജനനിയന്ത്രണം എന്നീ കാൎയ്യങ്ങളിൽ നമുക്കു വലിയ കടമ നിറവേററാനുണ്ട്. ലോകത്തിലെ ജനവൎദ്ധനയ്ക്കു സന്താനനിയന്ത്രണം അത്യാവശ്യമാണ്. ഇതിനെപററിയുള്ള സാഹിത്യങ്ങൾ ഇന്നു സുലഭമാണ്. അവയെല്ലാം സമ്പാദിച്ചു പഠിക്കണം. ബാലമരണവും മററും ഇല്ലാതാക്കാൻ നാമാണു ശ്രമിക്കേണ്ടതു്. നമ്മുടെ രാജ്യത്തിന് സൎവ്വനാശങ്ങളും ഇതിൽനിന്നു വരാവുന്നതുകൊണ്ടു വേണ്ട നിവൃത്തിമാൎഗ്ഗങ്ങൾ ഉണ്ടാക്കണം. എന്നാൽ നമ്മുടെ കാൎയ്യത്തിൽ തീൎച്ചയായും മെച്ചം ഉണ്ടാകും.

പൊതുജനങ്ങൾക്കു നമ്മെപ്പററി ഒന്നും അറിഞ്ഞുകൂട. അതുകൊണ്ടു നാം പറയുന്നതും അവർ അറിയുകയില്ല. നമ്മുടെ അഭിപ്രായങ്ങൾ അവരെയും മനസ്സിലാക്കണം. അദ്ധ്യാപകന്മാൎക്കു ശമ്പളം കൂട്ടണം എന്നു പറയുമ്പോൾ അവൎക്കു 'ലഷർ' അധികമുണ്ടെന്നും ഒരു ബാങ്കുക്ലാൎക്കിനോളം പണിയവൎക്കില്ലെന്നും നിയമസഭക്കാരും മററും പറയും. അദ്ധ്യാപകനും ബാങ്കുക്ലാൎക്കും തമ്മിൽ വളരെ വ്യത്യാസമുണ്ട്. ജാതിതന്നെ രണ്ടും രണ്ടാണ്. അദ്ധ്യാപകൻ ക്ലാസ്സുമുറിയിൽ പ്രവേശിക്കുമ്പോൾ കാണുന്നതു വിവിധതരത്തിലുള്ള മുപ്പതു പട്ടിണിസ്വരൂപങ്ങളെയാണ് ജ്ഞാനത്തിൽ മാത്രമല്ല, വയററിലും പട്ടിണിതന്നെ. ജ്ഞാനം തരു എന്നു് പ്രാൎത്ഥിക്കുന്ന കുട്ടികളെ ശാസിച്ചു പഠിപ്പിക്കുന്നതുകൊണ്ടു പ്രയോജനമില്ല.

അദ്ധ്യാപകൻ ഒരു കവിയെപ്പോലെയാണ്. കവിത ചമയ്ക്കുവാൻ ഒരാവേശം വേണം. അതുപോലെ ആവേശംവന്നു് പഠിപ്പിക്കണം. കുട്ടിക്കാലം ഓടിച്ചാടി കളിച്ചു നടക്കാനുള്ളതാണല്ലോ. മനസ്സിൽ കുത്തിക്കയററി പഠിപ്പിക്കയല്ല വേണ്ടതു്. 'മനസ്സിലായില്ലേ' എന്നു ചോദിക്കുന്ന ഇന്നത്തെ രീതി കഷ്ടംതന്നെ. അദ്ധ്യാപകൻ എന്ന പേരിനേക്കാൾ ആവേശകൻ എന്ന പേരാണ് അധികം യോജിക്കുന്നതെന്നെനിക്കു തോന്നുന്നു. അദ്ധ്യാപകൻ പോകുമ്പോൾ കുട്ടികൾ ജ്ഞാനവിഷയത്തിൽ വിശപ്പോടുകൂടി പിരിയണം. അദ്ധ്യാപകനു് 'ലഷർ' അധികമാണെന്നു പറയുന്നവരുണ്ട്. അവൎക്കു കാൎയ്യം മനസ്സിലാവാത്തതുകൊണ്ടാണ് അവരങ്ങനെ പറ

യുന്നതു്. അതുകൊണ്ടു പൊതുജനങ്ങളെ ഈ കാര്യം മനസ്സിലാക്കിക്കൊടുക്കേണ്ടതു് അധ്യാപകന്മാരുടെ ചുമതലയാണു്. ഒരു ക്ലാക്കിനു മുൻകൂട്ടി വല്ലതും തയാറാവാനുണ്ടോ? സമയമായാൽ ബാങ്കിൽ ചെല്ലണം. കണക്കെഴുതണം. അത്രെയുള്ളൂ. എന്നാൽ അധ്യാപകനു് അത്രമാത്രം മതിയോ? പഠിപ്പിക്കേണ്ടതെല്ലാം ആദ്യം താൻതന്നെ പഠിക്കണം. അല്ലെങ്കിൽ ഒരു വിദ്യാൎത്ഥി ഒരൊററ ചോദ്യം ചോദിച്ചാൽ അധ്യാപകൻ അവിടെ മുട്ടിപ്പോകും. കുട്ടികൾ പലപ്പോഴും, ചോദ്യം ചോദിച്ചും മററും വട്ടംതിരിക്കാതെ അതാതുദിവസത്തെ പാഠം കഴിഞ്ഞാൽ മതിയെന്നായിരിക്കും അധ്യാപകൻെറ ആലോചന. അതുകൊണ്ടു വ്യാകുലതയ്ക്കാണു് അധികം ഇടയുള്ളതു്.

പരീക്ഷാജയമാണു നമ്മുടെ ലാക്കു്. ആവൂ! വല്ലപ്രകാരവും കുട്ടികൾ പരീക്ഷയിൽ ജയിച്ചാൽ ഭാരം തീൎന്നു. അതിനാണു വലിയ വിഷമം. ഇംഗ്ലീഷിൽ ഒരു രസികനായ കവിത വായിച്ചു് ആവേശത്തോടുകൂടി അൎത്ഥം പറഞ്ഞുകൊണ്ടിരിക്കുമ്പോൾ 'പരീക്ഷയ്ക്കു വരുമോ സർ' എന്നൊരു ചോദ്യം ചോദിക്കും. അതുവരെ ഉണ്ടായ രസമെല്ലാം അതോടുകൂടി പോയില്ലേ? കവിതയുടെ രസം എത്രയായാലും പറഞ്ഞുകൊടുത്ത രീതി എത്ര ഉൽകൃഷ്ടമായാലും എന്താണു ഫലം? നമ്മുടെ ഉന്നം തെററിയതല്ലേ ഇതിനു കാരണം? തൊഴിലില്ലായ്മയും ഈ പരീക്ഷാജയം ഉന്നമാക്കിയതുകൊണ്ടാണു് ഇത്ര വൎദ്ധിച്ചതു്. കുട്ടി പഠിച്ചു് ഒരു തോട്ടക്കാരനാകണമെന്നോ ഒരു കൃഷിക്കാരനാകണമെന്നോ ആരെങ്കിലും പറയാറുണ്ടോ? ഇന്നത്തെ എ ബി ക്ലാസുമുതൽ ബി എ ക്ലാസുവരെയുള്ള 35 ശതമാനസ്വപ്നമൊഭ്രാന്തോ കുറഞ്ഞല്ലാതെ വിദ്യാഭ്യാസം ഒരിയ്ക്കലും സഫലമാകയില്ല.

നമ്മുടെ അധ്യാപകന്മാർ ഒരു യാഗം ചെയ്യുന്നുണ്ടു്. അവരുടെ ചൂരക്കോൽപ്രയോഗം തീരെ നിറുത്തി കുട്ടികളെ പിന്നിൽനടത്തി ഘോഷയാത്രയായി ഒരു മൈതാനത്തിൽകൂടി അവിടെ ഒരു ഹോമകുണ്ഡംകൂട്ടി ആ വടികളെ അതിൽ ഹോമിക്കണം. ദൈവത്തിനു ഭാഷയെല്ലാം അറിയാമല്ലോ. ആ ഹോമത്തോടുകൂടി ഒരു മന്ത്രമുള്ളതു മലയാളത്തിലാണു്. "അല്ലയോ വടി! എൻെറ അറിവില്ലായ്മയെ അന്യരെ അറിയിക്കാതിരിക്കാൻ സഹായിച്ച വടി! ഞാൻ ബാലശാപം തോണ്ടിയെടുക്കാൻ ചട്ടുകമായി ഉപയോഗിച്ച വടി! അഗ്നിയെ സ്വാഹാ" ഇതാണു് ആദ്യം ചെയ്യേണ്ടതു്. അടിയുടെ ആദിചരിത്രം നോക്കിയാൽ അടികൊണ്ടാൽ കരഞ്ഞുകൂടെന്നുണ്ടായിരുന്നതായി കാണാം. എന്നുതന്നെയല്ല, ചിരിക്കുകയുംകൂടി വേണം. ഒരു കാലത്തു് അടികൊണ്ടു സഹിക്കവഹിയാത്ത അമ്മമാർ കുട്ടികളെ ആശാന്മാരുടെ പക്കൽനിന്നും പിടിച്ചുപറിച്ചുംകൊണ്ടു പോന്നു. മാണ്ടിസോറിസിസ്റ്റത്തിൽ വടി എവിടെ? അടി മാത്രം നിൎത്തിയാൽ പോരു അതിൻെറ 'ബദലു'കളായ, നുള്ളു്, പിച്ചു്, തിരുമ്മു മുതലായവയും കു

ളയണം. വടിയെടുക്കേണ്ടവൻ പഠിപ്പിക്കാൻ യോഗ്യനല്ലെന്നു തീൎച്ചയാണ്. അതിനാൽ എല്ലാ ചെറുഅദ്ധ്യാപകന്മാരും ഈ യാഗം നടത്തട്ടെ!

ഇന്നത്തെ വിദ്യാഭ്യാസരീതിതന്നെ അസ്വാഭാവികമാണ്. പ്രാഥമികക്ലാസ്സിൽതൊട്ടു നോട്ട് എഴുതണം. ആ ക്ലാസ്സുകളിൽ ഒരു കുട്ടിയുടെ പന്ത്രണ്ടു നോട്ടുബുക്കു വേണം. എന്നുതന്നെയല്ല, എല്ലാ കുട്ടികളും ഒന്നിച്ചുകൂടിയിരിക്കയും വേണം. പാട്ടു പാടലോ ഈശ്വരപ്രാൎത്ഥനയോ മററോ ആണെങ്കിൽ എല്ലാവരും ഒരു സ്ഥലത്തിരിക്കുന്നതു നല്ലതായിരിക്കാം. പക്ഷെ, തെങ്ങിനെപ്പററി പഠിപ്പിക്കാൻ എല്ലാ കുട്ടികളും ഒരുമിച്ച് ഒരു ക്ലാസ്സിലിരിക്കണം എന്നു പറയുന്നതു തെററാണ്. നമ്മുടെ നാട്ടിൽ തെങ്ങു ധാരാളമുണ്ട്. അതിന്റെ അടുത്ത് എല്ലാവരേയും കൂട്ടിക്കൊണ്ടുപോയി പഠിപ്പിക്കുവാൻ യാതൊരു വിഷമവുമില്ല. ഓടിക്കളിച്ചു നടക്കേണ്ടുന്ന കുട്ടികളെ അര മണിക്കൂറിലധികം ഒരു നിലയിൽ ഇരുത്തരുത്. അര മണിക്കൂർ കഴിഞ്ഞാൽ കളിക്കാൻ വിടണം. എന്നാൽ ഡിസിപ്ലിനും മററും തനിയെ ഉണ്ടാവും.

വിദ്യാഭ്യാസവിഷയത്തിൽ അന്യരുടെ അധികാരം ചെലുത്തൽ കുറയണം. നാം പഠിപ്പിക്കുന്ന പുസ്തകം എഴുതാൻ അന്യരാണ്. അതു തീരെ സമ്മതിച്ചുകൂട. നാമാണ് പഠിപ്പിക്കുന്നതെങ്കിൽ എഴുതാനും നാംതന്നെ വേണം. ആ സംഗതിയിൽ ടീച്ചേഴ്സ് അസോസിയേഷന്റെ അഭിപ്രായം അറിയണം. ഇന്ന പുസ്തകം നന്നു, ഇന്നതു പഠിപ്പിക്കാം എന്നു തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അദ്ധ്യാപകന്മാൎക്കുണ്ടാകണം. സ്കൂൾ സമയം 3 മണിക്കൂർ വീതം 4 ദിവസങ്ങളാക്കി ബാക്കി സമയം നിങ്ങൾ തന്നെ പഠിക്കുവാൻ ചിലവഴിച്ചാലെ ഇതിനൊക്കെ യോഗ്യതയുണ്ടാകു. ഇന്ന പുസ്തകം പഠിപ്പിക്കണം എന്ന് അന്യർ പറയുമ്പോൾ 'ഇതു പഠിപ്പിക്കാൻകൊള്ളില്ല' എന്നു പറയാറാവണം.

മറെറാരു വിഷമം ദാരിദ്ര്യംമൂലം തൊഴില് നന്നാവുന്നില്ല എന്നതാണ്. തൊഴിൽ നന്നാവാത്തതുകൊണ്ടു ദാരിദ്ര്യം തീരുന്നുമില്ല. പുസ്തകം വാങ്ങാൻ കാശില്ല. പുസ്തകം വാങ്ങി പഠിക്കണം. എങ്ങിനെ അതെല്ലാം സാധിക്കും. ഇതും ഇസ്ലരശ്ശ്കമ്പിയാണു... തൊഴിൽ നന്നാക്കാൻ പണം വേണം.

ഇപ്പോൾതന്നെ ഞാൻ അര മണിക്കൂറിലധികം സംസാരിച്ചു ക്ഷീണിച്ചിരിക്കുന്ന നിങ്ങളെ കുറെക്കൂടി ക്ഷീണിപ്പിച്ചു. (അഗ്രാസനർ ഇല്ല ഇല്ല) എന്നാൽ ഞാനും ക്ഷീണിച്ചിരിക്കുന്നു. എങ്കിലും എന്റെ ജീവിതത്തിൽ ഞാൻ തൊഴിലായി സ്വീകരിച്ച അദ്ധ്യാപകവൃത്തിയിൽ പണിയുന്നവരെ കാണുകതന്നെ പരമാനന്ദമാണ്; ആയുഷ്യമാണ്; ധൈൎയ്യവും തിരിയെ തരുന്നതാണ്. ഈ ലാഭങ്ങൾക്കൊക്കെ അവസരം തന്ന സഭാപ്രവൎത്തകന്മാരോട് എത്ര നന്ദി പറഞ്ഞാലും മതിയാകുന്നതല്ല. ഞാൻ പറഞ്ഞ

ളു ക്ഷമിച്ചു കേട്ട അദ്ധ്യക്ഷനവർകളോടും ഞാൻ പ്രത്യേകം കൃതജ്ഞത പ്രദർശിപ്പിച്ചുകൊള്ളുന്നു. മേലും നമുക്കു തങ്ങളിൽ സമ്മേളിക്കുന്നതിന് ഇടയുണ്ടാകുമാറാകട്ടെ എന്ന് ആശംസിച്ചുകൊണ്ടു തല്ക്കാലം ഞാൻ വിരമിക്കട്ടെ.

# ആദർശവിദ്യാലയം

(എൻ. ജി. നംഥർ, എം. എ., എൽ. ടി.)

അടുത്ത കാലത്തിനിടയിൽ വിദ്യാലയങ്ങളുടെ എണ്ണം വളരെ വർദ്ധിച്ചിട്ടുണ്ടല്ലോ. എന്നാൽ ആ വിദ്യാലയങ്ങൾ ശരിയായി നടന്നുപോകുന്നുണ്ടോ എന്നും അവിടെനിന്നും വെളിയിൽ പോകുന്നവർ ജീവിതകൃത്യനിർവ്വഹണത്തിനു പ്രാപ്തരാകുന്നുണ്ടോ എന്നും നിശ്ചയമില്ല.

വിദ്യാലയങ്ങൾ ഭാവിജനപരമ്പരക്കു യഥാർത്ഥമായ എന്തെങ്കിലും ഗുണം ചെയ്യുന്നതിനു മുമ്പായി അവയ്ക്കു ചില പ്രത്യേകഗുണങ്ങൾ ഉണ്ടായിരിക്കണം. ഒരു നല്ല വിദ്യാലയത്തിൻെറ വിശേഷതകളെപ്പററി ഇവിടെ പ്രതിപാദിച്ചുനോക്കാം. അതോടുകൂടിത്തന്നെ ഇന്നത്തെ വിദ്യാലയങ്ങളിലുള്ള ചില ന്യൂനതകളെയും ചൂണ്ടിക്കാണിക്കാമെന്നും വിചാരിക്കുന്നു.

വിദ്യാലയത്തിൻെറ സ്ഥാനം നന്നായിരിക്കണം. ഒരു നഗരത്തിൻെറ മദ്ധ്യത്തിലോ, രോഗങ്ങൾ പടർന്നുപിടിക്കുന്ന വൃത്തിഹീനങ്ങളായ പ്രദേശങ്ങളിലോ പള്ളിക്കൂടം സ്ഥിതിചെയ്യരുതാത്തതാകുന്നു. നമ്മുടെ മിക്ക കുട്ടികളും അനാരോഗ്യകരങ്ങളായ ഗൃഹങ്ങളിൽ താമസിക്കുന്നവരാണ്. അവർ വിദ്യാലയത്തിൽ വരുമ്പോൾ അവർ താമസിക്കുന്ന വീടുകളും പഠിക്കുന്ന പള്ളിക്കൂടവും തമ്മിലുള്ള അന്തരമറിയുന്നതിനും അവ തമ്മിൽ താരതമ്യം ചെയ്യുന്നതിനും സാധിക്കത്തക്കവണ്ണം വിദ്യാലയം എത്രയും ശുചിയായ ഒരു സ്ഥലത്തു സ്ഥാപിച്ചിരിക്കണം. അങ്ങനെയായാൽ അവർ ശുചിത്വത്തിൻെറ പ്രാധാന്യത മനസ്സിലാക്കുകയും, വെളിച്ചവും കാററും ലഭിക്കുന്ന സ്ഥലത്തു താമസിക്കുന്നതിൻെറ ആവശ്യം അറിയുകയും, ജീവിതം ആരംഭിക്കുമ്പോൾ അവരുടെ ജീവിതത്തെയും ജീവിതരീതിയെയും പരിഷ്കരിക്കുകയും ചെയ്യുന്നതാകുന്നു. വിദ്യാലയമിരിക്കുന്ന സ്ഥലം സുമനോഹരമായിരിക്കണം. അതിൽ കുട്ടികൾക്ക് അഭിമാനിക്കത്തക്കവിധത്തിൽ നയനാനന്ദകരമായ ഒരു ഉദ്യാനവും വേണ്ടതാണ്. തന്മൂലം കുട്ടികൾ പ്രകൃതിയുടെ വിലാസങ്ങളെയും കമനീയതകളെയും അഭിനന്ദിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നതിനു പഠിച്ചുതുടങ്ങും. മനസ്സിന് ആനന്ദം ലഭിക്കും. ക്ലാസ്സുമുറികൾ എത്രയും ശുചിയായിരിക്കണം. ഭിത്തികൾ നല്ല ചിത്രങ്ങളാലും മററും അലംകൃതങ്ങളായിരിക്കണം. പഠിത്തത്തിലോ വി

നോദങ്ങളിലും സമർത്ഥന്മാരായ വിദ്യാർത്ഥികളുടെ പേരുകൾ പ്രധാനമായ ഭാഗങ്ങളിൽ എഴുതിവച്ചിരിക്കണം. കളിസ്ഥലം പള്ളിക്കൂടത്തോടടുത്തിരിക്കണം. അങ്ങനെയായാൽ പഠിത്തസമയത്തുകൂടി കളിയുടെ ആവശ്യം നേരിട്ടാൽ കുട്ടികൾക്കു കളിക്കുന്നതിന്നു സൌകര്യം ലഭിക്കുന്നതാണല്ലോ. വിദ്യാലയത്തിനടുത്തുതന്നെ വിനോദസ്ഥലവും വിദ്യാലയത്തിന് ആകർഷണീയമായ ആകൃതിയും ഇല്ലെങ്കിൽ വായനയിൽ അരുചിയുണ്ടായിത്തീരുകയില്ലേ എന്നു ഭയപ്പെടേണ്ടിയിരിക്കുന്നു. വിദ്യാലയം നിരുന്മേഷജനകവും അടിമവ്യവസായശാലാസദൃശവുമായ ഒരു സ്ഥാപനമാണെന്നുള്ള വിചാരത്തോടുകൂടി അദ്ധ്യേതാക്കൾ അവിടെനിന്നും പുറത്തു പോയി എന്നു വന്നേക്കാം. ആ വിചാരം അവരുടെ ഭാവനാശക്തിയെ ആകർഷിക്കയില്ലെന്നുമാത്രമല്ല എത്രയും ചുരുങ്ങിയസമയംമാത്രം അവിടെ കഴിച്ചുകൂട്ടുവാൻ അവർ ആഗ്രഹിക്കുകയും ചെയ്യും.

അദ്ധ്യാപകന്മാർ:— വിദ്യാലയത്തിലെ ജോലി ഭംഗിയായി നിർവ്വഹിക്കണമെങ്കിൽ ഉത്തമന്മാരായ അദ്ധ്യാപകന്മാരുടെ സാന്നിദ്ധ്യം അത്യന്താപേക്ഷിതമാണ്. അദ്ധ്യാപകവൃത്തിയിൽ പ്രതിപത്തിയില്ലാത്തവരും മറ്റു യാതൊരു ജോലിയും ലഭിക്കാത്തതുകൊണ്ടു അതിൽ പ്രവേശിച്ചിട്ടുള്ളവരുമായ അനേകം അദ്ധ്യാപകവീരന്മാർ നമ്മുടെ വിദ്യാലയങ്ങളിലുണ്ടെന്നുള്ള വസ്തുത എല്ലാവർക്കും അറിയാമല്ലോ. ഒരുവൻ എല്ലാ തുറകളിലും പരാജിതനായാൽ അയാൾ ഒരദ്ധ്യാപകനോ മതോപദേശിയോ ആയിത്തീരുന്നു എന്നു ചിലർ പറയാറുണ്ട്. ആ തരക്കാരെക്കൊണ്ടു പ്രയോജനമൊന്നുമുണ്ടാകാൻ തരമില്ലല്ലോ. അവർ അദ്ധ്യാപകവൃത്തിയുടെ പാവനതയേയും യോഗ്യതയേയും അപഹരിക്കുന്നു എന്ന് വേണം പറയുവാൻ. ഒരു അദ്ധ്യാപകനുവേണ്ട പ്രധാന ഗുണങ്ങൾ അദ്ധ്യാപകവൃത്തിയോടുള്ള പ്രതിപത്തിയും സ്നേഹവുമാണ്. അദ്ധ്യാപകവൃത്തിയിലുള്ള പ്രതിപത്തി അവനെ കത്തിജ്വലിപ്പിക്കണം.

ട്രെയിനിംഗ് നല്ലതല്ലെന്ന് ആരും പറയുന്നില്ലെങ്കിലും എല്ലാവരും ട്രെയിനിംഗ് കഴിഞ്ഞിട്ടുള്ളവരായിരിക്കണമെന്നില്ല. ട്രെയിനിംഗ് കഴിഞ്ഞിട്ടുള്ള വാദ്ധ്യാർ ഇരുട്ടിലകപ്പെട്ട ഒരുവനേപ്പോലെ തപ്പുകയില്ല. അയാളുടെ ചുമതല എന്തെന്ന് അയാൾക്ക് നല്ലപോലെ അറിയാമായിരിക്കും. യഥാർത്ഥമായി ജോലിചെയ്യുന്നവരും അദ്ധ്യാപകവൃത്തിയിൽ പ്രതിപത്തിയുള്ളവരുമാണെങ്കിൽ ട്രെയിനിംഗ് കഴിയാത്ത അദ്ധ്യാപകന്മാർക്കും പ്രയോജനപ്രദായകരും സമർത്ഥന്മാരുമായിത്തീരാവുന്നതാണ്. ട്രെയിനിംഗ് കഴിഞ്ഞിട്ടുള്ള ഒരദ്ധ്യാപകൻ പോലുമില്ലാത്ത ചില ഗ്രാൻറു വിദ്യാലയങ്ങളിൽ, ട്രെയിനിംഗ് കഴിഞ്ഞിട്ടുള്ള അദ്ധ്യാപകന്മാരുടെ സമ്പൂർണ്ണതകൊണ്ടു സമുല്ലസിക്കുന്ന ഗവൺമെൻറു പള്ളിക്കൂടങ്ങളേക്കാൾ നല്ലതായ പരീക്ഷാഫലം കാണിക്കുന്നുണ്ടെന്നു ചില ഇൻസ്പെക്ടരന്മാർ അഭിപ്രായപ്പെട്ടിട്ടു

ണ്ടു്. ഒരു ജോലിയോടുള്ള മനസ്ഥിതിയാണു് പ്രധാനമായിട്ടുള്ളതു്; സർവ്വകലാശാലാ ബിരുദുകൾ അല്ല. വിദ്യാലയസംബന്ധമായ അന്തർഭാഗഭരണം പ്രഥമാദ്ധ്യാപകനിലായിരിക്കണം പൂർണ്ണമായിസ്ഥിതി ചെയ്യുന്നതു്. അതിന്റെ അർത്ഥം; അദ്ദേഹം സ്വേച്ഛാഭരണം നടത്തണമെന്നല്ല. മറ്റുള്ള അദ്ധ്യാപകന്മാരോടും യോജിച്ചുവേണം അദ്ദേഹം ഭരണം നടത്തുവാൻ. ഒന്നല്ലെങ്കിൽ മറ്റൊന്നിൽ അവർക്കു് ഉത്തരവാദിത്വം നൽകണം. പ്രധാനമായ യാതൊരു പ്രവൃത്തിയും അവരോടു് ആലോചിക്കാതെ പ്രഥമാദ്ധ്യാപകൻ ചെയ്തുകൂടാ.

മാനേജരൊ, മാനേജിംഗ് കമ്മിറ്റിയൊ അനാവശ്യമായി വിദ്യാലയഭരണത്തിൽ കൈകടത്തിക്കൂടാ. മാനേജരുടെ ജോലി വിദ്യാലയത്തിനു വേണ്ട പണം നൽകുകയും, കണക്കുകൾ പരിശോധിക്കുകയും, കെട്ടിടങ്ങൾ സൂക്ഷിക്കുകയുമാണു്. വിദ്യാലയത്തിനു ഗുണകരമായ സകലകാര്യങ്ങൾക്കും പണം ചിലവാക്കുവാൻ അയാൾ സദാ സന്നദ്ധനായിരിക്കണം. ചുരുക്കിപ്പറയുകയാണെങ്കിൽ ഒരു വിദ്യാലയം ഒരു വലിയ കുടുംബമാണു്; പ്രഥമാദ്ധ്യാപകനും സഹായാദ്ധ്യാപകന്മാരും സൗഹാർദ്ദപൂർവ്വം പെരുമാറണം; അദ്ധ്യാപകന്മാരും അദ്ധ്യേതാക്കളും തമ്മിൽ സഹോദരഭാവേന വർത്തിക്കണം; ഒരാൾ മറ്റൊരാളോടു സഹകരിക്കുവാൻ എല്ലായ്പോഴും സന്നദ്ധനായിരിക്കണം.

കുട്ടികളുടെ സംഖ്യ:— കുട്ടികളുടെ സംഖ്യയെ സംബന്ധിച്ചേടത്തോളം ഗ്രാന്റു വിദ്യാലയങ്ങൾ വലിയ വിഷമത്തിലാണു് കഴിച്ചുകൂട്ടുന്നതു്. ഒരു കുട്ടിക്കു പ്രവേശനമനുവദിക്കാതിരുന്നാൽ വിദ്യാലയത്തിന്റെ ആദായത്തിൽ കുറവുവരുന്നു. എല്ലാ കുട്ടികൾക്കും പ്രവേശനം നൽകി ജയിക്കുന്നവരുടെ സംഖ്യ വർദ്ധിപ്പിച്ചാൽ അതും നന്നല്ല; നിയമനം കുഴപ്പത്തിലാകും. ഡിപ്പാർട്ടുമെന്റുകാർ ഒരു ക്ലാസിൽ 35 കുട്ടികളാകാമെന്നാണു് അനുവദിച്ചിട്ടുള്ളതു്. 35 കുട്ടികളെ പഠിപ്പിക്കുന്നതിനൊ നിയന്ത്രിക്കുന്നതിനൊ ഒരു വാദ്ധ്യാർക്കു് എളുപ്പത്തിൽ സാധിക്കുകയില്ല.

ഓരോ വ്യക്തിയിലും ശ്രദ്ധ പതിപ്പിക്കുവാൻ അദ്ധ്യാപകനു കഴിയാതെ വരും; എഴുതിച്ചു തിരുത്തുന്ന പണി ശരിയായി നിർവ്വഹിക്കുവാൻ സാദ്ധ്യമാകാതെ വരും; കുട്ടിയുടെ ശരിയായ സ്വഭാവം പഠിക്കുവാൻ നിർവ്വാഹമില്ലാതാകും; ഭാവിജീവിതത്തെപ്പററി ഗുണദോഷിക്കുവാൻ തരമില്ലാതാകും; ഫലം കുട്ടികളെ നയിക്കുവാൻ ആരുമില്ലെന്നുള്ളതാണു്. അദ്ധ്യാപകന്മാരായിരിക്കണം അവരുടെ സ്നേഹിതന്മാരും ഉപദേഷ്ടാക്കളും. അവരെ തന്നത്താനെ വിട്ടാൽ നിത്യജീവിതത്തിൽ പല തെറ്റുകളും വരുത്തുകയും ശരിയായ തൊഴിൽ സ്വീകരിക്കാതിരിക്കയും ചെയ്യും.

എഴുത്തു ജോലിയാണു് വിദ്യാലയജോലിയുടെ ഒരു പ്രധാന വിഭാഗം; പലപ്പോഴും അതു ചീത്തപ്രവൃത്തിയായി പലരും വിചാരിക്കാറുണ്ടു്. ചു

ത്വാബോധമില്ലാത്തവൎക്ക് അങ്ങനെ തോന്നും. എവിടെ എഴുത്തു ജോലി അധികം നടത്തുന്നുവോ അവിടത്തെ പരീക്ഷാഫലം നല്ലതായിക്കാണുന്നു. 35 കുട്ടികളുള്ള ഒരു പള്ളിക്കൂടത്തിൽ അതു വേണ്ടതുപോലെ നടത്തുവാനാണു പ്രയാസം. ഒരു സംഗതിയെപ്പററി അറിയുന്നതു് ഒരു കാൎയ്യം; അതിനെ ശരിയായ ഭാഷയിൽ പ്രകടിപ്പിക്കുന്നതു വേറൊന്നാണ്. കുട്ടികളുടെ ആശയങ്ങൾ ശരിയാക്കുവാൻ നാം ശ്രമിക്കണം. അതു് എഴുത്തുകൊണ്ടു മാത്രമേ സാധിക്കൂ.

ഒരു ക്ലാസിൽ 20-ൽ കൂടുതൽ കുട്ടികൾ പാടില്ല. എന്നാൽ മാത്രമേ എല്ലാക്കുട്ടികളിലും ശ്രദ്ധപതിപ്പിക്കുന്നതിനുവേണ്ട സമയം ലഭിക്കുകയും അവരെ ശരിയായ മാൎഗ്ഗത്തിൽക്കൂടി നയിക്കുന്നതിനു സാധിക്കുകയും ചെയ്യുകയുള്ളു.

വിവിധവിഷയങ്ങൾ:— നമ്മുടെ വിദ്യാലയങ്ങളെല്ലാം പരീക്ഷാവിജയത്തിലാണു പ്രത്യേകം ശ്രദ്ധിക്കുന്നതു്. പരീക്ഷക്കുവേണ്ടി മററുള്ളവയെ എല്ലാം ബലികഴിക്കുന്നു. ഒരുകുട്ടിയുടെ ജീവിതകാലം മുഴുവനും നമ്മുടെ കൂടെയല്ല കഴിക്കുന്നതു്. ഒരുദിവസം അവനു സ്വന്തം കാലിൽ നില്ക്കേണ്ടിവരും. അവനെ ജീവിതനിൎവ്വഹണത്തിനു സന്നദ്ധനാക്കിവിടേണ്ടതു നമ്മുടെ കടമയാണു്. ഇംഗ്ലീഷുകാരുടെ വിദ്യാലയങ്ങളിൽ കുട്ടികൾ പരീക്ഷ ജയിക്കുന്നതുകൂടാതെ മററു പല ജോലികളും അവർ ചെയ്യുന്നുണ്ടു്. വിദ്യാലയജീവിതത്തിന്റെ അവസാനത്തിൽ അവർ ആ പ്രവൃത്തികൾക്കു ഉത്തമന്മാരായിരിക്കും; വായനയിൽ അവൎക്കു അഭിരുചിയുണ്ടായിരിക്കും. കൂടാതെ അവൎക്കു നല്ല ആരോഗ്യവും ഓജസ്സും കാണും. നമ്മുടെ വിദ്യാലയങ്ങളിൽനിന്നും പരീക്ഷകഴിഞ്ഞു പുറത്തുപോകുന്ന യുവാക്കൾ ജീവനില്ലാത്തവരായിട്ടാണു സാധാരണ കണ്ടുവരുന്നതു്. അവർ മന്ദന്മാരുമായിരിക്കും. അതിനു കാരണം അവർ വിദ്യാഭ്യാസകാലത്തു് അതിപ്രയത്നം ചെയ്തു എന്നുള്ളതാണു്. അതുകൊണ്ടു് അവൎക്കു ജീവിതം ശരിയായി ആരംഭിക്കുവാൻ വയ്യാതാകുന്നു.

നമ്മുടെ പള്ളിക്കൂടങ്ങളിൽ ധാരാളം ജോലിയുണ്ടു്. ദിവസേനയുള്ള ജോലി ഒരേ തരത്തിലുള്ളതും രസമില്ലാത്തതുമാകുന്നു. അതുകൊണ്ടാണു് സ്വഭാവരൂപവൽകരണത്തിൽ വിദ്യാലയങ്ങൾ പരാജിതങ്ങളായിത്തീരുന്നതു്. വിനോദങ്ങളിൽ പങ്കെടുക്കുന്നതിനു നാം അദ്ധ്യേതാക്കളെ നല്ലപോലെ പ്രോത്സാഹിപ്പിക്കണം. ഘോഷയാത്രപോകുക, ചരിത്ര പ്രധാനങ്ങളായ സ്ഥലങ്ങൾ സന്ദൎശിക്കുക, പുതിയ പട്ടണങ്ങൾ കാണുക, മററു സ്ഥലങ്ങളിലുള്ള സമവയസ്കരായ വിദ്യാൎത്ഥികളുമായി പരിചയമാകുക, മററു വിദ്യാലയങ്ങളിലെ കുട്ടികളുമായി കളിക്കുക മുതലായവ അത്യാവശ്യമാണു്. നല്ല ആദൎശങ്ങൾ ഉണ്ടാക്കുന്നവയും വിദ്യാലയത്തിന്റെ ബഹുമ

നമത്ത സംരക്ഷിക്കനവയെന്നു തോന്നുന്നവയുമായ വിനോദങ്ങൾ വിദ്യാലയങ്ങളിൽ ഉണ്ടായിരിക്കണം.

വിദ്യാർത്ഥി സമാജങ്ങൾ കൃത്യമായി നടത്തണം. വിവിധവിഷയങ്ങളെപ്പററിയുള്ള വാദങ്ങൾ ഉണ്ടായിരിക്കണം. നാടകാഭിനയങ്ങൾ കൂടക്കൂടെ നടത്തി ജോലികൊണ്ടുള്ള നിരുന്മേഷത്തെ നീക്കണം. സമ്മാനങ്ങൾ നൽകണം. ഈദൃശകൃത്യങ്ങൾ രക്ഷാകർത്താക്കന്മാൎക്ക് വിദ്യാലയത്തിൻെറ അഭിവൃദ്ധിയിൽ അഭിരുചിയുണ്ടാകുവാൻ സഹായിക്കുന്നവയാണ്. കട്ടികൾ പാഠപുസ്തകങ്ങളിൽ മാത്രം നിമഗ്നരായിരുന്നു കൂടാ. വായനയിൽ അഭിരുചിയുണ്ടാക്കുന്നതിനായി മററു പുസ്തകങ്ങളും അവരെക്കൊണ്ടു വായിപ്പിക്കണം. നല്ല പുസ്തകങ്ങൾ ഉള്ള ഒരു വായനശാലയും, നല്ല നല്ല പത്രങ്ങളും മാസികകളും ഉള്ള ഒരു വായന മുറിയും വിദ്യാലയത്തിൽ ഉണ്ടെങ്കിൽ അതു സാധിക്കുന്നതാണ്. വായനശാല, വായനശാലാധികൃതൻമാത്രം നടത്തിക്കൊണ്ടു പോയ്ക്കൂടാ. മററദ്ധ്യാപകന്മാരും അദ്ദേഹത്തെ സഹായിക്കണം. കുട്ടികളുടെ ആവശ്യങ്ങൾ അറിയുന്നതിനു അദ്ധ്യാപകന്മാരെപ്പോലെ മററാൎക്കും സാധിക്കുന്നതല്ലല്ലോ. ഓരോ ക്ലാസ്സിലും ആ ക്ലാസ്സിനു യോജിച്ച ഒരു വായനശാല ആവശ്യമാണ്. വിദ്യാലയത്തിൽ ഒരു പ്രദൎശനമുറിയും ഉണ്ടായിരിക്കേണ്ടതാണ്. കുട്ടികൾ ഉണ്ടാക്കുന്ന സാധനങ്ങളിൽ നല്ലവയായിട്ടുള്ളവ കാഴ്ചക്കായി അവിടെ വച്ചിരിക്കണം. തൽ സൃഷ്ടികൎത്താക്കന്മാൎക്കും മററുള്ളവൎക്കും അതു പ്രോത്സാഹനം നൽകുന്നതാണല്ലോ. വിദ്യാലയത്തിൽ ഒരു മാസിക വേണം. അവിടെ നടക്കുന്ന രസകരങ്ങളായ സകല സംഗതികളും അതിൽ പ്രസിദ്ധീകരിക്കണം. ലേഖനങ്ങൾ എഴുതുന്നതിനു കുട്ടികളെ പ്രോത്സാഹിപ്പിക്കണം. അവരുടെ ലേഖനങ്ങൾ ചേൎത്തു കാണുന്നതും പേരുകൾ പ്രസിദ്ധപ്പെടുത്തി കാണുന്നതും അവരുടെ ഹൃദയത്തിനു ആഹ്ലാദം നൽകുകയും ഭാവനാശക്തിയെ ഉജ്ജ്വലിപ്പിക്കുകയും ചെയ്യും. വിദ്യാലയങ്ങളുമായി ബന്ധമുള്ള എല്ലാവരേയും മാസിക ആകൎഷിക്കാതിരിക്കയില്ല.

<u>പ്രായോഗിക ജോലിയും വ്യവസായ പരിശീലനവും</u>:— നമ്മുടെ വിദ്യാലയങ്ങളിൽ തലച്ചോറുകൊണ്ടാണു അധികം പ്രവൃത്തി ചെയ്യിപ്പിക്കുന്നതു്. കട്ടികൾ വായിച്ചു വായിച്ചു മുഷിയുന്നു. പ്രായോഗിക ജോലിക്കു അവിടെ സൌകൎയ്യമോ സമയമോ ഇല്ല. സാഹിത്യ ഭാഗത്തിൽ നിന്നും പ്രായോഗിക ഭാഗത്തേക്കു നമ്മുടെ കുട്ടികളെ ഒന്നു തിരിച്ചുവിട്ടാൽ ഇൻഡ്യയിലെ തൊഴിലില്ലായ്മ കുറയുന്നതാണ്. താഴ്ന്ന ക്ലാസ്സുകളിൽ പ്രകൃതിപഠനവും ഡ്രായിംഗും മററും നിൎബ്ബന്ധമാക്കണം. ഉയൎന്ന ക്ലാസ്സുകളിൽ സയൻസും, കൃഷിയും, [illegible] പരിശീലനവും, കലകളും, കൈത്തൊഴിലുകളും പഠിക്കുന്നതിനു വേണ്ട സൌകൎയ്യവും പ്രോത്സാഹനവും നൽകണം. നമ്മുടെ കുട്ടികൾക്കു പ്രായോഗിക ജോലിയിൽ താല്പൎയ്യമില്ലാതായി

കാണുന്നു. മിക്കവരും കൃഷകവർഗ്ഗത്തിൽനിന്നും വരുന്നവരാണെങ്കിലും പരീക്ഷ ജയിച്ചാൽ കൈകൊണ്ടു ജോലിചെയ്യുന്നതു് അവരുടെ അന്തസ്സിനു കുറവായി കരുതുന്നു. അവരുടെ പൂർവ്വികന്മാരുടെ ജോലിയിൽ പ്രവേശിക്കാതെ അഞ്ചോ, പത്തോ രൂപ ശമ്പളമുള്ള ഉദ്യോഗങ്ങളിൽ പ്രവേശിക്കുന്നു.

ഈ പറഞ്ഞതെല്ലാം നാം സാധാരണയായി കാണുന്ന സംഗതികളാണു്. എല്ലാവിദ്യാലയങ്ങളിലും അവയെല്ലാമുണ്ടെന്നും പറയുന്നില്ല. നിർഭാഗ്യവശാൽ നമ്മുടെ വിദ്യാലയങ്ങളിൽ ഇവയ്ക്കൊന്നും സൌകര്യമില്ല. അദ്ധ്യാപകന്മാർക്കു പല തരത്തിലുള്ള ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിയിരിക്കുന്നു. ഗവൎമ്മെന്റു വിദ്യാലയങ്ങൾ അല്പം ഭേദമാണു്. ഗ്രാന്റുസ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു വിഷമതകൾ ഒഴിഞ്ഞിട്ടു സമയമില്ല. അവിടെ ഉദ്യോഗം എത്രനാളത്തേക്കുണ്ടാകുമെന്നു നിശ്ചയമില്ല; ഭാവിയിൽ വല്ല ഗുണവുമുണ്ടാകുമോ എന്നും അറിഞ്ഞുകൂടാ. വിദ്യാലയങ്ങളിൽ പണമുണ്ടായിരിക്കയില്ല; ക്ലാസ്സുമുറികളിൽ വേണ്ട സൌകര്യവുമുണ്ടായിരിക്കയില്ല; മാതാപിതാക്കന്മാരുടെ സഹകരണം കുറവായിരിക്കും. കാര്യങ്ങൾ എങ്ങനെയിരുന്നാലും ഭാവിജനപരമ്പരയായ വിദ്യാർത്ഥികളെ സഹായിക്കേണ്ടതു നമ്മുടെ ചുമതലയാണു്. "താൻ എന്തുചെയ്യുമ്പോഴും തന്റെ സർവ്വശക്തികളുമുപയോഗിച്ചു ചെയ്യുന്നതായിരിക്കും" എന്നായിരിക്കണം നമ്മുടെ ആദർശം.. *

---

# മനുഷ്യജീവിതവും സുകുമാരകലകളും

(നന്ത്യേലത്തു പത്മനാഭമേനോൻ ബി. എ, ബി. എൽ; എം. എൽ, സി.)

മനുഷ്യജീവിതത്തിൽ മതവിശ്വാസവും സാഹിത്യവും ആവിശ്യമില്ലെന്നു "ഡാർവിൻ" എന്ന പ്രസിദ്ധ പ്രകൃതിശാസ്ത്രജ്ഞൻ ഒരിക്കൽ പറഞ്ഞുവത്രെ! ആഹാരനീഹാരാദികൾ എന്ന പ്രാഥമിക കർമ്മങ്ങൾകൊണ്ടു ദേഹത്തേയും ദേഹിയേയും വിഭിന്നമാകാതെ മരണംവരെ സൂക്ഷിക്കുന്നതിനെയാണു നാം ജീവിതം എന്നു പദംകൊണ്ടു കുറിക്കുന്നതു് എങ്കിൽ "ഡാർവിന്റെ" അഭിപ്രായം ഒരു സമയം ശരിയായിരിക്കാം. എന്നാൽ ജനനാൽതന്നെ മനുഷ്യനിൽ അന്തർല്ലീനമായിരിക്കുന്ന വികാരങ്ങളേയും ശക്തിയേയും പ്രത്യക്ഷപ്പെടുത്തുകയും വളർത്തുകയും ചെയ്തു മനുഷ്യജീവിതത്തെ ഫലവത്താക്കി, ജീവിതോദ്ദേശം സാധിപ്പിക്കണമെങ്കിൽ ഇവയുംക്രു

* മേൽപറഞ്ഞ ആദർശങ്ങൾ മുന്നിൽവെച്ചുകൊണ്ടു നമ്മുടെ വിദ്യാലയങ്ങളെപ്പറ്റിക്കുന്നു ചിന്തിക്കാൻ സംഗതിയാകട്ടെ! (മ. പ.)

ടി അത്യാവശ്യമാണെന്ന മഹച്ചരിതങ്ങൾ ഉദാഹരണപൂർവ്വം നമ്മെ പഠിപ്പിക്കുന്നു. സുകുമാരകലകളിൽ ഉത്തമസ്ഥാനത്തെ അർഹിക്കുന്ന സാഹിത്യത്തിന്നു ജീവിതത്തെ ഏതുവിധത്തിലെല്ലാം പ്രേരിപ്പിക്കുവാൻ കഴിയുമെന്നു "മാത്യൂ ആർനോൾഡ്" വളരെ യുക്തിയുക്തമായി വാദിക്കുന്നു.

"സാഹിത്യരസമേൽക്കാത്ത
ജീവനോ മൃതതുല്യമാം"—എന്ന് ഒരു ലാററിൻ ഗ്രന്ഥകാരൻ പറയുന്നു. സുകുമാരകലകൾക്കു മനുഷ്യജീവിതത്തിൽ ഉള്ള സ്ഥാനത്തെപ്പററി പൊതുവിൽ ചില സംഗതികൾ പ്രതിപാദിക്കുവാൻ മാത്രമെ ഈ ഉപന്യാസത്തിൽ സാധിക്കയുള്ളൂ.

സംഗീതം സാഹിത്യം ചിത്രമെഴുത്തു ശില്പവിദ്യ എന്നിവയാണു സുകുമാരകലകളിൽ പ്രധാനമായിട്ടുള്ളതു്. മനുഷ്യരുടെ ആദർശങ്ങളേയും വിചാരങ്ങളേയും ലോകത്തെ മനസ്സിലാക്കുകയാണു കലാവിദ്യകൾ ചെയ്യുന്നതു്. സംഗീതവും സാഹിത്യവും വാക്കുമൂലവും ശില്പവിദ്യയും ചിത്രമെഴുത്തും പ്രവൃത്തിമൂലവും ഈ കൃത്യം നിർവ്വഹിക്കുന്നു. ഈ കലകളുടെ ഉദ്ദേശസാദ്ധ്യം സൃഷ്ടിശക്തിയെ ആശ്രയിച്ചിരിക്കുന്നു. മനുഷ്യരിൽ ഓരോരുത്തരിലും ദൈവികമായ ഒരു സൃഷ്ടിശക്തിയുണ്ടു്. സൃഷ്ടി സദാ സന്തോഷത്തേയും സംഹാരം സദാ സന്താപത്തേയും കൊടുക്കുന്നു. എല്ലാ മനുഷ്യരും ആഗ്രഹിക്കുന്ന ജീവിതോദ്ദേശം സന്തോഷമാണു്. ഇതിൽനിന്നും സൃഷ്ടിക്കുന്നവനും സൃഷ്ടിവിശേഷത്തെ കാണുന്നവനും ഒരുപോലെ സുഖപ്രദമായിട്ടുള്ള സൃഷ്ടിവിശേഷമാണു സുകുമാരകലകൾ എന്നും വ്യക്തമാകുന്നു. സന്തോഷപ്രദമായ കാഴ്ചകളും അനുഭവങ്ങളും ജീവിതക്ലേശത്തെകുറക്കുകയും മനസ്സിനെ വികസിപ്പിക്കുകയും ചെയ്യുന്നു.

"രാമണീയതതചസ്ഥസൌഖ്യദം" എന്നു "കീട്സ്" എന്ന ആംഗ്ലേയകവിവര്യൻ പറഞ്ഞിട്ടുള്ളതിന്റെ താല്പര്യം ഇതുതന്നെയാണു്.

സുകുമാരകലാവിദ്യകൾ സുഖപ്രദങ്ങളാണെന്നുള്ളതിന്നും പുറമെ അവ സന്മാർഗ്ഗോപദേഷ്ടാക്കളുംകൂടിയാണു്. പ്രാചീനങ്ങളും അർവ്വാചീനങ്ങളും ആയ തത്വരത്നങ്ങളെ തിരഞ്ഞെടുത്തു് ആകർഷണീയമായ വേഷത്തിൽ നമ്മളുടെ മുമ്പിൽ സമർപ്പിക്കുന്ന മറെറാരു ഉൽകൃഷ്ടകൃത്യംകൂടി ഈ കലകൾ നിർവ്വഹിക്കുന്നുണ്ടു്.

മതവിശ്വാസമെന്നപോലെതന്നെ കലാവിദ്യകളും ജീവിതസന്ധാരണത്തിന്നു് അത്യാവശ്യമാണു്. ഇവകൾ മനുഷ്യബുദ്ധിയെ ഈശ്വരങ്കലേക്കു നയിക്കുന്നു. ഇവ വേർപിരിയാതെ കൈകോർത്തുപിടിച്ചാണു ലോകരംഗത്തിൽ സഞ്ചരിക്കുന്നതു്. മതത്തിൽനിന്നും കലാവിദ്യകളെപ്പിരിക്കുന്നതു രണ്ടിന്നും നാശകാരണമാണു്. ലോകചരിത്രം ഇതിന്നു സാക്ഷിനിൽക്കുന്നു. ഭാരതഭൂമിയിലെ ഉൽകൃഷ്ടമായ കലാസൃഷ്ടികൾ മതവിശ്വാസം ഉന്നതപദവിയിലെത്തിയ കാലത്തുണ്ടായതാണു്. ഉത്തമസാഹിത്യ

ഗ്രന്ഥങ്ങളുടെ കൎത്താക്കന്മാരുടെ ജീവചരിത്രം അവരുടെ മതനിഷ്ഠയേയും ഈശ്വരഭക്തിയേയും പ്രത്യക്ഷപ്പെടുത്തുന്നു. ഭക്തശിരോമണികളായ ത്യാഗരാജൻ, തായിമാനവർ, നന്ദൻ, ജയദേവൻ മുതലായവരാണു സംഗീതലോകത്തെ ഇന്നും ഭരിക്കുന്നതു്. മധുര, ശ്രീരംഗം, മഹാബലിപുരം, കാഞ്ചീപുരം മുതലായ ദേശങ്ങളിൽ ഇന്നും കാണുന്ന ദേവാലയങ്ങളിലെ ശില്പവിദ്യാപ്രയോഗം കേവലം അമാനുഷമാണു്. ഈ ശില്പവൈചിത്ര്യങ്ങൾ ഏറെയാഹ്ലാദകരവും അത്ഭുതജനകവുമാണു്. അതിഭക്തന്മാരായിരുന്ന ചോളരാജാക്കന്മാരും പല്ലവരാജാക്കന്മാരും അവരുടെ കാലത്തു നിൎമ്മിച്ചിട്ടുള്ള രാജധാനികളും ദേവാലയങ്ങളും ഇന്നും സഹൃദയന്മാരുടെ ശ്രദ്ധയെ ഹഠാൽ ആകൎഷിക്കുന്നു. ഈ ശില്പവിശേഷങ്ങൾ കാണുമ്പോൾ എത്ര ഭക്തന്മാരാണു സന്തോഷാശ്രുക്കൾ പൊഴിക്കുന്നതു്?

സാഹിത്യത്തിന്റെ കാൎയ്യത്തിലും ഈ ഫലം പ്രത്യക്ഷപ്പെട്ടു കാണും. ഉത്തമസാഹിത്യം സമുദായത്തിന്റെ ഭണ്ഡാഗാരമാണു്. അതിൽ നിക്ഷേപിച്ചിരിക്കുന്ന തത്വരത്നങ്ങളും ആദൎശങ്ങളും സമുദായത്തിന്റെ ഭാവിയെ ശരിയായ മാൎഗ്ഗത്തിൽക്കൂടി നയിക്കുന്നു. എന്നാൽ സംഗീതത്തിലാണു സുകുമാരകലകളുടെ ഗുണപൂൎത്തി മുഴുവനും കാണുന്നതു്. സംഗീതം ശബ്ദചമൽക്കാരത്തിന്റെ പരിപൂൎണ്ണാവസ്ഥയാണു്. അതിന്റെ മാതൃകയും സംഗീതംതന്നെയാണു്. ഹൃദയത്തിൽ അലസമായിക്കിടക്കുന്ന വികാരങ്ങളെ ഉത്തേജിപ്പിച്ചു മനുഷ്യനെ മൃഗീയനിലയിൽനിന്നും ഉയൎത്തി ദൈവികപദവിയിൽ എത്തിക്കുന്നതിനു സംഗീതം ഒരു ഉത്തമശക്തിയാണു്. അത്ര പ്രേരണാശക്തി സുകുമാരകലകളിൽ മറെറാന്നിനില്ല. "സംഗീതം ദൈവഭാഷയാണു്" എന്നു "കാർലൈലിൽ" പറയുവാനുള്ള കാരണം ഇതാണു്. യുദ്ധരംഗത്തിൽ പ്രവേശിക്കാറായ ഭടനിൽ ഗൃഹചിന്തകൾ ഉണ്ടാകാതെ ധൈൎയ്യത്തെക്കൊടുക്കുവാനും വ്യസനാക്രാന്തമായ മനസ്സിനെ സന്തോഷപൂൎണ്ണമാക്കുന്നതിനും സംഗീതം ഉപയോഗപ്രദമാണു്. സംഗീതം കരയുന്ന കുട്ടികളേയും കഠിനഹൃദയന്മാരേയും ശാന്തപ്രകൃതന്മാരാക്കുന്നു. ശ്രീകൃഷ്ണഭഗവാൻ പ്രണയവ്യപദേശത്താൽ ഗോപസ്ത്രീകളിൽ ആത്മജ്ഞാനം വളൎത്തിയതും സംഗീതത്താലത്രെ. വനമൃഗങ്ങളേയും ദേവതകളേയും കൂടി അപഹൃതചിത്തവൃത്തികളാക്കി നിശ്ചേഷ്ടനിലയിൽ നിൎത്തുവാൻ "ഓർഫിയസ്" എന്ന യവനയുവാവു് ഉപയോഗിച്ചതും സംഗീതമത്രെ. ഈ ഉദാഹരണങ്ങളിൽനിന്നും സംഗീതത്തിന്റെ ശക്തിയും വ്യക്തമാകുന്നു.

മുൻപറഞ്ഞ ഉദാഹരണങ്ങൾകൊണ്ടു സുകുമാരകലകൾക്കു മനുഷ്യജീവിതത്തിൽ ഉള്ള പ്രേരണാശക്തി ഏതാണ്ടു വ്യക്തമാകുന്നുണ്ടല്ലോ. എന്നാൽ ആധുനികന്മാരുടെ ജീവിതത്തിൽ ഈ കലകൾക്കു യാതൊരു സ്ഥാനവുമില്ലാത്തതായാണു കാണുന്നതു്. ഉപജീവനമാൎഗ്ഗം മാത്രം സമ്പാദിക്കുന്നതിനു കല്പിച്ചുപയോഗപ്പെടുന്ന വിദ്യാഭ്യാസരീതി നമ്മളിൽ ഉള്ള

മനുഷ്യാംശത്തേയും ദേവാംശത്തേയും തീരെ നശിപ്പിക്കുന്നു. ഇതിന്റെ ഫലമായി മനുഷ്യൻ കേവലം ഒരു യന്ത്രമോ പാവയോ ആയിത്തീരുന്നു. യഥാൎത്ഥവിദ്യാഭ്യാസം മാനസസംസ്കാരമാണെന്ന തത്വം നാം അറിയുന്നില്ല. അറിഞ്ഞാലും അതിൽ ശ്രദ്ധ കാണിക്കുന്നുമില്ല. ഈ വിധമുള്ള കാരണങ്ങളാലാണു "നവീനപരിഷ്കാരം" വൎദ്ധിക്കുന്തോറും സുകുമാരകലകൾക്ക് അധഃപതനം കാണുന്നതു്.

മനുഷ്യർ എല്ലാവരും കലാവിദഗ്ദ്ധന്മാരാകണമെന്നോ അവർ അതിനു പ്രാപ്തന്മാരാണെന്നോ ഞാൻ വാദിക്കുന്നില്ല. അപ്രകാരം ചെയ്യുന്നതു വിവിധമനുഷ്യർ തമ്മിലുള്ള മനോവ്യത്യാസത്തെ അവഗണിക്കുകയായിരിക്കും. എന്നാൽ സുകുമാരകലകളോടുള്ള സാമാന്യപരിചയവും അവയെ അനുഭവിപ്പാനുള്ള മനോവികാസവും എല്ലാവൎക്കും ഉണ്ടാകേണ്ടതു ശരിയായ വിദ്യാഭ്യാസത്തിന്റെ ചുമതലയാണു്. ജീവിതമത്സരത്തിൽ മനസ്സും ദേഹവും ഒരുപോലെ ക്ഷീണിച്ചിരിക്കുന്നവൎക്കു സുകുമാരകലകളെപ്പോലെ ആശ്വാസം നൽകുന്ന വിനോദം യാതൊന്നുമില്ല. പരദൂഷണംകൊണ്ടും ദുൎവ്വിചാരംകൊണ്ടും കാലംകഴിക്കുന്നവരുടെ സമയം കലാവിശേഷങ്ങളെ അനുഭവിച്ചറിയുവാൻ ഉപയോഗിച്ചാൽ കാലാന്തരത്തിൽ അതു് അവൎക്കു വളരെ ഗുണം ചെയ്യുന്നതാണു്. ചുരുക്കിപ്പറയുന്നതായാൽ മനുഷ്യജീവിതത്തെ ഉപയോഗപ്രദമാക്കുവാനും സുഖജനകമാക്കുവാനും സുകുമാരകലകളെപ്പോലെ ഉപയോഗമുള്ള വേറൊന്നു ലോകത്തിൽ ഇല്ലെന്നു തീൎത്തു പറയാം.

## *അദ്ധ്യാപകൻ.

### ഉത്തരവാദിത്വങ്ങളും ശമ്പളവും.

(പറഞ്ജിപ്പെ എം. എ., ബി. എസ്സ്. സി.)

ഇതു് ഒരു പുതിയ വിഷയമല്ല. എന്നാൽ ഈ വിഷയത്തെ രണ്ടായി വിഭജിച്ചു് ഓരോ ഭാഗത്തേയും പററി പ്രത്യേകം പ്രതിപാദിക്കുകയാണു് സാധാരണ പതിവു്. അദ്ധ്യാപകന്മാൎക്കുള്ള കലാശാലകളിൽ അദ്ധ്യാപക വിദ്യാൎത്ഥികളെ അവരുടെ ചുമതലകളെക്കുറിച്ചുള്ള പ്രസംഗങ്ങൾകൊണ്ടു വിഷമിപ്പിക്കാറുണ്ടു്. അവിടെ അവരുടെ ശമ്പളവിഷയത്തിനു സ്ഥാനമില്ലെ എന്നു തോന്നിപ്പോകും. ഈ മനപ്പൂൎവ്വത്തിനു കാരണമെന്തു്? കാശിയിലുള്ള അദ്ധ്യാപകന്മാരുടെ കലാശാലയിൽ ഈയിടെ ഒരു മഹാൻ

* എഡ്യൂക്കേഷനൽ റെവ്യൂ.

പ്രസംഗിച്ചപ്പോൾ, സദസ്യരോട് അവർ വേലക്കു നല്ല പ്രതിഫലം ഇച്ഛിക്കുന്നു എങ്കിൽ അദ്ധ്യാപകവൃത്തിയിൽ ഏർപ്പെടരുത് എന്നു് ഉപദേശിക്കുകയുണ്ടായി. ഒട്ടു വളരെ അദ്ധ്യാപകസമ്മേളനങ്ങളിൽ അവരുടെ ശമ്പളത്തെപ്പററിയും പ്രസംഗിക്കാറുണ്ടു്. എന്നാൽ ഇവരുടെ എല്ലാം പ്രസംഗം കേട്ടാൽ നല്ല ഉത്തരവാദിത്വബോധത്തിന്റെ സമീപത്തെ നല്ല ശമ്പളം സ്ഥിതി ചെയ്യൂ എന്നുള്ള സംഗതി അവർ വിസ്മരിക്കുന്നുവോ എന്നു് അസ്മാദൃശന്മാർക്കു തോന്നിപ്പോകുന്നു. അദ്ധ്യാപകന്മാരുടെ ചുമതലകളെയൊ ഉത്തരവാദിത്വങ്ങളെയൊ പററി പ്രതിപാദിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. അവർക്കു നല്ല ശമ്പളം കൊടുക്കണമെന്നു് അഭ്യർത്ഥന ചെയ്യുവാനും ഭാവമില്ല. അവരണ്ടിനെയും ഒന്നു തൂക്കിനോക്കുവാനാണു് ഞാൻ വിചാരിക്കുന്നതു്. പൊതുജനങ്ങൾ തൂക്കം അറിഞ്ഞു വിധി പ്രസ്താവിച്ചുകൊള്ളട്ടെ.

1. അദ്ധ്യാപകന്റെ ചുമതലകളെപ്പററി പ്രതിപാദിക്കുമ്പോൾ ഒന്നാംസ്ഥാനം കൊടുക്കേണ്ടതു് അദ്ധ്യാപകന് ഒരു വിഷയത്തെക്കുറിച്ചുള്ള പാണ്ഡിത്യത്തിനും അതു കുട്ടികൾക്കു നൽകുവാനുള്ള സാമർത്ഥ്യത്തിനുമാണ്. അതിന്റെ പ്രാധാന്യതയെ മറച്ചുവയ്ക്കുവാൻ ഒരുവനാലും സാദ്ധ്യമല്ല. എന്തുകൊണ്ടെന്നാൽ കിണറു് ഉണങ്ങിയതാണെങ്കിൽ പാത്രത്തിൽ വെള്ളം കിട്ടുകയില്ലല്ലോ. മിക്കസ്ഥലങ്ങളിലും കാണുന്ന അദ്ധ്യാപകന്മാർ പരിശീലനം ലഭിക്കാത്തവരാണ്. ഏതു പ്രകാരത്തിലെങ്കിലും അവർ പരീക്ഷാലഹളയിൽകൂടി കടന്നിരിക്കും. അദ്ധ്യപകന്മാരായി നിയമിച്ചു കഴിഞ്ഞാൽ അവരുടെ ജ്ഞാനം വർദ്ധിപ്പിക്കുവാനുള്ള സൌകര്യമൊ പ്രോത്സാഹനമൊ കാണുകയില്ല. വിദ്യാഭ്യാസതത്വങ്ങളൊ അദ്ധ്യാപനകലയെയൊ പഠിക്കുന്നതിനുവേണ്ട സ്ഥാപനങ്ങൾ ഉണ്ടായിരിക്കയില്ല. എന്നിട്ടും അവർ വിദ്യാഭ്യാസത്തിന്റെ അസ്ഥിവാരമിടുന്നതിനുള്ള ഉത്തരവാദിത്വം വഹിക്കേണ്ടിയിരിക്കുന്നു. ബോംബെ പ്രസിഡൻസിയിലെ ഒന്നാമത്തെ ഉത്തരവാദിത്വം അദ്ധ്യാപകൻ അയാളുടെ വിഷയത്തെപ്പററി നല്ലപോലെ അറിഞ്ഞിരിക്കണമെന്നല്ല, അയാൾക്കറിയാൻ പാടില്ലാത്ത ഒരു വിഷയം പഠിപ്പിക്കണമെന്നുള്ളതാണ്.

2. അദ്ധ്യാപകനിൽനിന്നും ഉൽകൃഷ്ടങ്ങളായ യോഗ്യതകളേയും സന്മാർഗ്ഗനിഷ്ഠയേയും നാം ആശിക്കുന്നു. കൃത്യനിഷ്ഠയും സമയനിഷ്ഠയും നാം എല്ലാ തൊഴിൽക്കാരിൽനിന്നും ആശിക്കുന്നുണ്ടെങ്കിലും അദ്ധ്യാപകനിൽനിന്നാണ് കൂടുതലായി ആഗ്രഹിക്കുന്നതു്. ഒരു ഗുമസ്തൻ ഒരു ദിവസം വരാതിരിക്കുകയൊ ഒരുമണിക്കൂർ നേരം വൈകി വരികയൊ ചെയ്താൽ അയാളുടെ മേലധികാരിക്കു് അധികം ഈർഷ്യ തോന്നുകയില്ല. എന്നാൽ ആ കുററം ഒരദ്ധ്യാപകനാണു കാണിക്കുന്നതെങ്കിൽ പ്രഥമാദ്ധ്യാപകന് അങ്ങനെയല്ല തോന്നുന്നതു്. ഗുമസ്തന്റെ ജോലിയിൽ കുടിശ്ശിക വന്നാൽ കൂട

തൽ സമയം ചിലവാക്കി അതു തീൎക്കാവുന്നതാണു്. ഇതു് അദ്ധ്യാപകനു സാധിക്കുന്നതല്ല. ഒരദ്ധ്യാപകൻ ഹാജരില്ലാതിരുന്നാൽ നാം കുട്ടികൾക്കു് ഒഴിവുകൊടുക്കുകയൊ, മറ്റു സമയത്തു പഠിപ്പിച്ചു ജോലിതീൎക്കുവാൻ അദ്ധ്യാപകനെ അനുവദിക്കുകയോ ചെയ്യുന്നില്ലല്ലോ.

മറ്റുള്ളവൎക്കു ചെയ്യാമെങ്കിലും അദ്ധ്യാപകന്മാർ ചെയ്തുകൂടാത്ത അസംഖ്യം പ്രവൃത്തികളുണ്ടു്. അയാൾ ആഡംബരങ്ങളിൽ ആസക്തനായിക്കൂടാ. അയാൾ തീരെ മോശമായ വസ്ത്രധാരണം ചെയ്തുകൂടാ. ഒരു ഗുമസ്തർ തന്റെ സ്ഥാനത്തിരുന്നുകൊണ്ടു പുകവലിച്ചു എന്നു വന്നേക്കാം. അദ്ധ്യാപകൻ അതു് ഒരിക്കലും ചെയ്തുകൂടാത്തതാകുന്നു. അയാൾ നാടകശാലകൾ കൂടക്കൂടെ സന്ദൎശിക്കയില്ല. കാപ്പിക്കടകളിൽ പ്രവേശിക്കയില്ല. ഇവയെല്ലാം ചീത്തയാണെന്നല്ല അൎത്ഥം. നാല്പതു പൈതങ്ങൾ അയാളെ നോക്കുകയായിരിക്കും. അയാളുടെ ലഘുവായ അവിവേകങ്ങളെ വിദ്യാൎത്ഥികൾ തെറ്റിദ്ധരിക്കുവാൻ ഇടയുണ്ടു്. അവർ അദ്ധ്യാപകനെ അനുകരിച്ചു നന്മനസ്സിനെ ചീത്തയാക്കി എന്നു വന്നേക്കാം.

3. അദ്ധ്യാപകൻ മിതവാദിയായിരിക്കണം. പ്രസംഗത്തിലും പ്രവൃത്തിയിലും അയാൾ മിതവാദിയായിരിക്കണം. എടുത്തുചാട്ടം നന്നല്ല. അയാളുടെ വസ്ത്രധാരണത്തിനു മിതമായി ചിലവാക്കുകയും വസ്ത്രധാരണത്തെ ലഘുവാക്കുകയും വേണം. പ്രസംഗത്തിൽ അയാൾ ഏതെങ്കിലും ഒരു കക്ഷിയോടു ചേൎന്നു് — രാഷ്ട്രീയമോ; സാമുദായികമോ, മതസംബന്ധമോ ആയ കക്ഷിയോടു ചേൎന്നു് — അവരെ പിൻതാങ്ങരുതു്. കുട്ടികളുടെ ചിന്തകളെ ഒരു പ്രത്യേകമാൎഗ്ഗത്തിൽകൂടി ബലാൽക്കാരേണ നയിക്കുന്നതിനു് ആരും തുനിയരുതു്. എന്നാൽ ചില വിഷയങ്ങളിൽ ഒരദ്ധ്യാപകനു ബലമായ വിശ്വാസങ്ങളില്ലെങ്കിൽ അയാൾ അദ്ധ്യാപകനല്ല. സ്ഥിരതയില്ലാത്ത ഒരാൾക്കു് ഉത്തമനായ അദ്ധ്യാപകനായി തീരുവാൻ സാധിക്കുമോ? അതുകൊണ്ടു മൂന്നാമത്തെ ഉത്തരവാദിത്വം അദ്ധ്യാപകൻ പ്രസംഗത്തിലും പ്രവൃത്തിയിലും മിതവാദിയായിരിക്കണമെന്നല്ല, തന്റെ വിശ്വാസങ്ങൾക്കെതിരായി അങ്ങനെ കാണിക്കണമെന്നാണു്. ഇപ്രകാരം അയാളിൽ പരസ്പരവിരുദ്ധങ്ങളായ രണ്ടു ഗുണങ്ങൾ ഉണ്ടായിരിക്കണം. ദൈവത്തെപ്പോലെ അദ്ധ്യാപകൻ അദ്ധ്യേതാക്കളോടു ദയാലുവും കൃതകൃത്യനും വിശാലഹൃദയനും ഒതുക്കമുള്ളവനുമായിരിക്കേണ്ടതാണു്. തന്റെ മേലധികാരിയോടു് അനുസരണയുള്ളവനായിരിക്കണം. പക്ഷെ വേണ്ടിവന്നാൽ അയാളോടു നേരിടുന്നതിനുവേണ്ട ധീരതയും ഉണ്ടായിരിക്കണം. ഇപ്രകാരം അദ്ധ്യാപകൻ ഒരുപ്രകാരത്തിൽ ഒരു അതീതപുരുഷനായിരിക്കണം.

4. അദ്ധ്യാപകനു ക്രമതയുള്ള അന്തഃകരണവും സാമൎത്ഥ്യവും ആവശ്യമാണു്. നല്ല മനസ്സാക്ഷിയോ സാമൎത്ഥ്യമോ ഇല്ലാത്ത ഒരു ആശാരിക്കു നല്ല കെട്ടിടം പണിയുവാൻ സാധിക്കുന്നതല്ല. അവിടെയുണ്ടാകു

ന്ന ദോഷം ഒരു പ്രത്യേകകെട്ടിടത്തിനു മാത്രമാണ്. അതിലുള്ള അററകുററങ്ങൾ തീക്കുന്നതിനും വിഷമമില്ല. എന്നാൽ നല്ല മനസ്സാക്ഷിയും സാമത്ഥ്യവുമില്ലാത്ത അധ്യാപകൻ കൊള്ളരുതാത്ത പൌരന്മാരെ സൃഷ്ടിക്കുന്നു. അവർ രാജ്യത്തിലൊക്കെ പ്രചരിക്കുവാനിടയുള്ളതുകൊണ്ട് അവരിൽനിന്നുമുണ്ടാകുന്ന ദോഷഫലങ്ങൾ രാജ്യത്തിനെ മുഴുവനും ബാധിക്കാനിടയുണ്ട്. പൌരന്മാരിലുണ്ടാകുന്ന ന്യൂനതകൾ അകററുവാനും സാദ്ധ്യമാകുമെന്നു തോന്നുന്നില്ല. അതിന് ആരും ശ്രമിച്ചു കാണുന്നുമില്ല.

വിവിധതരക്കാരായ ജനങ്ങളുമായി ഇടപെടുന്നതിന് അദ്ധ്യാപകനെപ്പോലെ വേറൊരു പൊതുപ്രവത്തകനും സാധിക്കുന്നതല്ല. ദിവസേന അയാൾ വിവിധതരക്കാരായ കുട്ടികളേയും, അവരുടെ മാതാപിതാക്കന്മാരേയും, സഹപ്രവത്തകന്മാരേയും മേലധികാരികളേയും കണ്ടുമുട്ടുന്നു. അവരുടെ ഇടയിൽ വിവിധതരക്കാരായ ആളുകൾ—മയ്യാദക്കാരും നിമ്മയ്യാദക്കാരും, ജ്ഞാനികളും അജ്ഞാനികളും, സശ്രദ്ധരും അശ്രദ്ധരും, ധനവാന്മാരും നിർദ്ധനന്മാരും കാണും. അവരെല്ലാവരുമായി പെരുമാറുന്നതിന് അയാൾക്ക് അതിയായ സാമത്ഥ്യവും നയവും അത്യാവശ്യമാണ്. ജോലിക്കായിട്ടല്ല അവരുമായി കൂട്ടിമുട്ടുന്നത്. അതിനാൽ അവരുടെ സ്വഭാവം മനസ്സിലാക്കുവാൻ കഴിയുന്നതല്ല. ചില സന്ദർഭങ്ങളിൽ അവരുമായി നേരിടേണ്ടതായും വരും. ചുരുക്കത്തിൽ നാനാമുഖങ്ങളായ പെരുമാററങ്ങളും അയാൾ അറിഞ്ഞിരിക്കണം. പ്രസംഗത്തിലും പ്രവൃത്തിയിലും അയാൾ പരമാത്ഥിയായിരിക്കണം.

6. ബാലമനസ്സിനെപ്പററിയുള്ള പരിജ്ഞാനം ഏതദ്ധ്യാപകനും അത്യാവശ്യമാണ്. സാധാരണയായി നാം അതിനെ അത്ര ഗണ്യമാക്കാറില്ല. തദ്വിഷയത്തിൽ അദ്ധ്യാപകന്മാക്കു വേണ്ട പരിശീലനം ലഭിച്ചുകാണുന്നില്ല. അവക്കു സ്വാനുഭവത്തിൽനിന്നും ലഭിക്കുന്ന ചില തത്വങ്ങളെ അവലംബിക്കേണ്ടിയിരിക്കുന്നു. അത്യാവശ്യമായ ആക്ഷേപംകൊണ്ടും സ്തുതികൊണ്ടും പല കുട്ടികളുടേയും ജീവിതം പാഴായിപ്പോകുന്നുണ്ടെന്നറിയുമ്പോൾ ഒരുവന് അളവില്ലാത്ത സങ്കടം തോന്നിപ്പോകുന്നു.

7. അദ്ധ്യാപകനു പല വിഷമതകളും ഉള്ളതുകൊണ്ട് അയാളുടെ ഉത്തരവാദിത്വം ഗഹനതരമായിത്തീരുന്നു. അയാൾക്കിഷ്ടമുള്ള സാമഗ്രികൾ വിദ്യാലയത്തിൽ ഉപയോഗിച്ചുകൂടാ. വേറൊരാൾ തിരഞ്ഞെടുക്കുന്നുമില്ല. തനിക്കിഷ്ടമുള്ള രീതികൾ ഉപയോഗിക്കുന്നതിന് അയാൾക്കു പലപ്പോഴും പ്രതിബന്ധം നേരിടുന്നു. അയാൾ വേലചെയ്യാനുള്ള സമയം വേറെ ചിലരാണു നിശ്ചയിക്കുന്നത്. തനിക്കിഷ്ടമില്ലാത്തവരും അശക്തരും എതിരഭിപ്രായങ്ങൾ ഉള്ളവരുമായ മററദ്ധ്യാപകന്മാരുമായി ഒന്നിച്ചു ജോലിചെയ്യുവാൻ അയാൾ നിർബ്ബന്ധിതനാകുന്നു. ഒരുദിവസത്തിൽ നാ

ലോ അഞ്ചോ മണിക്കൂർ നേരത്തേക്കു മാത്രമേ കുട്ടികൾ അദ്ധ്യാപകന്റെ കീഴിൽ പെടുന്നുള്ളൂ. ബാക്കിയുള്ള പത്തൊൻപതു മണിക്കൂർനേരം അദ്ധ്യാപകന്റെ ജോലിയോടനുകൂലിക്കുന്നതോ പ്രതികൂലിക്കുന്നതോ ആയ പരിസരങ്ങളിലാണോ കുട്ടി എന്നു് അദ്ധ്യാപകന് അറിഞ്ഞുകൂട. ചിലപ്പോൾ ഉപാദ്ധ്യായൻ അറിവില്ലാത്തവരായ ചിലരുടെ നിരൂപണത്തിന് പാത്രീഭൂതനാകും. എന്തുകൊണ്ടെന്നാൽ മിക്ക ഇൻസ്പെക്ടർമാരും ഹെഡ്മാസ്റ്റരും അദ്ധ്യാപകവൃത്തിയിൽ നല്ല പരിചയമില്ലാത്തവരായിരിക്കും.

8. അവസാനത്തേതാണെങ്കിലും ഒട്ടും അപ്രധാനമല്ലാത്ത വേറൊരു സംഗതി, അദ്ധ്യാപകനു ദോഷം ചെയ്യുന്നതിനുള്ള അവസരം ധാരാളം ഉണ്ടെന്നും ഗുണം ചെയ്യുന്നതിനുള്ള സമയം അപൂർവ്വമായിട്ടേയുള്ളൂ എന്നും ഉള്ളതാണ്. പരിശോധനയുടെ അഭാവമോ പ്രഭാവമോ ഒരു ചീത്ത അദ്ധ്യാപകനെ മോശമായി പഠിപ്പിക്കുന്നതിൽനിന്നും വിരമിപ്പിക്കുകയില്ല. അയാൾ ഒരു സ്കൂളിൽതന്നെയിരിക്കുന്നതുകൊണ്ടോ ക്ലാസ്സുകൾ മാറി പഠിപ്പിക്കുന്നതുകൊണ്ടോ സ്ഥലങ്ങൾ മാറുന്നതുകൊണ്ടോ പ്രയോജനമൊന്നുമില്ല. അയാളുടെ അഭ്യസനരീതി തുടർന്നുകൊണ്ടുതന്നെയിരിക്കും. നല്ല അദ്ധ്യാപകനു പരിശോധന തെറ്റായാലും ഉപകരണങ്ങൾ കുറവായാലും ക്ലാസ്സുമാറിയാലും സ്ഥലംമാറിയാലും വിഷമതകൾ നേരിടുന്നതാകുന്നു. ശരിയായ ഭരണം ശരിയായ അദ്ധ്യയനത്തോടു മല്ലിടുന്നതല്ല. ഏതു സാധനവും നശിപ്പിക്കുന്നതിന് എല്ലായ്പോഴും എളുപ്പമായും അതുണ്ടാക്കുവാൻ വിഷമമായുമിരിക്കും.

(തുടരും)

---

# "ചിന്താരത്നം".

(കെ. സുകുമാരൻ ബി. എ.)

സ്വാത്മപ്രതിപത്തിമാത്രം ആലോചിച്ചു ദിനകൃത്യങ്ങളിൽ ആകണ്ഠം നിമഗ്നനായി, സംസാരത്തിലെ സുഖവും ദുഃഖവും ഒരുപോലെ അനുഭവിച്ചു ജീവകാലം നയിച്ചുപോരുന്ന ഒരുവനു താൻ എവിടെനിന്നു വന്നു എന്നോ, താൻ മരിക്കേണ്ടുന്ന ജീവിയാണെന്നോ, ഈ പ്രപഞ്ചം എവിടുന്നുവന്നു് എന്നോ, യാതൊരു വിചാരവും ഉള്ളിൽ തോന്നിച്ചു കാണാറില്ലെങ്കിലും, ബുദ്ധിയും പഠിപ്പും ഉള്ള ഏവനും താന്താങ്ങളുടെ ജന്മോദ്ദേശത്തെപ്പററിയും പ്രപഞ്ചത്തിന്റെ നിർമ്മാണരീതിയെപ്പററിയും അറിവാനുള്ള ഒരുതരം ജിജ്ഞാസ എത്രയോ ബലവത്തായി വന്നു കൂടുന്നുണ്ടു്. നാം എവിടുന്നോ പെട്ടെന്നു ഭൂമിയിൽ ജനിച്ചു വീഴുന്നു. വളരുന്തോറും പരിതാവസ്ഥകളൊക്കെ നമുക്കു പണ്ടുതന്നെ പരിചയമുള്ളപോലെ തോന്നുന്നു. മരണമെന്ന കാര്യമുണ്ടെന്നു മറന്നു നാം ഓരോ തരം കൃത്യങ്ങൾ

കഴിച്ചുകൂട്ടുന്നു. നാം ഇവിടെ ചുരുങ്ങിയ കാലംകൊണ്ടു വന്നുപോകുന്ന
വരാണെന്ന വിചാരം യഥാർത്ഥത്തിൽ ആൎക്കുംതന്നെ ഉണ്ടാകുന്നില്ല. ഇങ്ങി
നെയുള്ള ഒരു സ്മരണയില്ലായ്മകൊണ്ടു പണ്ടുള്ള പണ്ഡിതന്മാർ മായ എ
ന്നു വിളിച്ചുവരുന്നതു്. ബ്രാഹ്മണർ ഹീനജാതിക്കാരെ എത്രത്തോളം
മായകൊണ്ടു കുടുക്കി വിട്ടിരിക്കുന്നോ അതിലും എത്രയോ ലക്ഷം ശക്തി
യോടെ ഈശ്വരൻ മനുഷ്യരെയും മായയിൽ മുഴക്കി മിരട്ടുന്നു. കണ്ണിൽ
കാണുന്നതൊക്കെ മായയാണെന്ന ബോധം തോന്നുന്നവനു് അല്ലെങ്കി
ലും സംസാരത്തിലെ സുഖദുഃഖങ്ങളിൽനിന്നു വിട്ടൊഴിഞ്ഞു നില്ക്കാം. അ
ങ്ങിനെ നില്ക്കുന്നവനു മാത്രമെ തന്റെ ചുറ്റോട്ടുചുററും കാണുന്ന പ്രപ
ഞ്ചത്തെപ്പററി ഒരു വിവേകപൂർവ്വമായ നിരൂപണം ചെയ്വാൻ സാധിക്കു
യുള്ളു.

ഇനി ഒരു തത്വജ്ഞാനിക്കുതന്നെ പ്രപഞ്ചത്തെപ്പററി എത്രത്തോളം
ചോദ്യംചെയ്യുവാൻ സാധിക്കുമെന്നു വിചാരിക്കാം. സൃഷ്ടി അവന്റെ വി
വേചനപരിധിയിൽനിന്നു് എത്രയോ കവിഞ്ഞുപോയിരിക്കുന്നു എന്നു്
കണ്ടിട്ടു് അവൻ പെട്ടെന്നു സ്തബ്ധനായ്പോകുന്നു. സകലത്തിനും ഒരു ആദി
യും ഒരു അന്തവും ഉണ്ടെന്നു് അനുഭവപ്പെടുത്തി സൃഷ്ടിച്ച മനുഷ്യന്നു്, ആ
ദിയും അന്തവും ഇല്ലാത്ത വസ്തുക്കൾ ഉണ്ടാവാൻ പാടില്ലെന്നു മാത്രമേ
തോന്നുകയുള്ളു. എന്നാലൊ പാടുണ്ടെന്നു് ആകാശവും, നാൾ, മാസം,
ആണ്ടു് എന്നീ ഭാഗങ്ങളെക്കൊണ്ടു് അടയാളപ്പെടുത്തുന്ന കാലവും, അവ
നെ ബോദ്ധ്യപ്പെടുത്തുന്നു. ആകാശത്തിനു വല്ല അതിരും കല്പിക്കാമൊ?
കാലം ഏതുകാലത്താണു് ഇല്ലാതിരുന്നതു്. ഇതൊന്നുംകൂടാതെ കാൎയ്യവും
കാരണവും എന്ന സംബന്ധത്തിനും അതിരില്ലെന്നു ചിലർ വാദിക്കുന്നു.
സർവ്വകാരണൻ എന്നു ദൈവത്തെപ്പററി പറയുമ്പോൾ ദൈവത്തിന്റെ
കാരണൻ ആരെന്ന ചോദ്യമാണു് ഇതിന്നും അതിരില്ലെന്ന ബോധം ചി
ലൎക്കുണ്ടാക്കിത്തീൎത്തതു്. ഈ കാരണത്തിന്റെയും കാൎയ്യത്തിന്റെയും ശരി
യായ സംബന്ധം ആരും മനസ്സിലാക്കാത്തതുകൊണ്ടാണു്. മഴ എന്ന
ഒരു കാൎയ്യം ഉണ്ടായി. അതിന്നു് എന്തെങ്കിലും ഒരു കാരണമുണ്ടായിരിക്കേ
ണമെന്നു നിശ്ചയിക്കാം. കാൎയ്യത്തിന്നല്ലാതെ കാരണം കല്പിച്ചുകൂട. കാ
രണത്തിന്നു കാരണമില്ല. കാരണം ഇന്നതെന്നു് എന്നു് അറിഞ്ഞുപോകു
ന്നോ അന്നു് അതു കാൎയ്യമായി. അപ്പോൾ അതിന്നു കാരണം കല്പിക്കാം.
മഴയുടെ കാരണം എന്തെന്നറിയാതെ ആ കാരണത്തിന്റെ കാരണം ചോ
ദിച്ചുകൂടാത്തതാണു്. എന്നാൽ മഴയുടെ കാരണം മേഘമെന്നറിഞ്ഞു
പോയാൽ, ഇതുവരെ കാരണമായി നിന്നിരുന്ന മേഘം നമ്മുടെ അറി
വിൽപെട്ടുപോകുന്നതുകൊണ്ടു് ഒരു കാൎയ്യമായിത്തീൎന്നു. അപ്പോൾ അതി
ന്നു നിശ്ചമായിട്ടും ഒരു കാരണം കല്പിക്കാവുന്നതാണു്. ഇങ്ങിനെതന്നെ
ഒരു പ്രപഞ്ചം ഉണ്ടെന്നു നമുക്കു് അനുഭവമാകുന്നു. അതിന്നു് എല്ലാററി

ന്നും കാരണൻ ഒന്നുണ്ടായിരിക്കേണമെന്നു നിശ്ചയംതന്നെ. ആ കാരണനെ നാം ദൈവമെന്നു സങ്കല്പിക്കുന്നു. ആ കാരണൻ ഇന്നവനെന്ന ശരിയായ ബോധം നമുക്കുണ്ടായിവന്നാലെ കാരണൻ കാൎയ്യമായിത്തീൎന്ന്, അതിന്നു മറെറാരു കാരണൻ ഉണ്ടാകേണമെന്ന നിലവന്നു ചേരുന്നുള്ളു. അതുകൊണ്ടു് ഒരിക്കലും നമ്മുടെ ഗ്രഹണപരിധിയിൽപെടാത്ത സൎവ്വകാരണന്നു കാരണനാരെന്ന ചോദ്യംതന്നെ വന്നുകൂടാത്തതാണു്.

ഇനി ആകാശത്തെപ്പററി പറയുകയാണെങ്കിൽ ആകാശം എന്നതു ദിക്ക് എന്നോ ഇടം എന്നോ മറെറാ നമുക്കു ബോദ്ധ്യമാകുന്നുള്ളു. ലോകങ്ങളൊക്കെ നില്ക്കുന്നതായ ഒരു ഇടം എന്നു മാത്രമേ ആകാശത്തെപ്പററി നമുക്കു ഗ്രഹിക്കാൻ പാടുള്ളു. ദിക്ക് എന്ന ബോധം നമുക്കു വരേണമെങ്കിൽ തൊടാതെ കിടക്കുന്ന രണ്ടു സാധനങ്ങൾ തമ്മിലുള്ള അന്തരം എന്ന ധാരണവരണം. ഇങ്ങിനെതന്നെ കാലം എന്നതു നമുക്കു മനസ്സിലാകേണമെങ്കിൽ രണ്ടു സംഭവങ്ങൾ നടക്കുന്നതിൽ മദ്ധ്യേയുള്ള അവസരം എന്ന വിചാരം തോന്നണം. അതാണു സൂൎയ്യന്റെ ഉദയാസ്തമനങ്ങൾകൊണ്ടു നാം കാലം കണക്കാക്കുന്നതു്. ഇങ്ങിനെയുള്ള സംഭവങ്ങളാണു നമ്മുടെ ഘടികാരം ഉണ്ടാക്കിവിടുന്ന ടി. ടി. എന്ന ശബ്ദം. അതുകൊണ്ടു ദിക്കിന്റെയും കാലത്തിന്റെയും യഥാൎത്ഥബോധം നമുക്കില്ലെങ്കിലും ദിക്കും കാലവും ഉണ്ടെന്ന യഥാൎത്ഥബോധം നമ്മളിൽനിന്നു് ഒരിക്കലും പൊയ്പോകുന്നില്ല. ദിക്കിന്നും കാലത്തിന്നും അതിരും ആദ്യന്തവും ഇല്ലെന്നറിയുമ്പോൾ സൎവ്വകാരണനായ ദൈവത്തിന്നും അതിരും ആദ്യന്തവും ഉണ്ടാവാനിടയില്ലെന്ന ബോധവും നമുക്കു് ഉദിച്ചുവരാതെയിരിക്കയില്ല.

പ്രപഞ്ചത്തിന്റെ ഉത്ഭവത്തെപ്പററിയും ഉദ്ദേശത്തെപ്പററിയും വിചിന്തനം ചെയ്യുമ്പോൾ അതൊക്കെ നമ്മുടെ ബുദ്ധിക്കു് അതീതമായ ഗഹനവിഷയമാണെന്നു തീൎച്ചപ്പെട്ടുപോകുന്നു. എന്നാലുംകൂടി നമുക്കു പ്രപഞ്ചത്തിൽ പ്രത്യക്ഷമാകുന്ന ഒരു വിസ്മരിക്കാൻ പാടില്ലാത്തരീതി കണ്ടുപിടിക്കാവുന്നതാണു്. ഇതു സകല കാൎയ്യത്തിലും വൎത്തിക്കുന്ന രണ്ടു വിപരീതഭാവങ്ങളാണു്. രാവു പകൽ—വെളുപ്പു കറുപ്പു—നന്മ തിന്മ—സുഖം ദുഃഖം—തെക്കു വടക്കു്—മേലേ കീഴെ—എന്നിങ്ങിനെ പറഞ്ഞാലൊടുങ്ങാത്ത ഈ രണ്ടു വിരുദ്ധഗുണങ്ങളാണു പ്രപഞ്ചത്തിൽ കഴിഞ്ഞുകൂടുന്ന നമുക്കു് അനുഭവമാകുന്നതു്. എന്നാൽ പ്രപഞ്ചം നിലനില്ക്കുന്നതു് താരതമ്യപ്പെടുത്തി പറയുകയാണെങ്കിൽ ഏകദേശം ഇതേമാതിരി വിപരീതപ്രവൃത്തികളുടെ അഥവാ വിരുദ്ധഗുണങ്ങളുടെ അന്യോന്യയുദ്ധംകൊണ്ടാണു്. നവീനശാസ്ത്രജ്ഞന്മാർ ഈ രണ്ടു ഗുണങ്ങളിൽ ഒന്നിന്നു ശക്തി (Force) എന്നും മറേറതിന്നു ചൈതന്യം (Energy) എന്നും പറയുന്നു. ശക്തിയും ചൈതന്യവും ഒന്നിച്ചുകൂടിയതാണു പദാൎത്ഥം. ശക്തി ഒരു പദാൎത്ഥത്തിൽ എന്നും വ്യാപരിക്കുന്നുണ്ടെങ്കിലും ചൈതന്യം എപ്പോഴെങ്കി

ല്പം അഥവാ വല്ല കാരണവശാലും മാത്രമേ വ്യാപരിക്കാറുള്ളു. കട്ടിയായിട്ടു് ഒരു പദാൎത്ഥം നില്ക്കുന്നതു് അതിന്റെ അവയവങ്ങളായി നില്ക്കുന്ന അണുക്കൾ അന്യോന്യം ആകൎഷിച്ചു ചേൎന്നു നില്ക്കുന്നതാണു്. അഗ്നിയുടെ ചൈതന്യംകൊണ്ടു് ആ ശക്തി ഭഞ്ജിച്ചാൽ ആ പദാൎത്ഥം കട്ടിയായി നില്ക്കാതെ ഭസ്മമായ്പ്പോകാനോ, ദ്രവമായ്പ്പോകാനോ ബാഷ്പമായ്പ്പോകാനോ മതി. ചെമ്പും രസവും ഭസ്മമാക്കുന്ന വിദ്യ ഇന്ത്യക്കാൎക്കു തന്നെ നിശ്ചയമുള്ളതല്ലേ? ഇങ്ങിനെതന്നെ ലോകാകൎഷണശക്തിയുടെ വ്യാപാരം ആലോചിക്കുന്നതായാൽ ബുധൻ തുടങ്ങി എല്ലാ ഗ്രഹങ്ങളും സൂൎയ്യനിൽ ചെന്നു വീഴേണ്ടതാണു്. അങ്ങിനെ ഗ്രഹം വീഴാതെ ഒഴിഞ്ഞുകളയുന്നതു് അതിവേഗത്തിൽ സൂൎയ്യനെ ഭ്രമണം ചെയ്തുവരുന്ന ചൈതന്യംകൊണ്ടാണു്. ഇങ്ങിനെ ശക്തിയും ചൈതന്യവും തമ്മിൽ അടിപിടി കൂടാതെ പോയാൽ പ്രപഞ്ചം ഈ നിയമാനുസൃതമായ രീതിയിൽ ഒരിക്കലും വൎത്തിക്കുന്നതല്ല. സൂൎയ്യകടാഹത്തിന്നു പകരം, സൂൎയ്യനിൽ ശക്തിയോടെ ചെന്നു വീഴുന്ന ഗ്രഹങ്ങൾ, അങ്ങിനെ ചെയ്യുമ്പോൾ ഉല്പാദിക്കാനിടയുള്ള ഊഹാതീതമായ ചൂടുകൊണ്ടു് ഒക്കെ ആവിയായി രൂപാന്തരം പ്രാപിച്ച ഒരു ഗംഭീരവലിപ്പത്തിൽ (കോടാനുകോടി നാഴിക ദീൎഘവും വിസ്താരവും ഘനവും ഉള്ള കോലത്തിൽ) നില്ക്കുന്ന ഒരു ഖണ്ഡം ആവി മാത്രമായിരിക്കും. അതുകൊണ്ടു് ഇങ്ങിനെ രണ്ടു തരം പിടിക്കുന്നതും തട്ടുകുന്നതും ആയ കൂട്ടുകാരെ ഉണ്ടാക്കിവിട്ടതു കാണുമ്പോൾ ദൈവത്തിന്റെ ബുദ്ധിയും നവീനാശയവും, അദ്ദേഹത്തെപോലെതന്നെ ആദിയും അന്തവുമില്ലാതെ കിടക്കുന്നുണ്ടെന്ന ഭയങ്കരബോധം പിടിപെട്ടു നാം കുഴങ്ങി അട്ടിമറിഞ്ഞു പോകുന്നു! സൂൎയ്യകടാഹംതന്നെ മററു ലോകങ്ങളുടെ ഇടയിൽ ഒരു തരിയാണെങ്കിൽ ഭൂമി അതിലും എത്രയോ ലക്ഷം പടിതാണ ഒരു തരിയും അതിൽ വൎത്തിക്കുന്ന നമ്മളോ എണ്ണിയാൽ തീരാത്ത ലക്ഷം പടിതാണ തരിയുടെ തരിക്കൂടിയാവാൻ ഉൽകൎഷതയില്ലാത്തവരാണെന്നറിയുമ്പോൾ മനുഷ്യന്റെ അഹന്തയും അഭിമാനവും നാട്യവും എത്ര ക്ഷണം പൊട്ടിത്തെറിച്ചു പോകുന്നു. ഹീനരിൽവെച്ചു ഹീനനാണെന്ന ബോധം പിടിപെട്ട മനുഷ്യൻ ലജ്ജകൊണ്ടു എങ്ങിനെ തലതാഴ്ത്താതെ ഇരിക്കുന്നു? ഇങ്ങിനെ നോക്കുന്നതായാൽ ഗഹനങ്ങളായ ഗംഭീരവിഷയങ്ങളെപ്പററി ഊഹിക്കുവാനുംകൂടി പോരാത്തവരാണു് അഗാധബുദ്ധിമാന്മാരാണെന്നു് അഹന്തയോടെ ഞെളിഞ്ഞു നടക്കുന്ന മനുഷ്യപ്പുഴുക്കൾ. അതുകൊണ്ടു് ആവക കാൎയ്യങ്ങളെപ്പററി നിരൂപിക്കുവാൻ ശക്തനല്ലാത്ത ഞാൻ നമുക്കെല്ലാവൎക്കും—എന്നുവെച്ചാൽ വിശേഷബുദ്ധിയുള്ള ഏവനും—നിരൂപിക്കാവുന്ന ഒരു ചെറുതാണെങ്കിലും, രസമുള്ള സംഗതിയെപ്പററി—ലഘുവാണെങ്കിലും, കാലാന്തരംകൊണ്ടു ഭയങ്കരഭേദങ്ങൾ ഉണ്ടാക്കുന്ന ശക്തിയെപ്പററി—ചുരുക്കത്തിൽ ഒരു ആലോചനകഴിക്കാം.

# പുസ്തകാഭിപ്രായം

## 1. ഒരു ഹിമാലയയാത്ര.

ഗ്രന്ഥകൎത്താവു്; മാധവനാർ:—മാതൃഭൂമി അച്ചുക്കൂടം, കോഴിക്കോട്.

വില 1—0—0.

ഭാഷയിൽ ഇന്നു സാഹിത്യഗ്രന്ഥങ്ങൾ പ്രതിദിനമെന്നപോലെ വൎദ്ധിച്ചുവരുന്നു. പത്രങ്ങളിലും മാസികകളിലും കണ്ടുവരുന്ന പരസ്യങ്ങൾതന്നെ ഇതിലേക്കു ദൃഷ്ടാന്തമാണ്. ഇതു് അഭിമാനകരമായ ഒരു കാൎയ്യവുമാണ്. എന്നാൽ ഇവയെല്ലാം ഭാഷാപോഷണത്തിന്നു് ഒരുപോലെ ഉപകരിക്കുന്ന സൽസന്താനങ്ങളാണോ എന്നു ഞങ്ങൾ സംശയിക്കുന്നു. "വല്ലാത്ത ബാലപ്രസവത്തിനേക്കാളില്ലാത്ത ബാലപ്രസവം സുഖംപോൽ" എന്നുള്ളതു സാഹിത്യത്തേയും ബാധിക്കുന്ന ഒന്നാണ്. ഗ്രന്ഥനിൎമ്മാണത്തിന്നുവേണ്ട കെല്പോ, അറിവോ, വാസനയോ ഇല്ലാത്തവർ പലരും ഇന്നു് അതിലേക്കായി പുറപ്പെട്ടു കാണുന്നുണ്ട്. ഇതു കൈരളിയുടെ കാലക്കേടെന്നേ വിചാരിക്കേണ്ടു. എങ്കിലും കളകൾക്കിടയിൽ നെല്ലെന്നപോലെ അപൂൎവ്വം ചില നല്ല ഗ്രന്ഥങ്ങളും ഭാഷയിൽ ഉണ്ടാകുന്നില്ലെന്നില്ല. അവയെ തേടിപ്പിടിച്ചുകൊള്ളുവാൻ അല്പം വിഷമമുണ്ടെന്നേയുള്ളു. ഈ "ഹിമാലയയാത്ര" അപ്രകാരമുള്ള ചുരുക്കം ചില പുസ്തകങ്ങളിൽ ഒന്നാണെന്നു പ്രസ്താവിക്കാൻ ഇടവന്നതിൽ ഞങ്ങൾക്കു വളരെ സന്തോഷമുണ്ട്. ഈ "യാത്രയിൽ" ആസ്തികന്മാൎക്കും നാസ്തികന്മാൎക്കും, ഭൂമിശാസ്ത്രക്കാൎക്കും പ്രകൃതിശാസ്ത്രക്കാൎക്കും, ദേശാഭിമാനികൾക്കും ഭാഷാഭിമാനികൾക്കും എന്നുവേണ്ട ഏവൎക്കും ഒരുപോലെ രസിക്കുന്നതിന്നുവേണ്ട വകയുണ്ടെന്നുള്ളതു ചാരിതാൎത്ഥ്യജനകമായ ഒന്നാകുന്നു. ഇൻഡ്യയുടെ ഹൃദയമായിരിക്കുന്ന ആ ഉത്തരഭാഗത്തിന്റെ പ്രകൃതിരമണീയതയെ തന്മയത്വത്തോടുകൂടി വൎണ്ണിക്കുന്നതിൽ ഗ്രന്ഥകൎത്താവിന്നുള്ള പാടവം മുകളിതപ്രായമായി ഇതിൽ കാണ്മാനുണ്ട്.

കാശി, ഹരിദ്വാരം, സാരനാഥ്, ഹൃഷീകേശം, കേദാരനാഥം, ബദൎയ്യാശ്രമം മുതലായ പുണ്യസ്ഥലങ്ങളും, അവയിലേയ്ക്കുള്ള വഴികളും വഴിക്കുള്ള ഘട്ടങ്ങളും മാഹാത്മ്യങ്ങളും മററും ഇതിൽ ഒരുവിധം അനുഭവജ്ഞാനത്തോടുകൂടി വിവരിച്ചിരിക്കുന്നു. അതോടുകൂടിത്തന്നെ, ഭാരതീയമാഹാത്മ്യത്തിന്റെ നിലയനവും, ഭാരതത്തിന്റെ സൎവ്വസ്വവും, ആയിരിക്കുന്ന ആ ഹിമാലയത്തെ സാമാന്യമായ കവിഹൃദയത്തോടുകൂടി വീക്ഷിച്ചിട്ടുണ്ട് എന്നുവരികിലും, സ്ഥലപുരാണങ്ങളും ഐതിഹ്യങ്ങളും കുറേക്കൂടി തേടിപ്പിടിച്ചു ചേൎക്കേണ്ടതായിരുന്നു എന്നൊരഭിപ്രായവും ഞങ്ങൾക്കില്ലാതില്ല. വിശേഷിച്ചു "തീൎത്ഥയാത്രികൾ, വിലസിച്ചുകൊണ്ടിരിക്കു, മൈതാനിയിൽ, ലസിക്കേണ്ടിയ, സംഭാഷിച്ചു, മരിച്ചു പോകുന്നുണ്ട്" എന്നിങ്ങിനെ നൂതനങ്ങളും വിലക്ഷണങ്ങളും, ആയ പല പദപ്രയോഗങ്ങളും ഒഴിച്ചുവെയ്ക്കാമായിരുന്നു. എങ്കിലും കേരളഭാഷാസാഹിത്യത്തിന്നു്, ഈ ദേശയാത്രാചരിതം നൂതനവും പ്രയോജനയുക്തവും ആയ ഒരു പ്രസിദ്ധീകരണമാണെന്നുള്ളതിന്നു സംശയമില്ല.

## 2. ഋതുശാകല.

ഗ്രന്ഥകൎത്താവു്, മൂൎക്കോത്തുകുമാരൻ, മംഗളോദയം പ്രസ്സ് ബ്രാഞ്ച്, കോഴിക്കോട്.

വില 0—6—0.

"ജാൺകീററ്സ്" എന്ന ആംഗ്ലേയകവിയുടെ "ഇസബെല്ല" എന്ന [illegible]

വ്യത്തിന്റെ ഭാഷാന്തരമാണ് ഈ ആശാകല. പരിശുദ്ധ പ്രേമത്തിന്റെ പരമമാഹാത്മ്യത്തെ ഇത്ര സ്ഫുടമായിക്കാണിക്കുന്ന ചെറുകൃതി ലോകത്തിൽ അപൂവ്വമാകുന്നു. ഇത്ര വിഖ്യാതമായ ഈ ചെറുകാവ്യത്തിലെ ഇതിവൃത്തം താഴെ സംഗ്രഹിക്കുന്നു. "ഫ്ളാറിൻസ്" നഗരത്തിൽ നിർദ്ദയരും വഞ്ചകരും ആയ രണ്ടു സഹോദരന്മാർ ജീവിച്ചിരുന്നു. അവർ ധനികരും കച്ചവടക്കാരും ആയിരുന്നു. സുന്ദരിയും സുശീലയും നിഷ്കളങ്കയും ആയ ഇസബെല്ല (ആശാകല) അവരുടെ ഏക സഹോദരിയാണ്. സ്ഥാനമാനവും സമ്പത്തും ഉള്ള വല്ല പ്രഭുക്കന്മാക്കും അവളെ വിവാഹംചെയ്തു കൊടുക്കണമെന്ന് അവർ ആഗ്രഹിച്ചിരുന്നു. എന്നാൽ അവരുടെ കച്ചവടക്കായ്യങ്ങളുടെ മേലന്വേഷണം നടത്തി അവിടെത്തന്നെ വസിച്ചിരുന്ന 'ലോറൻസൊ' (ലാലസൻ) എന്ന യുവാവിൽ അവൾ അനുരക്തയായിത്തീന്നിരുന്നു. വിവരം അറിഞ്ഞ സഹോദരന്മാർ ഒരുദിവസം ഈ 'ഭൃത്യനൊന്നിച്ചു നായാട്ടിനു പോകയും വനത്തിൽവച്ച് അയാളെ വധിച്ചു മറവുചെയ്കയും ചെയ്തു. കച്ചവടസംബന്ധമായ ചില കായ്യങ്ങൾക്കായി ലാലസനെ പെട്ടന്നു ദൂരദിക്കിലേക്ക് അയക്കേണ്ടിവന്നു എന്ന് അവർ സഹോദരിയെ ധരിപ്പിക്കുകയും ചെയ്തു. കാമുകനെ കാണാത്തതിൽ അവൾ വളരെ വ്യസനപരവശയായി; മടങ്ങിവന്നു കാണ്മാൻ അക്ഷമയായി; ഇങ്ങിനെ ദിവസം കുറെ കഴിഞ്ഞു. ഒരുദിവസം ലാലസന്റെ പ്രേതം അവൾക്കു പ്രത്യക്ഷപ്പെട്ടു. തനിക്കു നേരിട്ട അത്യാഹിതം അവളെ ധരിപ്പിച്ചു. അവൾ പിറേറദിവസം ആ വനത്തിൽ എത്തി; ശവക്കുഴി കണ്ടറിഞ്ഞു; ശവം കുണ്ടെത്തി; അതിന്റെ തല വെട്ടിയെടുത്തു; അതു് ഒരു ചെടിച്ചട്ടിയിൽ നിക്ഷേപിച്ചു; ഒരു തുളസിച്ചെടിയും അതിൽ നട്ടു.

"വാമകരംകൊണ്ടു പൂച്ചട്ടി ചുററിത്തൻ
കോമളപ്പൂമുഖം താഴ്ത്തിക്കൊണ്ടും
കുന്തളമാസ്യത്തിൽ വീണടിഞ്ഞായതിൽ
സന്തപ്തബാഷ്പമരിച്ചരിച്ചും"

അവൾ ദിവസം കുറെ കഴിച്ചു. ഈ തുളസിച്ചെടിയിൽ വ്യസനസമ്മിശ്രമായുള്ള ലാളനം കണ്ടു സഹോദരന്മാക്കു ശങ്കജനിച്ചു. അവർ ചെടിയോടുകൂടിത്തന്നെ ചട്ടി കട്ടു; അതുടച്ചുനോക്കി; ജീർണ്ണമായ ഒരു മനുഷ്യശിരസ്സ് അതിൽ കണ്ടു; അവർ ഭയന്നു; എങ്കിലും വിവരമെല്ലാം മനസ്സിലാക്കി; അവർ എവിടേയൊ ഓടിപ്പോയി; തന്റെ സവ്വസ്വവും നിക്ഷേപിച്ച പൂച്ചട്ടി അന്വേഷിച്ച്, നിലവിളിച്ചു നടന്ന് ആശാകലയും മരിച്ചു. പിന്നീടു പ്രേതലോകത്തുവച്ചുള്ള അവരുടെ സമാഗമത്തോടു കൂടി കഥയും അവസാനിക്കുന്നു.

പരിഭാഷകനായ മൂർക്കോത്ത് മിസ്റ്റർ കുമാരൻ സരസനായ ഒരു ഗദ്യകാരന്റെയും സഹൃദയനായ ഒരു ഭാഷാഭിമാനിയുടേയും നിലയിൽ കേരളീയക്കു പണ്ടേ സുപരിചിതനായ ഒരു ദേഹമാണ്. സാഹിത്യസംരംഭങ്ങളിൽനിന്നും ഏറെനാളായി ഏതാണ്ട് "പ്രത്യാഹൃതദൃഷ്ടി"യായി വർത്തിച്ചുവന്നിരുന്ന അദ്ദേഹത്തിന്റെ ഈ ആശാകല ഒരു "അകാലകുസുമ"മെന്നുതന്നെ ഞങ്ങളും വിചാരിക്കുന്നു. മൂലഗ്രന്ഥത്തിൽനിന്നും, തന്മയത്വത്തിനു വലിയ കുറവുകൂടാതെ നിവ്വഹിച്ചിരിക്കുന്ന ഈ ഭാഷാന്തരംകൊണ്ട് ഒരു സരസഗദ്യകാരൻ എന്ന നിലയിൽനിന്നും അദ്ദേഹത്തെ ഒരു പദ്യകൃത്തുകൂടി ആക്കിയിരിക്കുന്നു.

"അന്വയശുദ്ധിയും സമ്പൽസമൃദ്ധിയും
എന്നല്ലാ ജാതിഭേദാദികളും

ഒന്നുമറിയില്ലാ ദിവ്യങ്ങളായുള്ളിൽ
ചേൎന്നു വിളങ്ങുന്നചൈതന്യങ്ങൾ
തെല്ലുംമടിയാതെ ചേരുന്നതങ്ങളിൽ
നല്ലതു നല്ലതോടെന്നുണ്ടായം''—എന്നും
"ആപല്ക്കരമാണതെന്നറിയാസ്കയൊ?
ആപത്തു കാമിക്കു തുച്ഛമെന്നോ?
മുററും വിഷമയപുഷ്പത്തിലാണുപോൽ
മുററിനില്ക്കുന്നതു നന്മധുവും
തെല്ലുമപകടം ഗണ്യമാക്കാതതിൽ
ചെല്ലുന്നുഷട്പദം തേനുണ്ണുന്നു''—എന്നും

മററുമുള്ള സരസഭാഗങ്ങൾ ദിവ്യമായിരിക്കുന്ന പ്രേമത്തിന്റെ യഥാൎത്ഥസ്വരൂപത്തെ പ്രത്യക്ഷമാക്കുന്നതിനു പൎയ്യാപ്തങ്ങളായിട്ടുണ്ട്.

"സ്വാൎത്ഥംമനുഷ്യനിൽ പ്രേമത്തോടേററവു-
മാപ്തകൃദുഃഖംപോൽ ചേരുമത്രേ''—എന്നും
"പ്രേമംവസിക്കും ഹൃദയംവിശുദ്ധംതാൻ
ദൈവമോ പ്രേമസ്വരൂപനല്ലോ''—എന്നും

ഉള്ള പല തത്വശകലങ്ങളും കാവ്യത്തിന്റെ ഗുണോൽക്കൎഷത്തിനു ലക്ഷ്യങ്ങളുമാണ്. എന്നു വരികിലും കഥാഗതിയിൽ മൂലഗ്രന്ഥകാരനെ അപേക്ഷിച്ചു പരിഭാഷകൻ സ്വീകരിച്ചിട്ടുള്ള "ചമൽകാര''ത്തിന്റെ ഔചിത്യത്തിൽ ഞങ്ങൾക്കു വലിയ കൌതുകം തോന്നിയിട്ടില്ല. എന്തെന്നാൽ ദുഃഖപൎയ്യവസായിയായ ഒരു കാവ്യത്തിനു സുഖപൎയ്യവസായിത്വം വരുത്തുന്നതു് "ഇൻഡ്യാക്കാരായ വായനക്കാരുടെ മനസ്ഥിതിയെ'' ഊഹിച്ചു ചെയ്തതാണെങ്കിൽ, ഊരുഭംഗം തുടങ്ങിയുള്ള നാടകങ്ങൾക്കും, നളിനി, ലീല തുടങ്ങിയുള്ള ഖണ്ഡകാവ്യങ്ങൾക്കും, സാഹിത്യലോകത്തിൽ ഇത്ര ശ്ലാഘ്യമായ സ്ഥാനമുണ്ടാകുമായിരുന്നോ എന്നു പലരും ശങ്കിച്ചേക്കാം. വിശേഷിച്ചു പ്രേതലോകത്തുവെച്ചുള്ള അവരുടെ പുനഃസമാഗമം, സ്വാഭാവികതക്കും, ആലോചനാമൃതം എന്ന സാഹിത്യഗുണത്തിന്റെ ഉൽക്കൎഷതക്കും, അല്പം കുറവു വരുത്തുകയില്ലേ എന്നും സംശയമില്ലാതില്ല. ലോകം ഭിന്നരുചിയാണെന്നു സമാധാനിക്കാം. മററു പല ഗുണങ്ങൾകൊണ്ടും പ്രസ്തുത കൃതി സാഹിത്യലോകത്തിൽ മാന്യമായ ഒരു സ്ഥാനത്തെ അൎഹിക്കുന്നുണ്ടെന്നുള്ളതിനു സംശയമില്ല.

## 3. ശുക്രനീതി.

(ഗ്രന്ഥകൎത്താ, മാടമ്പുമനയ്ക്കൽ ചിത്രൻനമ്പൂതിരി)

രാമാനുജമുദ്രാലയം, തൃശ്ശിവപേരൂർ. വില 1—0—0.

നീതിജ്ഞാനംകൂടാതേയും നീതിവിരുദ്ധമായും പ്രവൎത്തിച്ചാൽ ദുഃഖാനുഭവം ഫലമാകുന്നു. ഒരു രാജ്യത്തിലെ ഭരണീയരും ഭരണകൎത്താവും നീതിവിരുദ്ധമായി വൎത്തിച്ചാൽ രാജ്യംതന്നെ അധഃപതിച്ചുപോകും. ഇപ്രകാരം ഇഹപരലോകസുഖങ്ങൾക്കു മൂലമായ നീതിയെപ്പററി വിവരിക്കുന്ന ഒരു ഗ്രന്ഥമാകുന്നു ശുക്രനീതി. ഈ സംസ്കൃതഗ്രന്ഥത്തെ മലയാളത്തിൽ പരിഭാഷപ്പെടുത്തിയതാകുന്നു പ്രസ്തുത ഗ്രന്ഥം.

ഒന്നാം അദ്ധ്യായത്തിൽ പ്രജാനടവടിക്രമങ്ങളും, നീതിമാഹാത്മ്യവും രാജഗുണദോഷവിധിനിഷേധങ്ങളും സാമന്താദി രാജാക്കന്മാരുടെ ലക്ഷണങ്ങളും സവിഷമായ അന്നത്തിന്റെ ലക്ഷണങ്ങളും രാജ്യാവകാശക്രമങ്ങളും രാജധാനിയുടേയും നഗര

ത്തിന്റെയും മററും നിർമ്മാണരീതിയും വിവരിച്ചിട്ടുണ്ടു്. രണ്ടാമദ്ധ്യായത്തിൽ സൽഭൃത്യന്മാർ, ദുഷ്ടന്മാർ, മന്ത്രിമാർ, ഉദ്യോഗസ്ഥന്മാർ, ഇവരുടെ ലക്ഷണങ്ങളും കർമ്മങ്ങളും ചതുരംഗപ്പടയുടെ ലക്ഷണങ്ങളും വർണ്ണിക്കുന്നു. മൂന്നിൽ, നീതി, ആചാരം, ദണ്ഡശിക്ഷ മുതലായവയെപ്പററിയാണു പറയുന്നതു്. നാലാമദ്ധ്യായത്തിൽ കോശം, രാഷ്ട്രം, ലോകധർമ്മം, വ്യവഹാരം, ദുർഗ്ഗം, സേന, വാണിജ്യം, നവരത്നം, പശുലക്ഷണം, കരംപിരിവു്, ജീവികളുടെ ഉല്പത്തി, ബ്രാഹ്മണവൃത്തി, കലാവിദ്യാ, വേദം, വർണ്ണാശ്രമധർമ്മം, തച്ചുശാസ്ത്രം, ഗജം, അശ്വം, യുദ്ധനയം, വെടിമരുന്നുകൾ മുതലായ ഒട്ടേറെ വിഷയങ്ങളെപ്പററിയാണു പറഞ്ഞിരിക്കുന്നതു്. ഒടുവിൽ ചാണിക്യനീതിശതവും ചേർത്തിരിക്കുന്നു. നീതിയും നിയമവും എല്ലാം കാലത്തിനു കൂടി അധീനമായി വർത്തിക്കുന്നുണ്ടെന്നുള്ള തത്വം ഈ ഗ്രന്ഥം പ്രത്യക്ഷപ്പെടുത്തുന്നുണ്ടെങ്കിലും രാജാക്കന്മാർക്കും പ്രജകൾക്കും സാരതരങ്ങളായ അനവധി സംഗതികൾ ഇതിൽനിന്നും ഗ്രഹിക്കുവാനുണ്ടെന്നുള്ളതിനു തർക്കമില്ല. ദുരാന്വയം, ക്ലിഷ്ടത, ഭംഗിക്കുറവു്, കുസന്ധി ഇവയെല്ലാം ഇത്തരം നിയമഗ്രന്ഥങ്ങളിൽ അത്ര നിഷ്കർഷിക്കേണമെന്നില്ല, എന്നുള്ള പക്ഷത്തിൽ വേറെ വലിയ ന്യൂനതകൾ പറയേണ്ടതായിട്ടില്ല.

'ചിലകാര്യങ്ങളോതീടും ശാസ്ത്രം വേറെയിരിക്കിലും
സർവ്വോപകാരകം ശാസ്ത്രം നീതിതാനില്ലസംശയം.'

എന്നുള്ളതിനാൽ ഗ്രന്ഥകർത്താവിന്റെ പരിശ്രമം അഭിനന്ദനീയംതന്നെ.

## 4. ഗദ്യരാമായണം; 5. കഥാനന്ദിനി.

ഗ്രന്ഥകർത്താവു്, കുന്നത്തു ജനാർദ്ദനമേനോൻ, മംഗളോദയം പ്രസ്സ്, തൃശ്ശിവപേരൂർ. വില യഥാക്രമം 4-ണ—8-ണ.

പുരാണഗ്രന്ഥങ്ങളുടെ ഗദ്യത്തിലുള്ള വിവർത്തനം, ഭാഷയിൽ ഈയിടെ ആവിർഭവിച്ചിട്ടുള്ള ഒരു പ്രസ്ഥാനമാകുന്നു. ഈ "പുറപ്പാടു്" ഭാഷാഭിവൃദ്ധിക്കുതകുന്ന ഒന്നാകയാൽ ഒരു വന്ധ്യവ്യവസായവുമല്ല. എങ്കിലും പുരാണങ്ങളെല്ലാം അർത്ഥവാദഗ്രന്ഥങ്ങളാണെന്നാണു ഞങ്ങളുടെ വിശ്വാസം. ആ സ്ഥിതിക്കു പുരാണകഥകളിൽ ഗർഭീകരിച്ചിരിക്കുന്ന തത്വശകലങ്ങളെ സ്പർശിക്കുന്നതു, പുരാണപുരുഷന്മാരിലും കഥകളിലും ബാഹ്യമായി കണ്ടുവരുന്ന അസ്വാഭാവികതയെ പാടെ വിപാടനംചെയ്യുന്നതിനു പര്യാപ്തമാകുമായിരുന്നു. കഥാഗതിയുടെ നിരർഗ്ഗളമായ ഗതിക്കു തടസ്സമാകുമെന്നു കരുതിയിട്ടോ, രസവിച്ഛിത്തിയെ ഭയന്നോ, ജനങ്ങൾ ഭക്തിമാർഗ്ഗത്തിൽനിന്നും വ്യതിചലിക്കുമെന്നു ശങ്കിച്ചോ ആയിരിക്കാം ആരും ആ വഴിക്കു തിരിയാതെ ഇരിക്കുന്നതെന്നു വിചാരിക്കുന്നു. ഏതായാലും അപ്രകാരമുള്ള ഒരു വിവർത്തനംകൊണ്ടു പുരാണകഥകൾക്കു "മോക്ഷം" കൊടുക്കേണ്ടതു കാലസ്ഥിതിക്കു് അത്യാവശ്യമായിത്തീർന്നിട്ടും ഉണ്ടു്. നല്ല പ്രതിഭാശക്തിയുള്ള കുന്നത്തു ജനാർദ്ദനമേനോൻ തുടങ്ങിയ ഗദ്യകർത്തുക്കളുടെ സവിശേഷമായ ശ്രദ്ധ ഈ വിഷയത്തിൽ വേണ്ടവിധം പതിയുമാറാകട്ടെ.

ഞങ്ങളുടെ ശ്രദ്ധക്കു വിഷയമായിരിക്കുന്ന ഈ ഗ്രന്ഥങ്ങളിൽ ഒന്നു്—ഗദ്യരാമായണം—"വ്യാസകൃതമായ ശ്രീമഹാഭാരതത്തിൽ സന്ദർഭംപോലെ സംഘടിതമായ" രാമായണകഥയുടെ ഗദ്യരൂപത്തിലുള്ള ഒരു ചുരുങ്ങിയ വിവർത്തനം മാത്രമാകുന്നു. കഥാനന്ദിനിയാകട്ടെ, കുമാരചരിതം, വൈദ്യചരിതം, വൈവസ്വതമനു, വ്യാസോൽപത്തി, മുൽഗലൻ, ധുന്ധുമാരൻ, പരീക്ഷിത്തു തുടങ്ങിയുള്ള മഹാഭാരതത്തി

ലെ പതിനൊന്ന് ഇതിഹാസകഥകളെക്കൊണ്ടു നിർമ്മിച്ചിട്ടുള്ളവയുമാണ്. "ഈ പുരാണപുണ്യപുരുഷകഥകൾ ആർക്കാനും എന്നെങ്കിലും രുചിക്കാതാകുമോ" എന്നു ശങ്കിച്ചിട്ടാവശ്യവുമില്ല. കേരളീയ വിദ്യാർത്ഥിലോകത്തിന് ഈ വക ഗ്രന്ഥങ്ങൾ നിത്യോപയുക്തമായി ഭവിക്കുമെന്നുള്ളതിനു സംശയമില്ല. പക്ഷെ, "വായുഭക്ഷൻ, ഒററക്കാലിന്മേൽ തപിച്ചു, ദേവന്മാരാൽ .........സംഭവിച്ചു; അഭിലഷിക്കു; ശൂർപ്പണഖയുടെ ഹേതുവാൽ ഖരനോടു രാമനു വൈരമുണ്ടായി; ദാരുണസ്വരകളായ പിശാചികൾ; മഹാദ്യുതിയായ രാമന്; മൊഴിഞ്ഞതാവിതു്; തിട്ടക്കി എന്നിങ്ങനെ അപൂർവ്വമല്ലാത്ത പ്രയോഗവൈകല്യങ്ങൾ അടുത്ത പതിപ്പിലെങ്കിലും അവശ്യം പരിഹരിക്കേണ്ടതാണ്. മിസ്റ്റർ മേനവൻെറ ഗദ്യസരണിക്കു കണ്ടുവരുന്ന കാവ്യരസവും ഈ കൃതികളിൽ കുറവാണ്.

---

# കുറിപ്പുകൾ

---

## സമസ്തകേരളസാഹിത്യപരിഷത്തു്.
### (ദ്വിതീയസമ്മേളനം.)

കഴിഞ്ഞ മേടമാസത്തിൽ ഇടപ്പള്ളിയിൽവെച്ചു കൂടിയ പരിഷത്തിൻെറ ദ്വിതീയസമ്മേളനം അടുത്ത ധനു 15-ം 16-ം തിയ്യതികളിൽ തൃശ്ശിവപേരൂർ വിവേകോദയം ഹൈസ്കൂൾ സങ്കേതത്തിൽവെച്ചു, ഭാഷാപോഷണതല്പരനും ഏതദ്വിഷയത്തിൽ കേരളീയരുടെ കൃതജ്ഞതയ്ക്കു പാത്രീഭൂതനും ആയ മഹാമഹിമശ്രീ രാമവർമ്മ അപ്പൻതമ്പുരാൻ തിരുമനസ്സിലെ നേതൃത്വത്തിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന വിവരം ഭാഷാഭിമാനികളായ സകലരുടേയും ശ്രദ്ധയ്ക്കു ഇപ്പോൾ വിഷയീഭവിച്ചിരിക്കുമല്ലോ. അതിലെ കാര്യപരിപാടി കണ്ടതിൽ അതു തയാർചെയ്തിരിക്കുന്നതും, അതിലെ വിഷയവിവരവും സാമാന്യം നന്നായിരിക്കുന്നു എന്നു സമ്മതിച്ചേ തീരൂ. അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു്, സാഹിത്യപ്രണയികളും സാഹിത്യസംബന്ധമായി ഒരു നല്ല പേരു സമ്പാദിച്ചിട്ടുള്ളവരും ആയ പലരേയും ഈ സമ്മേളനത്തിലേക്കാകർഷിച്ചിട്ടുണ്ടെന്നും അവരിൽ പലരെക്കൊണ്ടും പ്രബന്ധങ്ങളും മററും എഴുതിക്കുന്നുണ്ടെന്നും ഞങ്ങൾ അറിയുന്നു. കൃത്യാന്തരങ്ങളിൽ വ്യാപൃതന്മാരായ പല സാഹിത്യരസികന്മാരേയും ഇതിലേയ്ക്കാകർഷിക്കണമെങ്കിൽ പ്രവർത്തകന്മാർ പ്രത്യേകം പരിശ്രമിക്കേണ്ടതാകുന്നു. കഴിഞ്ഞകൊല്ലത്തിലെ പരിഷത്തു് നടന്നതിൽപിന്നെ അന്ന് അവിടെ പാസ്സാക്കിയ പ്രമേയങ്ങൾ പ്രകാരം വല്ല പ്രവൃത്തിയും നടന്നിട്ടുണ്ടോ എന്നു ചോദിച്ചാൽ പ്രത്യുത്തരം ലഭിക്കാൻ പ്രയാസമാണ്. എന്നാൽ ഇര വരുന്ന പരിഷത്തുകൊണ്ടു് അപ്രകാരം വരുകയില്ലെന്നു വിശ്വസിക്കാം. പരിഷത്തിനു രണ്ടിലധികം അദ്ധ്യക്ഷന്മാർ മേലാൽ ആവശ്യമാണോ എന്നു ഞങ്ങൾ സംശയിക്കുന്നു. അടുത്ത

പരിഷത്തുവരെ അവരിൽ ഒരാൾ സാഹിത്യപരിഷത്തിന്റെ കാൎയ്യനിൎവ്വഹണത്തിന് അദ്ധ്യക്ഷനായിരിക്കേണ്ടതാണ്. അപ്പൻതമ്പുരാൻ മുതലായ യഥാൎത്ഥ സാഹിത്യപ്രണയികളുടെ മേൽനോട്ടമുള്ളതുകൊണ്ടു് ഈ പരിഷത്തു് പ്രയോജനകരവും മംഗളകരവുമായി പരിണമിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുകയും അതിനായി സൎവ്വേശ്വരനെ പ്രാൎത്ഥിക്കുകയും ചെയ്യുന്നു. സാഹിത്യപരിഷത്തിന്റെ ഗാഢമായ ചിന്തയ്ക്കായി ഞങ്ങൾ ഞങ്ങളുടെ എളിയ ബുദ്ധിയിൽ തോന്നിയ താഴെ പറയുന്ന സംഗതികളെ സമൎപ്പിച്ചുകൊള്ളുന്നു.

1. ഭാഷാസാഹിത്യത്തിന്റെ ആകപ്പാടെയുള്ള സ്വത്തിനെ ഒന്നു പരിശോധിച്ചു കണ്ടെഴുതി, ഒരു നല്ല സാഹിത്യചരിത്രം ഉണ്ടാക്കുന്ന കാൎയ്യത്തിൽ ഈ പരിഷത്തു പരിശ്രമിക്കുമെന്നു വിശ്വസിക്കുന്നു.

2. ഒരു നല്ല നിഘണ്ടു ആവശ്യമാണ്. വിശേഷിച്ചു ശാസ്ത്രഗ്രന്ഥനിൎമ്മാണത്തിന്നും, ഭാഷാന്തരീകരണത്തിന്നും ഒരു സാങ്കേതികപദനിഘണ്ടു അത്യാവശ്യവുമാകുന്നു.

3. ലുപ്തപ്രചാരങ്ങളായ സൽഗ്രന്ഥങ്ങൾ തേടിപ്പിടിച്ചു് അച്ചടിപ്പിക്കയും, പല ഗ്രന്ഥങ്ങൾക്കും സുലളിതമായ വ്യാഖ്യാനങ്ങൾ എഴുതുകയും ചെയ്യണം.

4. ഒരു നല്ല നിരൂപണസംഘം ഏൎപ്പെടുത്തണം. സൽഗ്രന്ഥങ്ങളേയും സൽഗ്രന്ഥകാരന്മാരേയും ശ്ലാഘിക്കണം.

5. തിരുവിതാംകൂർ, കൊച്ചി, മലബാർ ഈ മൂന്നു രാജ്യങ്ങളിലും വിദ്യാഭ്യാസം ഏകരീതിയിലാക്കി മലയാളഭാഷയ്ക്കു പാഠശാലകളിൽ പ്രാധാന്യം കല്പിക്കണം. പാഠശാലകൾവഴി ലിപിവിന്യാസത്തിന്നും മററും ഐകരൂപ്യം വരുത്താം. മലയാളത്തിൽതന്നെ പല പരീക്ഷകളും ഏൎപ്പെടുത്തി, സൎക്കാർ സേവനത്തിന് ആ പരീക്ഷകൾകൊണ്ടുമതിയാക്കണം.

6. കോടതികളിലും, ആപ്പീസ്സുകളിലും എഴുത്തുകുത്തു നാട്ടുഭാഷയിലാക്കണം.

7. മലയാളപത്രങ്ങളുടേയും, മാസികകളുടേയും അധിപന്മാരും മററുംകൂടി ചേൎന്ന് ഒരു സമാജം സ്ഥാപിക്കണം. അവർ പരിഷത്തിലെ നിൎവ്വാഹസംഘത്തോടു്, സംഘടിച്ചിരിക്കേണ്ടതാണ്. ഇവർ ഭാഷാസംബന്ധമായ പ്രയോഗങ്ങളെക്കുറിച്ചുള്ള സംശയങ്ങൾ വാദിച്ചു തീൎച്ചപ്പെടുത്തണം. പരിഷത്തിലെ തീരുമാനങ്ങൾ വേഗം പ്രചരിപ്പിക്കുന്നതിനു പത്രാധിപന്മാൎക്ക് എളുപ്പം സാധിക്കാവുന്നതാണല്ലോ. മുദ്രാലയസംബന്ധമായ പരിഷ്കാരവും അവർമൂലം വരുത്താം.

8. പരിഷത്തിന്റെ പ്രവൃത്തികൾക്കും സാഹിത്യപോഷകമായ മററു പ്രവൃത്തികൾക്കുംവേണ്ടി ഒരു വലിയ ധനശേഖരം ആവശ്യമാണ്.

## ജർമ്മനിയിലെ സായാഹ്നവിദ്യാലയങ്ങൾ.

യൂറോപ്പിൽ ഇപ്പോഴും സർവ്വകലാശാലകൾ വർദ്ധിപ്പിക്കുന്നതിനും സർവ്വകലാശാലാവിദ്യാഭ്യാസത്തെ പരിഷ്കരിക്കുന്നതിനും മുറവിളി കൂട്ടിക്കൊണ്ടിരിക്കയാണ്. ഈയിടെ ജർമ്മനിയിലുണ്ടായ ഒരു വിദ്യാഭ്യാസപരിഷ്കാരത്തെ നാം അറിഞ്ഞിരിക്കുന്നതു കൊള്ളാം. ഓരോരോ തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ളവർക്കും, കൃഷിവേലക്കാർക്കും സർവ്വകലാശാലാവിദ്യാഭ്യാസത്തിനു സൌകര്യമില്ലല്ലോ. അവരുടെ വിദ്യാഭ്യാസത്തിനായി ജർമ്മനിയിൽ കുറെ സായാഹ്നവിദ്യാലയങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. വൈകുന്നേരം നാലുമണിക്കൂർ നേരമാണ് അദ്ധ്യയനസമയം. ജോലിക്കാർക്ക് അവരുടെ പകലത്തെ ജോലി കഴിഞ്ഞാൽ ഇവിടെ വന്നു പഠിക്കാവുന്നതാണ്. ഏകദേശം 2000 ത്തോളം സ്ത്രീകളും പുരുഷന്മാരും പ്രവേശനത്തിനു അപേക്ഷിക്കുകയുണ്ടായി. അവരിൽ ചിലരെ മാത്രം തിരഞ്ഞെടുത്ത് ഇപ്പോൾ പഠിപ്പിക്കുന്നുണ്ട്. ഏററവും ഇളയ ആൾക്ക് 18 വയസ്സും ഏററവും പ്രായംകൂടിയ ആൾക്ക് 51 വയസ്സും പ്രായമായിട്ടുണ്ട്. ഈ വിദ്യാലയം ആദ്യം സ്ഥാപിച്ചത് "ബെർലിനിൽ" ആകുന്നു. ഇപ്പോൾ ആ തരത്തിലുള്ള വിദ്യാലയങ്ങൾ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും സ്ഥാപിക്കുന്നുണ്ട്. അവ കൊണ്ടു വളരെ ഗുണമുണ്ടാകുന്നതാണല്ലോ. ഇൻഡ്യക്കാർ ഈ വിഷയത്തിൽ ശ്രദ്ധിച്ച്, ഇൻഡ്യക്കു ചേർന്നവിധത്തിൽ അവരെ അനുകരിക്കുന്നതു കൊള്ളാം.

---

## ആ മഹാനിയമം പഠിക്കുക.

"ഭാനു, വരിക. എന്തു രസമായിരിക്കുന്നു. മഴ പൊട്ടിയുന്നതു നീ കാണുന്നില്ലേ? നമുക്കു ആററിൽ പോകാം. കടലാസ്സുകൊണ്ടു കപ്പൽ ഉണ്ടാക്കി നാം ഓടിച്ചിരുന്ന കാര്യം നീ ഓർമ്മിക്കുന്നില്ലേ? അവ എന്തു മനോഹരങ്ങളായിരുന്നു! അല്ലേ ഭാനു! അതെ വരിക." എന്നു കൃഷ്ണൻ പടിക്കൽ നില്ക്കുന്ന നാലുവയസ്സുള്ള ഒരു പെൺകുട്ടിയോടു പറയുകയായിരുന്നു. "ഇല്ല. ഞാൻ വരില്ല. അമ്മ എന്നെ തല്ലും. അവിടെ പോയാൽ എന്നെ കൊല്ലുമെന്നാണ് അമ്മ പറഞ്ഞിട്ടുള്ളത്." എന്നു ഭാനു പറഞ്ഞു.

കൃഷ്ണൻ ഓടിച്ചെന്നു ഭാനുവിന്റെ കൈക്കു കടന്നുപിടിച്ചു. "അമ്മ വരുമ്പോഴേക്കും നമുക്കു ഓടിപ്പോകാം. ഭാനു, നമുക്കു ആ കാണുന്ന മരത്തിന്റെ പുറകിൽ ഒളിച്ചിരിക്കാം." എന്നു പറഞ്ഞുംകൊണ്ട് അവളേയും കൂട്ടിക്കൊണ്ടു അവൻ പോയി.

ഉടനെ അമ്മയെപ്പററിയുള്ള പേടിയെല്ലാം അവരെ വിട്ടുപിരിഞ്ഞു. കൃഷ്ണൻ ഒരു വലിയ ഷർട്ട് ധരിച്ചിരുന്നു. അവൻ ഒരു മുള്ളക്കഷണം വെ

ളത്തിൽ വലിച്ചെറിഞ്ഞു. ഷട്ട് ഊരി കയ്യിൽപിടിച്ചുകൊണ്ട് ആ മുളക്കഷണമെടുക്കുന്നതിനായി അവൻ വെള്ളത്തിൽ ചാടി. ഭാനു നീട്ടംകൂടിയ ഒരു സാരി ധരിച്ചിരുന്നതുകൊണ്ടും അതു നനയാനിടയുണ്ടായിരുന്നതുകൊണ്ടും ആദ്യം വെള്ളത്തിൽ ഇറങ്ങുന്നതിനു മടിച്ചു. എന്നാൽ കൃഷ്ണൻ തന്നെ രസിക്കുന്നതു കാണുവാൻ അവൾക്കു ക്ഷമയുണ്ടായില്ല. അവളും വെള്ളത്തിൽ ചാടി.

അവർ വെള്ളം തട്ടിക്കൊണ്ടിരിക്കുമ്പോൾ ഭാനു കാൽതെററി വെള്ളത്തിൽ വീണു. സാരി നനഞ്ഞതുകൊണ്ട് അവൾ കരയാൻ തുടങ്ങി. കൃഷ്ണൻ അവിടെനിന്നും ഓടിപ്പോകാൻ ശ്രമിച്ചു. ആ ശ്രമം നിഷ്ഫലമായതേയുള്ളു. ഭാനുവിൻെറ അമ്മ ഒരു മൂർഖയായിരുന്നു. അവൾ ചിലച്ചുംകൊണ്ട് അവിടെവന്നു കൃഷ്ണൻെറ ചെകിട്ടത്തു രണ്ടുമൂന്നു പ്രഹരിച്ചു. കൃഷ്ണൻ കരഞ്ഞുംകൊണ്ട് അവൻെറ വീട്ടിലേക്കു പോയി.

കൃഷ്ണൻ കരയുന്നതു കണ്ട് അവൻെറ അമ്മ ഓടിവന്നു ഭാനുവിന് അഞ്ചാറു കൊടുത്തു നിലംപതിപ്പിച്ചു. ലഹള വർദ്ധിച്ചു. പുരുഷന്മാരും സ്ത്രീകളും കൂട്ടംകൂടിത്തുടങ്ങി. ഇരുകൂട്ടരും ശകാരവും തുടങ്ങി.

അവിടെ ഒരു വലിയ ജനക്കൂട്ടം കാണാറായി. അവരിൽ ആരുംതന്നെ കുട്ടികളെ നോക്കിയില്ല. കുറെ നേരം അവർ രണ്ടുപേരും കരഞ്ഞതിൻെറ ശേഷം അവിടെനിന്നും ആററിൻെറ അരികിലേക്ക് ഓടിപ്പോയി തന്നത്താൻ ഒരു തോടുണ്ടാക്കി അതിൽകൂടി, വെള്ളം പായിക്കുകയായിരുന്നു. ആ സംഭവംതന്നെ അവർ മറന്നിരുന്നു. രണ്ടുപേരും സന്തോഷചിത്തരായി കാണപ്പെട്ടു.

ദൂരെനിന്നും ഇതെല്ലാം കണ്ടുകൊണ്ടിരുന്ന ഒരു കിഴവി അവിടെ എത്തി. "നിങ്ങൾക്കു നാണമില്ലേ? ആ കുട്ടികൾ എത്ര സന്തോഷമുള്ളവരും ബുദ്ധിയുള്ളവരുമാണെന്നു നോക്കുക. അവർ രണ്ടുപേരും കുററം മറക്കുകയും മാപ്പുകൊടുക്കുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു. എന്നിട്ടും തടിപോലെ വളർന്നിട്ടുള്ള നിങ്ങൾ വഴക്കുനിറുത്തുന്നില്ല. ആ പരിശുദ്ധാത്മാക്കളിൽനിന്നും "മറക്കുക, പൊറുക്കുക" (മാപ്പുകൊടുക്കുക) എന്ന വലിയ നിയമം പഠിക്കുക. നിങ്ങൾക്കു ലോകപരിചയം കൂടുതലാണെങ്കിലും ആ കുട്ടികൾ നിങ്ങളെക്കാൾ ബുദ്ധിയുള്ളവരാണ്" എന്ന് ആ വൃദ്ധ അവിടെ കൂടിയിരുന്നവരോടു പറഞ്ഞു. അവിടെ നിശ്ശബ്ദമായി, എല്ലാവരുടേയും നേത്രങ്ങൾ കുട്ടികളിൽ പതിച്ചു. അവർ വൃദ്ധയുടെ വിലയേറിയ ഓരോ വാക്കുകളെയും പററി ചിന്തിച്ചുകൊണ്ട് നമ്രമുഖരായി അവിടെ നിന്നു സ്വഗൃഹങ്ങളിലേക്കു തിരിച്ചു. കുട്ടികൾ സന്തോഷത്തോടുകൂടി കളിച്ചുകൊണ്ടിരുന്നു.

'വെൽഫെയർ'.

## കുരുടന്മാരുടെ വിദ്യാഭ്യാസം.

ഈയിടെ സമൎത്ഥനും കുരുടനുമായ എന്റെ ഒരു യുവസ്നേഹിതനോടു സംസാരിച്ചപ്പോഴാണു കുരുടന്മാരെപ്പററി എനിക്കുണ്ടായിരുന്ന ചില തെററിദ്ധാരണകൾ നീങ്ങിയതു്. സാധാരണയായി എല്ലാവരും വിചാരിക്കുന്നതുപോലെ കുരുടന്മാൎക്കു് ഈ ലോകവുമായിട്ടോ ഈ ലോകത്തിനു കുരുടന്മാരുമായിട്ടോ യാതൊരു ബന്ധവുമില്ലെന്നായിരുന്നു ഞാനും ധരിച്ചിരുന്നതു്.

ഇരുപക്ഷക്കാരും കുരുടന്മാരെപ്പററി തെററിദ്ധരിച്ചിരിക്കുന്നതുകൊണ്ടു് അവരോടു് അനീതി പ്രവൎത്തിക്കുന്നു എന്നുവേണം പറയുവാൻ. ആദ്യം പറഞ്ഞവർ അവരുടെ അനുകമ്പാപൂൎണ്ണമായ നേത്രംകൊണ്ടു വീക്ഷണംചെയ്യുമ്പോൾ കുരുടന്മാരെക്കൊണ്ടു ഈ ലോകത്തിനു യാതൊരു പ്രയോജനവുമില്ലെന്നു കരുതിപ്പോകുന്നു. രണ്ടാമത്തെ കൂട്ടർ യോഗ്യമല്ലാത്ത പെരുമാററംകൊണ്ടു കുരുടന്മാരുടെ പൌരാവകാശത്തെ അപഹരിക്കുന്നു.

### II.

കുരുടന്മാരെക്കൊണ്ടു തെരുവുകളിൽ അലഞ്ഞുനടന്നു യാചിക്കുന്നതിനല്ലാതെ യാതൊരു പ്രവൃത്തിക്കും കൊള്ളുകയില്ല എന്നു് എല്ലാവരും തെററിദ്ധരിച്ചിരിക്കുന്നതു വിസ്മയനീയംതന്നെ. അവർ കുരുടത്വത്തെ ദാരിദ്ര്യത്തിന്റെയും, വാൎദ്ധക്യത്തിന്റെയും അജ്ഞതയുടേയും ചങ്ങാതിയായിട്ടാണു ഗണിക്കുന്നതു്.

ദാരിദ്ര്യത്തെ സംബന്ധിച്ചിടത്തോളം അവർ പറയുന്നതു വാസ്തവമാണെങ്കിൽ അക്കാൎയ്യത്തിൽ കുരുടന്മാർ അവരുടെ സമുദായത്തോളം തെററുകാരല്ല. അവർ ദരിദ്രരാണെങ്കിൽ സമുദായമാണു് അവരെ ദരിദ്രരാക്കിയതു്. അയാളുടെ വിധി സമുദായത്തിന്റെ കയ്യിലാണു്. ദാരിദ്ര്യദുഃഖം അനുഭവിക്കുന്നതിനും അധഃപതനത്തിന്റെ കാഠിന്യത്തെ അറിയുന്നതിനും സമുദായമാണു് അയാളെ ഒരു വാതില്ക്കൽനിന്നും മറെറാരു വാതില്ക്കലേക്കു തള്ളിവിടുന്നതു്. താറാവു വെള്ളത്തിലേക്കു പോകുന്നതുപോലെയല്ല അയാൾ യാചനക്കു പോകുന്നതു്. ലോകത്തിൽ മറെറാന്നും ചെയ്യുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണു്.

മനുഷ്യർ ചുററുമുള്ള പരിസരങ്ങളുടെ സൃഷ്ടിയാണു്. കുരുടന്മാരെ വിദ്യാഭ്യാസം ചെയ്യിപ്പിക്കാത്തതുകൊണ്ടു് അവർ ഒരുതരത്തിലും കണ്ണിനു കാഴ്ചയുള്ളവരെക്കാൾ താണവരാണെന്നു വിചാരിച്ചുകൂടാ.

### III.

കുരുടന്മാൎക്കു ശരിയായ വിദ്യാഭ്യാസം നല്കുകയാണെങ്കിൽ നാം വിചാരിക്കുന്നതിൽ കൂടുതലും അവർ നിരൂപിക്കുന്നതിൽ കൂടുതലും അവൎക്കു ചെയ്യുവാൻ കഴിയുന്നതാണു്. ലണ്ടനിലെ "സെന്റ് ഡൺസ്റ്റൺ"പോ

ലെയുള്ള ഒരു സ്ഥാപനത്തിൽ അവരെ പ്രവേശിപ്പിക്കുകയാണെങ്കിൽ അതിശയനീയങ്ങളായ പല പ്രവൃത്തികളും അവൎക്കു ചെയ്യുന്നതിനു സാധിക്കുന്നതായിരിക്കും. ലണ്ടനിലെ ആ സ്ഥാപനത്തിനു 'സുഖാലയം' എന്നാണു പറയുന്നതു്. ആ സ്ഥാപനം ഉൽകൃഷ്ടാശയന്മാരായ ചില ഇംഗ്ലീഷുകാരുടെ ഉത്തമമനസ്ഥിതിയെയാണു കാണിക്കുന്നതു്. 1915-ൽ ആണു് ആ സ്ഥാപനം ആരംഭിച്ചതു്. അവിടെ കുരുടത്വത്തെ ഒരു ഉപദ്രവമായിട്ടല്ല കരുതുന്നതു്.

കണ്ണിനു കാഴ്ചയുള്ളവർ ഏതുവേഗത്തിൽ എഴുതുവാനും വായിക്കുവാനും പഠിക്കുന്നുവോ അത്രയുംവേഗത്തിൽതന്നെ കുരുടന്മാരെയും എഴുതുവാനും വായിക്കുവാനും അവിടെ പഠിപ്പിക്കുന്നു. അതു് "ബ്രെയിലി"മുഖേനയാണു്. ലൂയിസ്സ് ബ്രെയിലി എന്ന അതിസമൎത്ഥനായ ഒരു ഫ്രെഞ്ചുകുരുടനാണു് ഈ അക്ഷരങ്ങൾ 1899-ൽ കണ്ടുപിടിച്ചതു്. തദ്വാരാ കാഴ്ചയുള്ളവരെപ്പോലെ കുരുടന്മാൎക്കും സാഹിത്യാരാമങ്ങളിലുള്ള കുസുമങ്ങളെ ആസ്വദിക്കുന്നതിനു സാധിക്കുന്നു. യഥാൎത്ഥത്തിൽ അതു കുരുടന്മാൎക്കു ലഭിച്ചിട്ടുള്ള ഒരു ദിവ്യസമ്മാനമല്ലേ?

ആ സ്ഥാപനത്തിൽ കുരുടന്മാരെ ചൂരക്കെഴുത്തു്, പായനെയ്ത്തു്, കൊട്ടനെയ്ത്തു്, ആശാരിപ്പണി മുതലായ വ്യവസായങ്ങൾ പഠിപ്പിക്കുന്നുണ്ടു്. ഓരോന്നിലും സമൎത്ഥന്മാരായ പലരും അവിടെയുണ്ടു്. അവർ ഉണ്ടാക്കുന്ന സാമാനങ്ങൾക്കു് ചിലവും ധാരാളമുണ്ടു്.

കണ്ണിനു കാഴ്ചയുള്ള ഒരുവനു ചെയ്യുവാൻ കഴിയുന്ന മിക്ക പ്രവൃത്തികളും ഒരു കുരുടനു ചെയ്യുവാൻ സാധിക്കുന്നതാണു്. അവരെ ശരിയായി ഗണിച്ചു്, ശരിയായ പരിശീലനം നൽകുകയാണെങ്കിൽ ഏതുകലയിലും തൊഴിലിലും അവർ ശ്രേഷ്ഠത സമ്പാദിക്കുന്നതാണു്. ഫോർഡ് മോട്ടാർ വ്യവസായശാലയിൽ ഒട്ടുവളരെ കുരുടന്മാർ ജോലിചെയ്യുന്നുണ്ടു്. അവർ യാതൊരു തരത്തിലും കാഴ്ചയുള്ളവരെക്കാൾ താഴ്ന്നവരല്ല. കാഴ്ചയുള്ളവർ സമ്പാദിക്കുന്നിടത്തോളം അവരും സമ്പാദിക്കുന്നുണ്ടു്.

കുരുടന്മാർ ഗൃഹത്തിനകത്തും പുറത്തുമുള്ള പല വിനോദങ്ങളിൽ പങ്കുകൊള്ളുന്നു. കണ്ണിനു കാഴ്ചയുള്ളവരെപ്പോലെ അവർ നമുക്കു് ആഹ്ലാദത്തെ പ്രദാനംചെയ്യുന്നു. ഒരാൾ നല്ല കായികാഭ്യാസിയാണു്, വേറൊരാൾ നല്ല സംഗീതജ്ഞനാണു്. കുരുടന്മാരായ പല സ്നേഹിതന്മാരുടേയും വിനോദങ്ങളിൽ പങ്കുകൊണ്ടു് ആനന്ദം അനുഭവിക്കുവാനുള്ള ഭാഗ്യം ഇതെഴുതുന്ന ആൾക്കുണ്ടായിട്ടുണ്ടു്. അവൎക്കു സ്വാതന്ത്ര്യത്തോടുകൂടി ചീട്ടുകളിക്കാം. വടംവലിയിൽ സമൎത്ഥന്മാരാണു്. അവൎക്കു നല്ലപോലെ നീന്താം. തുഴയാം.

ഇൻഡ്യയിൽ കുരുടന്മാരുടെ സംഖ്യ ആറുലക്ഷമാണു്. റഷ്യയിൽ മാത്രമെ ഇൻഡ്യയിലേക്കാൾ കൂടുതൽ കുരുടന്മാരുള്ളു. മററു രാജ്യങ്ങ

ളിൽ അവരുടെ സ്ഥിതിയെ അഭിവൃദ്ധിപ്പെടുത്തുന്നതിന പലതും ചെയ്തിട്ടുണ്ട്. ഇൻഡ്യയിൽ അവൎക്ക 16 വിദ്യാലയങ്ങൾ മാത്രമെയുള്ളു. നിർബ്ബന്ധിത പ്രാഥമികവിദ്യാഭ്യാസത്തിനായി മുറവിളികൂട്ടുന്ന സെൻട്രൽ പ്രാവിൻസുകാർ അവിടത്തെ 40000 കുഷ്ഠന്മാൎക്കുവേണ്ടി യാതൊന്നും പ്രവൎത്തിച്ചിട്ടില്ല.

"വെൽഫെയർ."

---

## ഇൻഡ്യ ഒരു ശ്മശാനമാകുന്നു.

ഇൻഡ്യക്ക് ഒരു ഭരണവ്യവസ്ഥ മാത്രമല്ല ആവശ്യമുള്ളത്. ഉന്നതിയും ക്ഷേമവും അത്യാവശ്യമാണ്. ഇൻഡ്യയുടെ ഭരണം എത്രതന്നെ നന്നായിരുന്നാലും ഇൻഡ്യ ഒരു ദരിദ്രരാജ്യമാണെന്നു സമ്മതിക്കാതെ തരമില്ല. വളരെ നാളത്തേക്ക് ഇൻഡ്യയിൽ ക്ഷേമമോ അഭിവൃദ്ധിയോ ഉണ്ടായിരുന്നില്ല. ഇന്നും ഇല്ല. അനേകം ലക്ഷം ജനങ്ങൾ പട്ടിണിക്കാരാണ്. ജനങ്ങളിൽ പകുതി പേൎക്കും ദിവസത്തിൽ ഒരു നേരമെങ്കിലും വയറു നിറച്ചു ഭക്ഷണം കഴിക്കുവാൻ നിവൃത്തിയില്ല. അതിന് എന്തെങ്കിലും ഒരു നിവാരണം കാണേണ്ടതു് അത്യാവശ്യമാണ്.

ഇൻഡ്യയുടെ ദാരിദ്ര്യം അവിടത്തെ ജനങ്ങളുടെ ആയുസ്സിനെ ബാധിക്കുന്നു. ആളുകൾ അല്പായുസ്സുകളും രോഗികളുമായിത്തീരുന്നു. അവരുടെ ഉന്മേഷവും ശക്തിയും കുറഞ്ഞു നാനാവിധരോഗങ്ങൾക്കു വശംവദരാകുന്നു. ഇന്ന് ഇൻഡ്യയിലെ ജനങ്ങളുടെ ആയുസ്സ് 24.7 ആണ്. താഴെ കാണുന്ന പട്ടിക എല്ലാവരുടേയും ശ്രദ്ധയെ വിഷയീഭവിക്കേണ്ടതാണ്.

| രാജ്യം | | ശരാശരി ആയുസ്സ് |
|---|---|---|
| ഇംഗ്ലണ്ട് | — | 51.5 |
| ഐക്യരാജ്യങ്ങൾ | — | 50.0 |
| ഫ്രാൻസ് | — | 48.5 |
| ജർമ്മനി | — | 47.4 |
| ഇറ്റലി | — | 47.0 |
| ജപ്പാൻ | — | 44.3 |
| ഇൻഡ്യ | — | 24.7 |

ഇതിന്റെ അൎത്ഥം ഇൻഡ്യയിൽ പ്രായമാകുന്നതിനു മുമ്പ് ആളുകൾ വളരെ മരിക്കുന്നു എന്നാണ്. കുട്ടി മരിക്കുന്നു. മാതാവും കുടുംബാംഗങ്ങളും ദുഃഖിക്കുന്നു.

മരണം വളരെ കൂടുതലാണു്. അതു് ആയിരത്തിനു 30 വീതമാണു്.

മററു രാജ്യങ്ങളോടു താരതമ്യപ്പെടുത്തുക.

| രാജ്യങ്ങൾ | | ജനസംഖ്യ | | മരണം |
|---|---|---|---|---|
| ന്യൂസീലാണ്ടു് | — | 1200000 | — | 9.5 |
| ആസ്ത്രേലിയ | — | 5500000 | — | 10.5 |
| ന്യൂഫൌണ്ട്ലാണ്ടു് | — | 250000 | — | 10.6 |
| ഐക്യരാജ്യങ്ങൾ | — | 100000000 | — | 12.9 |
| നാർവെ | — | 2600000 | — | 13.2 |
| സ്വീഡൻ | — | 6000000 | — | 13.8 |
| ഇംഗ്ലണ്ടു് | — | 45400000 | — | 14.6 |
| ബെൽജിയം | — | 7500000 | — | 15.2 |
| ജർമ്മനി | — | 60000000 | — | 16.2 |
| ഇൻഡ്യ | — | 319000000 | — | 30.0 |

"വാളണ്ടിയർ"

---

ഉപദേശം

"ശിശുക്കളുടെ ഉപാധ്യായന്മാരാവാൻ ഒരുകാര്യം അവശ്യം ആവശ്യമാണു്. അതു തന്റെ വിദ്യാഭ്യാസം പൂർത്തിയായി താനൊരു ജ്ഞാനിയായിത്തീർന്നിരിക്കുന്നുവെന്നുള്ളതു വിസ്മരിച്ചു താനും ഒരു ശിശുവെപ്പോലെ അഭ്യസിക്കുകയാകുന്നു. കുട്ടികൾക്കു ഒരു യഥാർത്ഥമാർഗ്ഗദർശിയായി തീരണമെങ്കിൽ നിങ്ങളുടെ പ്രാമാധാന്യത്തെയും ഉൽകൃഷ്ടതയേയും, മററും പററിയുള്ള ബോധമുണ്ടായിരിക്കരുതു്. നിങ്ങൾ ഉത്കൃഷ്ടജ്ഞാനത്തിലേയ്ക്കും ഉൽകർഷത്തിലേയ്ക്കും ഉള്ള പദ്ധതിയിൽ അവരോടൊന്നിച്ചു സഞ്ചരിപ്പാൻ തയ്യാറുള്ള ഒരു ജ്യേഷ്ഠസഹോദരനായിരിക്കണം. മനുഷ്യശിശുക്കളെ വിദ്യാഭ്യാസം ചെയ്യിക്കുന്ന പ്രവൃത്തിയിൽ ഏർപ്പെടുന്നതായെങ്കിൽ നിങ്ങളും എല്ലായ്പോഴും ശിശുക്കളാണെന്നുള്ള ബോധം ഹൃദയത്തിൽ വളർത്തിപ്പോരേണമെന്ന ഒരുപദേശം മാത്രമെ എനിയ്ക്കു നിങ്ങൾക്കു തരുവാനുള്ളൂ."

(ജപ്പാനിലെ ശിക്ഷണക്രമവിദ്യാർത്ഥികളോടു ടാഗോർ പറഞ്ഞതു്)

---

മഹാറാണി റീജന്റ് തിരുമനസ്സിലെ

## തിരുനാൾമംഗളം.

(ആർ. ഈശ്വരപിള്ള ബി. എ.)

സന്താനം മടിയിൽ, സ്വരാജനകൻ തൻപാദപാർശ്വേ ജനം
സന്താനം മുടിയിൽ, പ്രസന്നതമുഖേ, ഹസ്തേ വിഭൂതിപ്രജം
സന്തോഷം ഹൃദയേ, സദാപി ദയതി, സൌജന്യവാരാന്നിധി
സന്താനപ്രതതി, സതാം വിജയതാം ശ്രീവഞ്ചിഭൂമണ്ഡലാമണീ.

## “മണ്ഡനമഞ്ജരി.”

ഗ്രന്ഥകൎത്താ, ഡി. പത്മനാഭനുണ്ണി ബി. ഏ.

ഉള്ളൂർ, അപ്പൻ തമ്പുരാൻ, കുമാരനാശാൻ, ഏ. ആർ. രാജരാജവൎമ്മതമ്പുരാൻ, കുഞ്ചൻനമ്പ്യാർ, കെ. നാരായണകുരുക്കൾ, വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ മുതലായ സാഹിത്യകാരന്മാരുടെ കൃതികളെക്കുറിച്ചു വിമൎശിക്കുന്ന ഒരു ആധുനിക നിരൂപണഗ്രന്ഥം. ഇതിനെക്കുറിച്ചു മഹാമഹിമശ്രീ, അപ്പൻ തമ്പുരാൻ തിരുമനസ്സുകൊണ്ടു് ഇങ്ങനെ പറയുന്നു.

“.........ആദ്യം മുതല്ക്കുതന്നെ ഒന്നു നോക്കുവാൻ തോന്നിപ്പോയി. പിന്നെ അവസാനം കാണുന്നതുവരെ നിറുത്തുവാനൊട്ടു തോന്നിയതുമില്ല. ‘മഞ്ജരി’ മുഴുവനും ഹൃദിസ്ഥമായതിനു ശേഷമേ മനസ്സു സ്വാധീനത്തിൽ വന്നുള്ളു.

“............കവിഹൃദയം വിമൎശകന്റെ മനസ്സിൽ പകൎന്നു്, ബുദ്ധിനികഷത്തിൽ മാറ്റുരച്ചുനോക്കി, കാവ്യകാരന്റെ മുഖവും നടപ്പും നോക്കാതെ സംസ്കൃതമായ സ്വാഭിപ്രായത്തിൽ സ്ഥൈൎയ്യത്തോടുകൂടി കാവ്യത്തിന്റെ വിലമതിക്കുകയാണു വിമൎശനത്തിന്റെ ഉത്തമാദൎശമെങ്കിൽ “മണ്ഡനമഞ്ജരി” അപ്രകാരമുള്ള ഒരു രീതിയെയാണു് അവലംബിച്ചിട്ടുള്ളതു്.”

മലയാളം സ്കൂൾലിവിങ്ങ്, ഇംഗ്ലീഷ് സ്കൂൾലിവിങ്ങ്, ഹയർ, പണ്ഡിതൻ, വിദ്വാൻ, ഇന്റർമീഡിയേറ്റു്, ബി. ഏ. മുതലായ പരീക്ഷകൾക്കു പഠിക്കുന്നവൎക്കും സാഹിത്യരസികന്മാൎക്കും അത്യാവശ്യം. വില 10ണ.

---

## “പ്രതാപസിംഹൻ”.

ഗ്രന്ഥകൎത്താ, ഡി. പത്മനാഭനുണ്ണി ബി. ഏ.

ഇൻഡ്യാചരിത്രസംബന്ധമായ ഒരു നല്ല ആഖ്യായിക. ‘നിന്റെ ശത്രുവിന്റെ തെറ്റു ക്ഷമിക്കുക. ദൈവം നിന്റെ തെറ്റു ക്ഷമിക്കും’ എന്ന തത്വത്തെ അടിസ്ഥാനപ്പെടുത്തി എഴുതിയിട്ടുള്ളതു്. വില. 10ണ.

മേൽകാണിച്ച രണ്ടു പുസ്തകവും ഒന്നായി എടുക്കുന്നവൎക്കു രണ്ടുംകൂടി 1ക. വിലയ്ക്കു കൊടുക്കും.

സി. ജി. ബ്രദേഴ്സ്,

വടക്കേക്കര,

പറവൂർ,

(തിരുവിതാംകൂർ.)